മലങ്കരസഭ

ഫെബ്രുവരി
2001

മാസിക

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

൩൩-ാം ഓർമ്മപ്പെരുന്നാൾ

2-2-2001

സ്ലീബാദാസ സമൂഹാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമനസ്സിലെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ

C.THOMAS & FAMILY

EDMONTON, CANADA

PATRON SAINT

മലങ്കരസഭ

ലക്കം 2
പുസ്തകം 57
ഫെബ്രുവരി 2001

ദേവലോകം, കോട്ടയം–686 038
ഫോൺ: 0481–573234

ഉൾത്തുടിപ്പുകൾ

എഡിറ്റോറിയൽ
4 ഭാരതത്തിലെ ദേശീയ സഭ
ഫാ. ഡോ. ജേക്കബ് കുര്യൻ

5 സുപ്രീം കോടതി വിധി

7 ദേവാലയ നിർമ്മാണം ബി.ജെ.പി. ഇടപെടുന്നു.

ചെറുകഥ
26 ഉത്തരവാദിത്വം
സാജൻ പീറ്റർ തിരുവനന്തപുരം

കവിത
27 വേർപാട്

6 ഭാരതം സാമ്പത്തിക തകർച്ചയിലേക്ക്

8 ...ത്തെ കണ്ണീരിലാഴ്ത്തിയ ഭൂകമ്പം

പഠനവേദി
18 ഈ ഭൂമി ആരുടേതാണ്
പ്രൊഫ. കെ. പി. ജോയി

കൗൺസലറുടെ പംക്തി
14 മകൾ കള്ളം പറയുന്നു ......
ഫാ. ഡോ. ഒ. തോമസ്

ധ്യാനപംക്തി
10 ഞായർദിനചിന്തകൾ
ഫാ. ജോസഫ് സാമുവേൽ കറുകയിൽ

11 ബൈബിൾ പഠനം

ആനുകാലികം
16 ഹന്നാഭവനം അഗതികളുടെ ആശ്രയം
ചന്ദ്രക്കല എസ്. കമ്മത്ത്

12 കുംഭമേള ഹിന്ദു രാഷ്ട്രീയത്തിൽ ഒരു പുത്തൻ ധ്രുവീകരണത്തിന്റെ നാന്ദി

ലേഖനം
20 ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ........
പൊന്നമ്മ ഫിലിഫ്
24 ജീവിത നിഷ്ഠയുടെ വിശുദ്ധിയുമായി.......
കൊച്ചുമറിയാമ്മ ജോൺ

വാർത്തകൾ
9, 13, 15, 29, 30, 31, 32, 33
34 സൺഡേസ്കൂൾ വാർത്ത

പത്രാധിപസമിതി

പ്രസിഡന്റ്
ഫീലിപ്പോസ് മാർ യൗസേബിയോസ്
ഫോൺ: 0473–322243 (Off) 325942 (Res)

വൈസ് പ്രസിഡന്റ്
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488–523001

ചീഫ് എഡിറ്റർ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481–568046

അംഗങ്ങൾ
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. കെ.എം. ജോർജ്ജ്
ഫാ. ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് (സഭാ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

മാനേജർ
ഫാ. റ്റി.ജി. സഖറിയ
ഫോൺ: 0481–578234

മാനേജിംഗ് എഡിറ്റർ
ഫാ. റ്റി.എ. ഇടയാടി
ഫോൺ: 0481–567421

സർക്കുലേഷൻ കൺസൾട്ടന്റ്
ഒ.ജി. തരകൻ

ബിസിനസ്സ് മാനേജർ
ഫാ. ഷൈജു കുര്യൻ

ഡി.റ്റി.പി. : എം.എസ്. ഗ്രാഫിക്സ്, ദേവലോകം.

എഡിറ്റോറിയൽ

ഭാരതത്തിലെ ദേശീയ സഭ

ഫാ. ഡോ. ജേക്കബ് കുര്യൻ

ക്രൈസ്തവധർമ്മം ഭാരതത്തിൽ വിദേശീയമായി തോന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തം ക്രൈസ്തവർക്കു തന്നെയാണ്. പക്ഷേ ദേശീയമെന്ന് അവകാശപ്പെടുന്നവ, സാർവ്വദേശീയ സൗഹാർദ്ദത്തെ അവഗണിച്ചാൽ അതു ദേശീയതയല്ല, ജർമ്മൻ നാസിസം പോലെയുള്ള ഏതോ വൈകൃതം മാത്രമായിരിക്കും. ഈ രണ്ടു വസ്തുതകളിൽ നിന്നും പാഠം പഠിക്കുന്ന ഭാരതത്തിലെ ഒരു ദേശീയ സഭയായി വളരുകയാണ് മലങ്കര ഓർത്തഡോക്സ് സഭക്കുവേണ്ടിയിരിക്കുന്നത്.

ഡോക്ടർ രാധാകൃഷ്ണൻ "പൗരസ്ത്യമതങ്ങളും പാശ്ചാത്യ ചിന്തയും" എന്ന ഗ്രന്ഥത്തിൽ പാശ്ചാത്യ ക്രൈസ്തവ ധർമ്മത്തെക്കുറിച്ചുള്ള വിലയിരുത്തൽ നടത്തിയിട്ട് അവസാനം ഭാരതത്തിലെ മലങ്കരസഭയെക്കുറിച്ച് മതിപ്പുളവാക്കുന്ന ഒരു പ്രസ്ഥാവന നടത്തുന്നു. അതിന്റെ സാരം, മലങ്കരസഭ മതപരിവർത്തന വ്യഗ്രതകാട്ടുന്നില്ല എന്നും ദേശീയവും സാംസ്ക്കാരികവുമായ അടിത്തറയെ ആദരിക്കുന്നുവെന്നുമാണ്.

ഒരു ദേശീയ സഭയെന്ന നിലയിൽ ഈ സഭാജീവിതത്തിൽ പ്രതിഫലിക്കേണ്ട അഞ്ചു കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

1) സ്വതന്ത്രവും, സ്വയശീർഷകവുമായ ഒരു സഭാ സംവിധാനം

വൈദേശികമായ യാതൊരു വിധ ഇടപെടലിനും, മേൽവിചാരകത്വത്തിനും വിധേയമാകാത്ത സ്വതന്ത്ര സഭയാകുമ്പോൾ മാത്രമേ ഒരു ദേശീയ സംസ്ക്കാരത്തിനനുസൃതമായ സഭാ ജീവിത ശൈലിയെക്കുറിച്ച് ചിന്തിക്കാൻ പറ്റൂ.

2) തദ്ദേശീയമായ ആരാധനാ സംവിധാനം

പകർത്തപ്പെട്ടതും, പരിഭാഷപ്പെടുത്തപ്പെട്ടതുമായ ഒരു ആരാധനാ സംവിധാനത്തിന് ആരാധകരിൽ മൗലികമായ ഒരു സംതൃപ്തി വരുത്തുവാൻ കഴിയുന്നതല്ല. ഭാരതത്തിൽ തദ്ദേശീയമാകുക എന്നു പറഞ്ഞാൽ ഹിന്ദു വൽക്കരണം എന്നല്ല അർത്ഥം. ആരാധകർക്ക് അവരുടെ പ്രയോഗഭാഷയിൽ പൂർണ്ണമായ സംവേദനക്ഷമതയോടെയും ആത്മഗന്ധത്തോടെയും, ആധികാരികതയോടെയും പങ്കാളിത്തത്തോടെയും ആരാധിക്കുവാനുതകുന്നതിനെയാണ് തദ്ദേശീയമായ ആരാധനാസംവിധാനമെന്നർത്ഥമാക്കപ്പെടുന്നത്.

3) വൈദിക ഗണങ്ങളുടെ വേഷഭൂഷാദികളിൽ ലാളിത്യമാർന്ന ദേശീയത. ശുശ്രൂഷാസ്ഥാനങ്ങൾക്ക് അതാതിന്റെ വ്യതിരിക്തതയും മാന്യതയും ഉണ്ടാകണം എങ്കിലും, അത് വേഷഭൂഷാദികളിലെ വൈദേശിക ഭാവവും, അതിരുകവിഞ്ഞ ആഡംബര പ്രകടനവും ആയി മാറുന്നത് അപകടകരമാണ്.

4) എപ്പിസ്ക്കോപ്പസിയുടെയും, ജനകീയതയുടെയും കാര്യക്ഷമമായ സമന്വയനം. എപ്പിസ്ക്കോപ്പസിയെന്നു പറഞ്ഞാൽ ഏകാധിപത്യമെന്നോ, ജനകീയതയെന്നു പറഞ്ഞാൽ ചുരുക്കം ചിലരുടെ അധികാരകൈയാളലോ എന്നർത്ഥമില്ല. എപ്പിസ്ക്കോപ്പസിയുടെ ദൈവിക വരപ്രസാദത്തിന് ജനമനഃസ്സാക്ഷിയിൽ സുസമ്മതിയും സുതാര്യതയും ഉറപ്പു വരുത്തുന്ന ഒരു വീക്ഷണ വ്യതിയാനം ആണ് ഈ സമന്വയത്തിന്റെ ആകെത്തുക.

5) പ്രപഞ്ചത്തിന്റെയും, ലോകത്തിന്റെയും, രാഷ്ട്രത്തിന്റെയും, അതതു പ്രദേശത്തിന്റെയും, കാലിക പ്രശ്നങ്ങളോട് ക്രിസ്തുവിന്റെ പ്രതികരണം സഭയിൽകൂടി. ആഭ്യന്തര പ്രശ്നങ്ങളെ പെരുപ്പിച്ചു കാണിക്കുന്ന മാധ്യമ ഉപയോഗം നിർത്തിവച്ച്, സഭയുടെ ദൗത്യമെന്തെന്ന് ചിന്തിച്ച് ലോകത്തിന് ദിശാബോധം നൽകുന്ന പ്രതികരണശേഷി സഭയ്ക്കുണ്ടാകണം. അത് ഒരു കൂട്ടായ പ്രവർത്തനത്തിലൂടയേ സാധിക്കൂ. ഇവിടെയാണ് എക്യുമെനിക്കൽ മേഖലകളിലെ സഹകരണത്തിന്റെ പ്രസക്തി വ്യക്തമാക്കുന്നത്. ഇതര മതങ്ങളും പ്രത്യയ ശാസ്ത്രങ്ങളുമായിട്ടുള്ള സഹകരണത്തിനും ഇവടെ പ്രാധാന്യമുണ്ട്.

മലങ്കര മെത്രാപ്പോലീത്തായ്ക്ക് അസോസിയേഷൻ വിളിച്ചു കൂട്ടാം

മലങ്കര അസോസിയേഷനിലേക്കുള്ള തെരഞ്ഞെടുപ്പു നീട്ടിവെയ്ക്കണമെന്നാവശ്യപ്പെട്ടു പാത്രിയർക്കീസ് വിഭാഗം സമർപ്പിച്ചിരുന്ന ഹർജി സുപ്രീം കോടതി തള്ളി. പരാതിക്കാർ ഹർജി പിൻവലിച്ചതിനെതുടർന്നാണ് ജസ്റ്റിസ് ബി.എൻ. കൃപാൽ, ജസ്റ്റിസ് റൂമാ പാൽ, ജസ്റ്റിസ് ബ്രിജേഷ് കുമാർ എന്നിവരടങ്ങിയ ബഞ്ച് അതു തള്ളിയത്. മലങ്കര മെത്രാപ്പോലീത്ത കൂടിയായ കാതോലിക്കോസ് 1997 ഏപ്രിൽ മലങ്കര അസോസിയേഷനിലേക്കു നടത്തിയ തെരഞ്ഞെടുപ്പു നിയമ വിരുദ്ധവും അനുചിതവും തെറ്റുമാണെന്നു പാത്രിയർക്കീസ് പക്ഷം ഈ ഹർജിയിൽ വാദിച്ചിരുന്നു. കാതോലിക്കോസ് മലങ്കര മെത്രാപ്പോലീത്തയുടെ അധികാരം കൂടി വഹിക്കുന്നതിനെയും ഹർജിയിൽ എതിർത്തിരുന്നു. ഈ ഹർജി തള്ളിയതോടെ മലങ്കരസഭയിൽ 1974 മുതൽ ആരംഭിച്ച കേസുകളിൽ സുപ്രീം കോടതിയുടെ അവസാന തീർപ്പുമായി.

വ്യാഴാവ്ചത്തെ ഉത്തരവോടെ ഇനി മലങ്കര മെത്രാപ്പോലീത്താ കൂടിയായ കാതോലിക്കാ ബാവായ്ക്കു മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടാനുള്ള എല്ലാ തടസ്സവും നീങ്ങി. കാതോലിക്കോസിനെ മലങ്കര മെത്രാപ്പോലീത്ത കൂടിയായി തെരഞ്ഞെടുത്തതിനെ സുപ്രീം കോടതി ശരി വച്ചിരിക്കുകയാണ്. സുപ്രീം കോടതിയുടെ നിർദേശപ്രകാരം 97 എപ്രിലിൽ മലങ്കര അസോസിയേഷനിലേക്കു മലങ്കര മെത്രാപ്പോലീത്തയായ കാതോലിക്കോസ് നടത്തിയ തെരഞ്ഞെടുപ്പു ചോദ്യം ചെയ്യപ്പെടാവുന്നതല്ല എന്നുമായി.

മലങ്കരസഭയുടെ 1934 ഭരണഘടനയ്ക്കു വിരുദ്ധമായി അന്ത്യോഖ്യയിലെ പാത്രിയർക്കീസ് മെത്രാപ്പോലീത്തമാരെ വാഴിച്ചതിനെതിരേ മലങ്കരസഭയുടെ പ്രഥമൻ മലങ്കര മെത്രാപ്പോലീത്ത കൂടിയായ കാതോലിക്കോസ് നൽകിയ ഹർജിയാണു സുപ്രീം കോടതി വരെയെത്തിയത്. മലങ്കരസഭയുടെ എല്ലാ അംഗങ്ങൾക്കും ഇടവകകൾക്കും രൂപതകൾക്കും സ്ഥാപനങ്ങൾക്കും 1934 സഭാ ഭരണഘടന ബാധകവും പ്രാവർത്തികവുമാണെന്നു പ്രഖ്യാപിക്കാനും 1912 ൽ പുനഃസ്ഥാപിക്കപ്പെട്ട കിഴക്കിന്റെ കാതോലിക്കേറ്റിന്റെ സാധുത പ്രസ്ഥാപിക്കാനും വേണ്ടിയായിരുന്നു ഈ ഹർജി നൽകിയത്.

സുപ്രീം കോടതി 1995 ജൂൺ ആറിന്റെ വിധിയിൽ ഈ രണ്ടു വാദഗതികളും ശരിവച്ചു. മലങ്കരസഭയിൽ ഏതെങ്കിലും പദവി വഹിക്കുന്ന വ്യക്തി സഭാഭരണഘടനയോടു ബാദ്ധ്യസ്ഥനായിരിക്കണമെന്നും കൂറു പ്രതിജ്ഞ ചെയ്യണമെന്നും സുപ്രീം കോടതി വിധിയിൽ എടുത്തു പറഞ്ഞിരിക്കുന്നു.

എന്നാൽ, മലങ്കര അസോസിയേഷനിലും രൂപതാ അസംബ്ലികളിലും ഇടവകപ്പള്ളികളിൽ നിന്നുള്ള പ്രാതിനിധ്യം സംബന്ധിച്ചു സുപ്രീം കോടതി ചില ഭേദഗതികൾ കൊണ്ടുവന്നിരുന്നു. ഈ ഭേദഗതികൾ നിർദേശിച്ചുകൊണ്ട് '97 ഫെബ്രുവരി അഞ്ചിന് സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ ഈ ഭേദഗതികൾക്ക് അനുസൃതമായി '97 ഏപ്രിൽ 30 നകം മലങ്കര അസോസിയേഷനിലേക്കും രൂപതാ അസംബ്ലികളിലേക്കും തെരഞ്ഞെടുപ്പു നടത്തണമെന്നു നിഷ്കർഷിച്ചിരുന്നു.

മലങ്കര മെത്രാപ്പോലീത്ത കൂടിയായ കാതോലിക്കോസ് മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ സുപ്രീം കോടതിയുടെ ഈ ഉത്തരവ് അനുസരിച്ച് '97 ഏപ്രിൽ 30 -നകം മലങ്കര അസോസിയേഷനിലേക്കും രൂപതാ അസംബ്ലികളിലേക്കും തെരഞ്ഞെടുപ്പും നടത്തണമെന്നു നിഷ്കർഷിച്ചിരിക്കുന്നു.

മലങ്കര മെത്രാപ്പോലീത്ത കൂടിയായ കാതോലിക്കോസ് മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ സുപ്രീം കോടതിയുടെ ഈ ഉത്തരവ് അനുസരിച്ച് '97 ഏപ്രിൽ 30 നു മുൻപു തന്നെ തരഞ്ഞെടുപ്പു നടത്തി.

എന്നാൽ, ഏപ്രിൽ 24 നു കേസിലെ രണ്ട് അപ്പീൽ വാദികളും പാത്രിയർക്കീസ് പക്ഷക്കാരുമായ തോമസ് മാർ ദീവന്നാസിയോസും, കാലം ചെയ്ത ഗീവർഗീസ് മാർ ഗ്രിഗോറിയോസും മലങ്കര അസോസിയേഷനിലേക്കുള്ള തിരഞ്ഞെടുപ്പു നീട്ടിവെയ്ക്കണമെന്ന് അപേക്ഷിച്ചു സുപ്രീം കോടതിയിൽ ഹർജി നൽകി. മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ, കാതോലിക്കോസ് മാത്രമാണെന്നും മലങ്കര മെത്രാപ്പോലീത്തയല്ലെന്നും അതിനാൽ തെരഞ്ഞെടുപ്പു നടത്താൻ അധികാരമില്ലെന്നുമായിരുന്നു ഹർജിയിൽ വാദിച്ചിരുന്നത്.

അതിനാൽ '97 ഏപിൽ 30 നു മുൻപു നടത്തിയ തെരഞ്ഞെടുപ്പ് നിയമവിരുദ്ധവും അനുചിതവും തെറ്റുമാണ് എന്നായിരുന്നു വാദം. ഈ ഹർജിയാണു വ്യാഴാഴ്ച സുപ്രീം കോടതിയുടെ മുൻപാകെ വന്നത്.

സുപ്രീം കോടതിയിൽ പാത്രിയർക്കീസ് വിഭാഗത്തിനു വേണ്ടി സ്.എസ്. വൈദ്യനാഥൻ, പി.ജെ. ഫിലിപ്പ്, പി.കെ മനോഹർ എന്നിവരും കാതോലിക്കാ പക്ഷത്തിനുവേണ്ടി റോഹിൻടൻ നരിമാൻ, സദറുൾ അനം, കെ. ജോർജ്ജ്, സി.ടി.ജോസഫ് എന്നിവരും ഹാജരായി.

ഭാരതം സാമ്പത്തിക തകർച്ചയിലേക്ക്

ഇന്ത്യയുടെ ഉത്പാദന മേഖലയാകെ താറുമാറായതായിട്ടാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. വിശേഷിച്ചും കാർഷിക മേഖല എറെക്കുറെ തകർന്നു കഴിഞ്ഞു. ഉത്പാദനത്തെ നിയന്ത്രിക്കുന്ന ആഗോള ഘടകങ്ങൾ കേന്ദ്ര സർക്കാറിന്റെ ആസൂത്രണത്തെ തകിടം മറിച്ച ദുരന്തമാണ് 1999-2000 സാമ്പത്തിക വർഷത്തെ ഉത്പാദന വർദ്ധന ചൂണ്ടികാട്ടുന്നത്. വ്യാവസായിക മേഖലയിൽ മുൻവർഷത്തെക്കാൾ പിന്നോട്ടടിക്കുകയാണ് ഉണ്ടായത്. എന്നാൽ കാർഷിക മേഖലയിലാവട്ടെ ധാന്യ ഉത്പാദനത്തിൽ എല്ലാ കണക്കു കൂട്ടലുകളെയും തകിടം മറിക്കുന്ന തരത്തിൽ ഉത്പാദന വർദ്ധനവും ഉണ്ടായി. 1999-2000 കാലത്ത് ഭക്ഷ്യധാന്യ ഉത്പാദനം 20. 88 കോടി ടൺ ആയി വർദ്ധിച്ചു. ഇത് കാർഷിക മന്ത്രാലയത്തിന്റെ അനുമാനത്തേക്കാൾ ഒരു കോടി ടൺ കൂടുതലായിരുന്നു. 1998-99 ലെ ഉത്പാദനത്തെക്കാൾ 3.46 ദശലക്ഷം ടൺ ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്.

എന്നാൽ മറ്റ് കാർഷിക മേഖലകളിൽ ഉത്പാദന മുരടിപ്പ് തന്നെയാണ് പ്രകടമായി കാണുന്നത്. എണ്ണക്കുരുക്കളുടെ ഉത്പാദനം 21.18 ദശലക്ഷം ടൺ പ്രതീക്ഷിച്ചിരുന്നുവെങ്കിലും 20.87 ദശലക്ഷം ടണ്ണിൽ ഒതുങ്ങി. 1998-99 കാലത്ത് ഇത് 24.73 ദശലക്ഷം ടണ്ണായിരുന്നു.

നിലക്കടലയുടെ ഉത്പാദനം 5.31 ദശലക്ഷം ടൺമാത്രമാണ് ഉണ്ടായത്. ഇത് മുൻവർഷത്തെക്കാൾ 3.67 ദശലക്ഷം ടൺ കുറവാണ്. പയർ, പച്ചക്കറി, മേഖലകളിലും ഉത്പാദനം വളരെ പിന്നിലാണ്. കാർഷിക ആസൂത്രണത്തിൽ വന്നിട്ടുള്ള പാളിച്ചകൾ അക്ഷരാർത്ഥത്തിൽ സമ്പത്ത് മേഖലയെ തകർത്തിരിക്കുകയാണ്. സാമ്പത്തിക ശാസ്ത്രജ്ഞനായ സുരീന്ദർ സൂദിന്റെ നിരീക്ഷണത്തിൽ വില വ്യത്യാസം മൂലം ഉണ്ടായ അസന്തുലിതമായ ഉത്പാദന രീതിയാണ് ഇതിനു കാരണം. അരിക്കും ഗോതമ്പിനും അന്താരാഷ്ട്ര വിപണിയേക്കാൾ ഉയർന്ന നിരക്ക് ഉറപ്പാക്കിയപ്പോൾ കർഷകർ സ്വാഭാവികമായി അങ്ങോട്ടുതിരിഞ്ഞു. അരിയും ഗോതമ്പും നാണ്യവിളകളായി. മറ്റ് ഇനങ്ങൾക്ക് ഫലപ്രദമായ വിപണരീതി സർക്കാരിന് ഉറപ്പാക്കാൻ കഴിഞ്ഞില്ല.

ചുരുക്കത്തിൽ ആസൂത്രിതമായ ഒരു കാർഷിക നയം ഇല്ലാതെ വന്നത് സാമ്പത്തിക തകർച്ചയ്ക്ക് കാരണമായിരിക്കുകയാണ്. ഈ സ്ഥിതി ഇനിയും തുടരാനാണ് സാദ്ധ്യത. ഉത്പാദനമേഖലയിൽ 1998.99-ൽ 4.1% വളർച്ചയുണ്ടായിരുന്നത്. 1999-200 ൽ 9.2% വർദ്ധിച്ചുവെങ്കിലും 2000-01 (Apr-oct) ഇത് 5.8% താഴാനാണ് സാദ്ധ്യത. ഇതരമേഖലകളാണ് ഇത്തരത്തിലൊരു തിരിച്ചടിയുടെ വക്കിലാണ്.

ഇത്തരം ഒരു സ്ഥിതി വിശേഷം രാജ്യത്താകമാനം കർഷക പ്രക്ഷോഭങ്ങൾക്ക് കാരണമാകുമെന്ന് മുൻപ്രധാന മന്ത്രി വി.പി.സിംഗ് പറയുന്നു.

വിവിധ സംസ്ഥാനങ്ങളിലെ കാർഷികോല്പന്നങ്ങളും പ്രശ്നങ്ങളും വ്യത്യസ്തമാണ്. കക്ഷിരാഷ്ട്രീയത്തിനും തിരഞ്ഞെടുപ്പിനും അതീവമാണ് ഈ പ്രശ്നങ്ങൾ. നിലനില്പിന്റെ സമരമാണിത്. കാർഷിക സാമ്പത്തിക പ്രതിനിധിയിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടാനാണ് ഇപ്പോൾ “അയോദ്ധ്യ” പ്രശ്നം വീണ്ടും അവതരിപ്പിക്കുന്നത്. കാർഷിക പ്രശ്നങ്ങളിൽ നിന്നും പട്ടിണി, തൊഴിലില്ലായ്മ, വരൾച്ച തുടങ്ങിയവയിൽ നിന്നും ജനശ്രദ്ധ തിരിച്ചു വിടാനുള്ള ശ്രമമാണിത്. എന്നാൽ വിശപ്പിന് ജാതിയും മതവുമില്ലെന്ന് മനസ്സിലാക്കണം.

ലക്ഷക്കണക്കിന് ടൺ ധാന്യങ്ങൾ കെട്ടിക്കിടന്ന് നശിക്കുകയാണ് കുട്ടികൾ വിശന്ന് വാവിട്ട് കരയുമ്പോൾ ഭക്ഷണം കൊണ്ട് നിറഞ്ഞു കവിഞ്ഞ അടുക്കള അമ്മ അവർക്ക് കാട്ടികൊടുക്കുന്നതു പോലെയാണ് സ്ഥിതി. അധികോല്പാദനത്തിന്റെ പ്രതീകമല്ല, കെടുകാര്യസ്ഥതയുടെയും ദാരിദ്രത്തിന്റെയും സ്മാരകമാണ് നിറഞ്ഞു കവിയുന്ന ഗോഡൗണുകൾ.”

ദേവാലയ നിർമ്മാണം ബി.ജെ.പി. ഇടപെടുന്നു

ബി.ജെ.പി. യുടെ ഉത്തർ പ്രദേശ് ഘടകം ദേവാലയ നിർമ്മാണം സംബന്ധിച്ച് ഒരു പുതിയ ബില്ലുമായി രംഗത്തെത്തിയിരിക്കുന്നു. രാജ്യത്തിന്റെ ഏതുഭാഗത്ത് ദേവാലയം നിർമ്മിക്കുന്നതിനും സംസ്ഥാന ഭരണകൂടത്തിന്റ അനുമതി നിർബന്ധമാക്കുന്ന ബില്ല് പാർട്ടിയുടെ ഉത്തർപ്രദേശ് സംസ്ഥാന സമ്മേളനത്തിലാണ് അവതരിപ്പിക്കപ്പെട്ടത്. എന്നിരിക്കിലും രാജ്യവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതാണ് ഈ ബില്ലെന്ന് രാഷ്ട്രീയ നിരീക്ഷകർ അഭിപ്രായപ്പെടുന്നു.

മതപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ഒരു പൊതുകെട്ടിടം പണിയുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതി തേടിയിരിക്കണം എന്ന് അനുശാസിക്കുന്ന ബില്ല് കഴിഞ്ഞ വർഷം ഉത്തർപ്രദേശ് സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിരുന്നു. ഈ ബില്ലിനുമേൽ നിയമ പ്രാബല്യം തേടുന്നതിനായി പ്രസിഡന്റിന് സമർപ്പിക്കുവാൻ ബി.ജെ.പി. സംസ്ഥാന കാര്യനിർവ്വഹക സമിതി ശുപാർശ ചെയ്തു. ഈ ബില്ലിന് സമാനമായ ബില്ലുകൾ പശ്ചിമ ബംഗാൾ, മദ്ധ്യപ്രദേശ്, രാജസ്ഥാൻ ഗവൺമെന്റുകൾ പാസാക്കുകയുണ്ടായി. തത്വത്തിൽ ബി.ജെ.പി. അധികാരത്തിലിരിക്കുന്ന സംസ്ഥാനങ്ങളിൽ ഈ ബിൽനടപ്പിലാക്കുന്നതോടെ ക്രൈസ്തവ ഇസ്ലാമിക ഇതര മതന്യൂനപക്ഷങ്ങളുടെ ആരാധനാ സ്വാതന്ത്ര്യം ധ്വംസിക്കപ്പെടുമെന്നത് തർക്കമറ്റ വസ്തുതയാണെന്ന് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നു. ബി.ജെ.പി. നേതാക്കളിൽ നിന്നു തന്നെ ഇതിനു പിന്തുണയേകുന്ന പ്രസ്താവനകൾ തുടർച്ചയായി പുറത്തുവന്നുകൊണ്ടിരിക്കുന്നു.

ഉത്തർപ്രദേശ് ബി.ജെ.പി. പ്രസിഡന്റ് കമൽരാജ് മിശ്ര മതപാഠശാലകളും, മോസ്ക്കുകളും രാജ്യദ്രോഹ പ്രവർത്തനങ്ങളെ സഹായിക്കുന്ന സ്ഥാപനങ്ങളാണെന്ന് ആരോപിച്ചത് ഇതിന് വലിയൊരു തെളിവാണ്. രാജസ്ഥാനിലെ മുതിർന്ന നേതാവ് ബൈറൻസിംഗ് ഷെഖാവത്ത് സംസ്ഥാനത്ത് 12000 ഐ.എസ്.ഐ. ഏജന്റുമാർ ഉണ്ടെന്നാണ് ആരോപിക്കുന്നത്. വിവിധ മേഖലകളിൽ ഇത്തരത്തിൽ തീവ്രവാദികൾ എന്ന് മുദ്രയടിച്ച് ആയിരക്കണക്കിന് നിരപരാധികൾ വധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതേ പശ്ചാത്തലത്തിൽ അയോദ്ധ്യയിൽ രാമക്ഷേത്രം പണിയണമെന്ന ആർ.എസ്.എസ്. നിലപാട് ശക്തിപെട്ടു വരുന്നു എന്നതും ശ്രദ്ധേയമാണ്. 2001 ഏപ്രിലിനും 2002 ഏപ്രിലിനും മദ്ധ്യേ രാമക്ഷേത്രം പണി പൂർത്തിയാക്കുവാനാണ് വി.എച്ച്.പി., ആർ.എസ്.എസ്. കൂട്ടുകെട്ട് ആലോചിക്കുന്നത്. എന്നാൽ ക്ഷേത്ര നിർമ്മാണം ഒരു തിരഞ്ഞെടുപ്പ് അജണ്ടയായിരിക്കില്ല എന്ന് ബി.ജെ.പി. പ്രഖ്യാപിക്കുകയുണ്ടായി. ഇതിനർത്ഥം ക്ഷേത്ര നിർമ്മാണത്തിൽ നിന്നും ബി.ജെ.പി. പിന്നോട്ട് പോകുന്നു എന്നല്ല.

ദേവാലയ നിർമ്മാണ ബിൽ നടപ്പിൽ വരുന്നതോടെ വടക്കേഇന്ത്യയുടെ വിവിധ മേഖലകളിൽ നടന്നുകൊണ്ടിരിക്കുന്ന മിഷ്ണറി പ്രവർത്തനങ്ങൾക്ക് കനത്ത തിരിച്ചടി നേരിടേണ്ടി വരും. പുതിയ ദേവാലയങ്ങളുടെ നിർമ്മാണവും ഇതോടെ അവതാളത്തിലാവും. ചുരുക്കത്തിൽ വിവിധ സംസ്ഥാനങ്ങൾ അംഗീകരിച്ചിരിക്കുന്ന ദേവാലയ നിർമ്മാണ ബിൽ മതസ്വാതന്ത്ര്യത്തിനെതിരെയുള്ള സംഘടിതമായ ഒരു കടന്നുകയറ്റമാണ്.

കാതോലിക്കാ സിംഹാസനത്തിന് കൂറ് പ്രഖ്യാപിച്ച് വാഹന ഘോഷയാത്ര

പത്തനംതിട്ട: ഇന്ത്യയിലെ അത്യുന്നത നീതി പീഠത്തിൽ നിന്നും ജനുവരി 18-ാം തീയതിയുണ്ടായ അന്തിമ വിധിയുടെ സർവ്വാനുകൂല്യങ്ങളും ഓർത്തഡോക്സ് പക്ഷത്തിനായിരിക്കെ ഇനിയും അസോസ്സിയേഷൻ വിളിച്ചു കൂട്ടാൻ താമസിക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് അനേക വാഹനങ്ങളിൽ ഘോഷയാത്രയായി, വൈദികരും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും, അൽമായ പ്രമുഖരും പത്തനംതിട്ട നിന്നും ദേവലോകം അരമനയിലേക്ക് എത്തിചേർന്നു. എം. ടി. ജോസഫ് കോർഎപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ എത്തിയ സംഘം ബാവാതിരുമേനിയോടും മാർത്തോമാ സിംഹാസനത്തോടുമുള്ള കൂറ് ആവർത്തിച്ച് പ്രഖ്യാപിച്ചു.

ഭാരതത്തെ കണ്ണീരിലാഴ്ത്തിയ ഭൂകമ്പം

റിപ്പബ്ലിക്ക് ദിനത്തിൽ ഗുജറാത്തിനെ പിടിച്ചു കുലുക്കിയ അതിശക്തമായ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം അമ്പതിനായിരത്തിൽ മേൽ കവിഞ്ഞു എന്ന് റിപ്പോർട്ടുകൾ നമുക്കു ലഭിച്ചു കഴിഞ്ഞു. അമ്പതിനായിരത്തിലധികം പേർക്ക് പരിക്കേറ്റു. അമ്പതുവർഷത്തിനിടയിൽ ആദ്യമായിട്ടാണ് ഇത്രയും ശക്തമായ ഭൂകമ്പം ഉണ്ടാകുന്നത്.

26-ാം തീയതി രാവിലെ 8.50 ഓടെയാണ് രാജ്യത്തിന്റെ വടക്കുപടിഞ്ഞാറൻ മേഖലയിൽ ഭൂചലനം നാശം വിതച്ചത്. ഭൂചലനത്തിന്റെ തോത് റിക്ടർ സ്ക്കേലിൽ 7.9 രേഖപ്പെടുത്തിയതായി അന്താരാഷ്ട്ര നിരീക്ഷണകേന്ദ്രങ്ങൾ പറയുന്നു. ഗുജറാത്തിൽ കച്ച് ജില്ലയിലെ ഭുജിൽ നിന്നും 20 കിലോമീറ്റർ അകലെയാണ് ഭൂകമ്പത്തിന്റെ പ്രഭവ കേന്ദ്രം. കച്ച്, സൗരാഷ്ട്രാമേഖലയിലെ കച്ച്, അഹമ്മദാബാദ്, രാജ്ക്കോട്ട് എന്നിവടങ്ങളിലാണ് ഏറ്റവും അധികം നാശനഷ്ടങ്ങൾ ഉണ്ടായത്.

ഗുജറാത്തിനു പുറമെ മഹാരാഷ്ട്ര, രാജസ്ഥാൻ, ദില്ലി, എന്നീ സംസ്ഥാനങ്ങളിലും പാക്കിസ്ഥാന്റെ ഏതാനും ഭാഗങ്ങളിലും ശക്തമായ ഭൂചലനം അനുഭവപ്പെട്ടു. മഹാരാഷ്ട്രയിലെ നിരവധി കെട്ടിടങ്ങളിൽ വിള്ളൽ വീണു. തമിഴ്നാട്, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിൽ നേരിയ ഭൂചലനം അനുഭവപ്പെട്ടു.

നാശാവശിഷ്ടങ്ങൾക്കിടയിൽ നിന്ന് മൃതദേഹങ്ങൾ വീണ്ടെടുക്കാനും പരിക്കേറ്റവരെ ശുശ്രൂഷിക്കാനുമായി അയ്യായിരത്തിലധികം സൈനികരും ആരോഗ്യപ്രവർത്തകരും രംഗത്തുണ്ടായിരുന്നു. എസ്കവേറ്ററുകളും, ട്രയിനുകളും ഉപയോഗിച്ച് രക്ഷാപ്രവർത്തനം നടത്തി. ഗതാഗത ബന്ധം അറ്റുപോയ പ്രദേശങ്ങളിൽ വ്യോമസേനാ വിമാനങ്ങൾ ഉപയോഗിച്ചാണ് ദുരിതാശ്വാസപ്രവർത്തനം നടത്തിയത്.

ഗുജറാത്തിലെ ഭാവനഗറിൽ കഴിഞ്ഞ രണ്ടു മാസങ്ങളിലായി നിരവധി തവണ ഭൂചലനം അനുഭവപ്പെട്ടത് വരാനിരുന്ന വൻ ഭൂചലനത്തിന്റെ സൂചനയായിരുന്നു. അത് ശാസ്ത്രജ്ഞരുടെ ശ്രദ്ധയിൽ പെട്ടില്ലേ? ഭൂമിയുടെ മുന്നറിയിപ്പിനു മുന്നിൽ ശാസ്ത്രം കണ്ണടച്ചതിന്റെ ദുരന്തമാണ് കച്ചിലെ ഭൂകമ്പമെന്ന് ഒരുവിഭാഗം ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

1819 ജൂൺ 16-ന് ശക്തമായ ഭൂകമ്പത്തിൽ തകർന്ന് തരിപ്പണമായ സ്ഥലമാണ് കച്ച്. 1540 പേർ അന്ന് മരിച്ചു. റിക്ടർ സ്കെയിലിൽ 8 ആയിരുന്നു തീവ്രത. ഈ മേഖല ഭൂകമ്പമേഖലയാണെന്നു മറന്ന് ബഹുനില കെട്ടിടങ്ങൾ പണിതത് സർക്കാരിന്റെയും ജനത്തിന്റെയും ഉദാസീനതയാണ്.

ലോകത്തിലെ ഭൂകമ്പമേഖല

ലോകത്ത് ശക്തമായ ഭൂകമ്പമുണ്ടാകുന്ന മൂന്ന് മേഖലകളാണുള്ളത്. ശാന്തസമുദ്രത്തിന്റെ ചുറ്റുമുള്ള പ്രദേശങ്ങളടങ്ങിയ പസഫിക് മേഖല, ആൽപ്പെൻ ഹിമാലയൻ മേഖല, മിഡ് ഓഷ്യാനിക് റിഡ്ജ് മേഖല. ലോകത്ത് ഭൂകമ്പം മൂലം ഉണ്ടാകുന്ന ഊർജ്ജത്തിന്റെ എൺപതു ശതമാനവും പുറത്തുവിടുന്നത് പസഫിക് മേഖലയാണ്. മെക്സിക്കോ, ചിലി, മദ്ധ്യ അമേരിക്ക, കാലിഫോർണിയ, ജപ്പാൻ, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ, ന്യൂസിലാന്റ് എന്നിവ ഈ മേഖലയിലാണ്. വടക്കേ ആഫ്രിക്ക, സ്പെയിൻ, ഇറ്റലി, യുഗോസ്ലാവിയ, ഗ്രീസ്, തുർക്കി, ഇറാൻ, ബർമ, ഇൻഡ്യയുടെ ഹിമാലയൻ പ്രദേശം എന്നിവ അൽപൈൻ ഹിമാലയം മേഖലയിൽ പെടും.

ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുക പ. കാതോലിക്കാ ബാവാ

കോട്ടയം: ഗുജറാത്തിൽ അനേകായിരങ്ങളുടെ മരണത്തിനിടയാക്കിയ ഭൂചലനത്തിൽ പ. കാതോലിക്കാ ബാവാ അതിയായ ദുഃഖം രേഖപ്പെടുത്തി. ദുരന്തത്തിൽ പെട്ട സഹോദരങ്ങൾക്ക് എല്ലാ സഹായങ്ങലും നൽകി അവരോടുള്ള ഐക്യദാർഡ്യം പ്രകടിപ്പിക്കണമെന്ന് പ. ബാവാ അറിയിച്ചു.

വിശ്വാസികൾ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനകൾ എത്രയും വേഗം സഭയുടെ കേന്ദ്ര ഓഫീസിൽ എത്തിച്ചുകൊടുക്കണമെന്ന് പ. ബാവാ കല്പന മുഖാന്തിരം അറിയിച്ചു.

ഓർത്തഡോക്സ് സഭ ഗുജറാത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടങ്ങി

മലങ്കര ഓർത്തഡോക്സ് സഭ ഗുജറാത്തിലുണ്ടായ ഭൂകമ്പത്തിൽ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആരംഭിച്ചു. കാതോലിക്കാബാവാ നിയോഗിച്ചതനുസരിച്ച് സുന്നഹദോസ് സെക്രട്ടറി തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഗുജറാത്തിലെത്തി. ബോംബെ മെത്രാസനത്തിലെ ഗീവറുഗീസ് മാർ കൂറിലോസ് എപ്പിസ്ക്കോപ്പായുമായി ചേർന്ന് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു.

അഹമ്മദാബാദ്, ബറോഡ, ഗാന്ധിധാം, സൂററ്റ്, തുടങ്ങിയ സ്ഥലങ്ങളിലുള്ള ഓർത്തഡോക്സ് ഇടവകകളും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. ബോംബെ, സിറ്റിയിലുള്ള ഇടവകകൾ ഏകോപിപ്പിച്ച് ദുരിതാശ്വാസ ഫണ്ട് ശേഖരിച്ചുവരുന്നു.

ശുദ്ധീകരണത്തിലൂടെ അത്ഭുതം

പ. കാതോലിക്കാബാവ

കൊട്ടരക്കര: നമ്മെ തന്നെ ശുദ്ധീകരിച്ചാൽ ദൈവം അത്ഭുതം പ്രവർത്തിക്കും. അതിനായി സഭ മുഴുവനും തയ്യാറാകണം. ശുദ്ധീകരണത്തിലൂടെ ദൈവത്തെ ദർശിക്കുവാൻ കഴിയൂ. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനം കൊട്ടാരക്കര മൈലം സെന്റ് ഗ്രീഗോറിയോസ് പബ്ലിക്ക് സ്ക്കൂളിൽ വച്ച് ഉദ്ഘാടനം ചെയ്തു കൊണ്ടു സംസാരിക്കുകയായിരുന്നു പ. കാതോലിക്കാ ബാവ. നിങ്ങളെ തന്നെ ശുദ്ധീകരിക്കുക യോശുവ. 3:5 എന്നതായിരുന്നു പ്രധാന ചിന്താവിഷയം.

ഡിസംബർ 26 മുതൽ 30 വരെയായിരുന്നു കോൺഫറൻസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ് (പ്രസിഡന്റ് എം. ജി. ഒ. സി. എസ്. എം.) ഗീവർഗീസ് മാർ കൂറിലോസ്, മാർ പക്കോമിയോസ് ഫാ. ടി. ജെ. ജോഷ്വാ, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. ബേബി വർഗീസ്, തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 200 ലധികം വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു.

കാലത്തിന്റെ വെല്ലുവിളികൾ സ്ത്രീകൾ ഏറ്റെടുക്കണം

- മാർ കൂറിലോസ്

മുംബൈ "ധൃതിയിൽ നീങ്ങിക്കൊണ്ടിരിക്കുന്ന കാലത്തിന്റെ വെല്ലുവിളികൾ സ്ത്രീകൾ ഏറ്റെടുക്കണം, പുതിയ ആത്മിയ ശൈലികൾ പല അബദ്ധങ്ങളിലേക്കും വഴിതുറക്കുമ്പോൾ അതിന്റെ അർത്ഥത്തെ മനസ്സിലാക്കി പ്രതികരിക്കുവാനും സ്ത്രീകൾക്കു കഴിയണം, മുംബൈ ഭദ്രാസന സ്ത്രീസമാജത്തിന്റെ വാർഷിക ക്യാമ്പ് ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു അഭി. ഗീവർഗീസ് മാർ കൂറിലോസ്.

വാഷി അരമന ചാപ്പലിൽ കൂടിയ സമ്മേളനത്തിൽ യുഹാനോൻ റമ്പാൻ മുഖ്യ പ്രഭാഷണം നടത്തി. ഡോ. സൂസി മാത്യു സ്വാഗതവും, അമ്മിണി വർഗീസ് കൃതജ്ഞതയും പ്രകാശിപ്പിച്ചു.

ഞായർ ദിന ചിന്തകൾ

ഫാ. ജോസഫ് സാമുവേൽ കറുകയിൽ

ഫെബ്രുവരി 11
വാങ്ങിപ്പോയ വൈദികരുടെ ഞായർ
വി. മത്തായി 24:42-51

വലിയനോമ്പിലേയ്ക്കു സഭ മുഴുവൻ പ്രവേശിക്കുവാൻ പോവുകയാണ്. അതിനാൽ വലിയനോമ്പിനു മുൻപുള്ള രണ്ടാഴ്ചകളിൽ വാങ്ങിപ്പോയ രണ്ടു സമൂഹത്തെ ഓർക്കുന്ന ആഴ്ചകളാണ്. വാങ്ങിപ്പോയ വൈദീകരെ ഇന്ന് ഓർക്കുന്നു. അടുത്ത ആഴ്ചയിൽ വാങ്ങിപ്പോയ വിശ്വാസികളെ ഓർക്കുന്നു. നോമ്പിലേക്കു കടക്കുന്നത് സഭ മുഴുവൻ ആകയാൽ സഭ ജീവനോടിരിക്കുന്ന കുറെ ആളുകളുടെ ഒരു സംഘടനയോ, സൊസൈറ്റിയോ, സഹകരണ സംഘമോ അല്ല. സഭയെ പണിതിരിക്കുന്നത് തന്നെ ക്രിസ്തു മൂലക്കല്ലും അപ്പോസ്തോലന്മാർ അടിസ്ഥാനശിലകളും ആയിട്ടാണ്. ഈ അപ്പോസ്താലന്മാർ എല്ലാവരും വാങ്ങിപ്പോയവരാണ്. അതിനാൽ സഭയുടെ അടിസ്ഥാനം തന്നെ വാങ്ങിപ്പോയവരാണ്. അതിനാൽ നമ്മെ വിശ്വാസത്തിൽ നടത്തിയ. യഥാസമയം ആത്മീയാഹാരം നൽകിയ വാങ്ങിപ്പോയ വൈദികരെ ഓർത്തു പ്രാർത്ഥിക്കുന്ന ദിവസമാണിന്ന്. എബ്രായർ 13:7 ശ്രദ്ധിക്കുക "നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ." ഇന്നത്തെ വായനാ ഭാഗത്ത് കാണുന്ന ചില ചിന്തകൾ നോക്കാം.

1. വീട്ടുകാർക്ക് തത്സമയം ഭക്ഷണം കൊടുക്കാൻ ആക്കിവെച്ച ആൾ.

ആരാണ് പുരോഹിതൻ? വീട്ടുകാർക്ക് തത്സമയം ഭക്ഷണം കൊടുക്കാൻ ആക്കിവെച്ച ആളാണ് പുരോഹിതൻ. വീട്ടുകാരുടെ ആവശ്യം അറിഞ്ഞ്. ജനത്തിന്റെ ആവശ്യം അറിഞ്ഞ് ആവശ്യസമയം ഭക്ഷണം നൽകാൻ പുരോഹിതന് കടമയുണ്ട്. ആത്മീയാഹാരം ജനത്തിന് കാലാകാലങ്ങളിൽ നൽകുവാൻ പുരോഹിതന്മാരെ ദൈവം ആക്കിവെച്ചു. കലർപ്പുകൂടാതെ ആഹാരം ജനത്തിന് നൽകണം. മായമില്ലാത്തപാൽ നൽകണം. അപ്രകാരം നൽകിയ ആചാര്യന്മാരെ ഓർക്കുവാനുള്ള കടപ്പാട് ഒരിക്കൽകൂടി നമ്മെ ഇന്ന് ഓർപ്പിക്കുന്നു. വി. കൂദാശകൾ നൽകിയ, ഉപദേശങ്ങൾ നൽകിയ, നടത്തിയ, നയിച്ച പട്ടക്കാരെയും മേൽപ്പട്ടക്കാരെയും ഇന്ന് ഓർക്കാം.

2. പട്ടക്കാരൻ ദൈവത്തോടും ഏല്പിച്ച ഭവനത്തോടും വിശ്വസ്തനായിരിക്കണം

ഈ സ്ഥാനത്ത് ആക്കിവച്ച ദൈവത്തോടും ഏതു ഭവനം സൂക്ഷിക്കാൻ ചുമതലപ്പെടുത്തിയോ ആ ഭവനത്തോടും വിശ്വസ്തനായിരിക്കണം പട്ടക്കാരൻ വിശ്വസ്തയ്ക്കും ബുദ്ധിമാനുമായ ദാസന്മാരായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. വിശ്വസ്തതയും, ബുദ്ധിയ്ക്കും സ്ഥാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നാളിൽ ആരോടും വിശ്വസ്തയില്ലാതെ കുരുട്ടുബുദ്ധികൾ കൊണ്ടും മാത്രം കാര്യങ്ങൾ മുന്നേറുന്നു. വിശ്വസ്തതയോടും ബുദ്ധിയോടും കൂടെ നമ്മെ നയിച്ച പിതാക്കന്മാരെ ഇന്ന് ഓർക്കാം. മോശ ദൈവ ഭവനത്തിൽ ഒക്കെയും വിശ്വസ്തനായിരുന്നു. തന്റെ സഭയ്ക്കുവേണ്ടി ദൈവത്തിനുവേണ്ടി, ഏല്പിക്കപ്പെട്ട സമൂഹത്തിനു വേണ്ടി വിശ്വസ്തതയോടെ ജീവിച്ചു മരിച്ച പുണ്യ പിതാക്കന്മാരെ അനുസ്മരിക്കാം.

3. വിശ്വസ്ത ദാസന്മാർ ഉണർന്നിരിക്കുന്നവരാണ്

ഉണർന്നിരുന്ന് ദൗത്യം നിർവ്വഹിച്ച പുണ്യ പിതാക്കന്മാരെ ഓർക്കാം. ഉണരേണ്ട സമയം ഉറങ്ങുന്നത് പാപമാണ്. കൃത്യവിലോപമാണ്. ദൗത്യം ഏറ്റെടുത്ത ശേഷം ചരക്കിനടിയിൽ കിടന്നുറങ്ങിയ യോനായെ തട്ടിയുണർത്തേണ്ട ഗതികേടുണ്ടാകരുത്. ലോക സുഖങ്ങളാകുന്ന ചരക്കുകൾക്കിടയിൽ തല പൂഴ്ത്തിക്കിടന്നുറങ്ങി ദൗത്യം മറക്കുന്നവരാകരുത് നാം. കാലത്തിന്റെ കാലൊച്ച കേട്ട് ഉണർന്നു പ്രവർത്തിക്കണം. ദലീലായുടെ മടിയിൽ തലവെച്ച് ഉറങ്ങി സകല ദൈവീകാനുഗ്രങ്ങളും നഷ്ടമാക്കിയ ശിംശോന്മാരാകരുത് നാം. ഉണർന്നിരുന്ന സഭയ്ക്കുവേണ്ടി ജനത്തിനുവേണ്ടി, ദൈവത്തിനുവേണ്ടി അദ്ധ്വാനിച്ച പുണ്യ പിതാക്കന്മാരെ ഇന്ന് നമുക്ക് ഓർക്കാം.

4. കൂട്ടുദാസന്മാരെ അടിച്ചു സമയം കളയരുത്

ദുഷ്ടദാസന്മാരുടെ ലക്ഷണങ്ങളിലൊന്നാണ് കൂട്ടുദാസന്മാരെ അടിക്കുവാൻ സമയം കളയുക. നല്ല പ്രവർത്തികൾക്കായി അന്യോന്യം ധൈര്യപ്പെടുത്തുകയാണാവശ്യം. സമയം കിട്ടുമ്പോഴെല്ലാം അഥവാ തരം കിട്ടുമ്പോഴെല്ലാം മറ്റുള്ളവരെ അടിക്കാൻ കിട്ടുന്ന സമയം പ്രയോജനപ്പെടുത്തുന്നവരാണ് നാം. കൂട്ടുദാസന്മാർക്ക് വേദനകൾ സമ്മാനിക്കാതെ ഓരോരുത്തർക്കും ലഭ്യമായ താലന്തുകൾക്കനുസരിച്ച് ദൈവ രാജ്യത്തിന്റെ കെട്ടുപണിക്കായി അദ്ധ്വാനിക്കാം. അപ്രകാരം അദ്ധ്വാനിച്ച പിതാക്കന്മാരെ ഓർക്കുന്ന ദിവസമാണിന്ന്.

5. വിശ്വസ്ത ദാസർക്കും ദുഷ്ട ദാസർക്കും അവരവർ അർഹിക്കുന്ന ഫലം കിട്ടും.

നീതിയോടെ വിശ്വസ്തതയോടെ വേലചെയ്യുന്നവർക്കും ദൈവശുശ്രുഷ അലംഭാവത്തോടെ ചെയ്യുന്നവർക്കും പ്രതിഫലം ഉണ്ട്. അത് ഇടവകകക്കാർ നൽകുന്ന പ്രതിഫലമോ, സ്ഥാനങ്ങളോ അല്ല. ഹൃദയം കാണുന്ന ദൈവം നൽകുന്ന പ്രതിഫലമാണ്. കർതൃസന്നിധിയിൽ നമുക്ക് നാം ദൈവസുതരായി ത്തീരാൻ പഠിപ്പിച്ച പിതാക്കന്മാരെ ഓർക്കാം. നാം ദൈവസുതന്മാരാവാനായുഷ്ക്കാലത്തിൽ ചൊല്ലി......ഗാനം ശ്രദ്ധിക്കുക.

ഫെബ്രുവരി 18
സകല വാങ്ങിപ്പോയ വിശ്വാസികളുടെയും ഓർമ്മ.
വി. ലൂക്കോസ് 12:32-42

സകല വാങ്ങിപ്പോയ വിശ്വാസികളെയും ഓർക്കുന്ന ഈ ഞായറാഴ്ച നമ്മെ ഓർപ്പിക്കുന്ന ചില സത്യങ്ങൾ ശ്രദ്ധിക്കാം. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകത ഒരു വലിയ വിഷയമാകയാൽ ഈ ചെറിയ കുറുപ്പിൽ ചില വാക്കുകൾ മാത്രം കുറിക്കട്ടെ.

ശേഷം 22-ാം പേജിൽ

ബൈബിൾപഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി-682 308

റോമാലേഖനം (അദ്ധ്യായം 3,4)

ചോദ്യം:

1) ആരുടെ പക്കൽ ആണ് ഒന്നാമത് ദൈവത്തിന്റെ അരുളപ്പാടുകൾ സമർപ്പിച്ചിരിക്കുന്നത് ?

2) ദൈവത്തിന്റെ വിശ്വസ്തതയ്ക്കും തെളിവായി വി. പൗലോസ് എത്രാം സങ്കീർത്തനത്തിലെ എത്രാമത്തെ വാക്യമാണ് ഉദ്ധരിക്കുന്നത്?

3) സർവ്വ മനുഷ്യരും പാപികളാണെന്ന് തെളിയിക്കുവാൻ ശ്ലീഹാ വേദപുസ്തകം ഉദ്ധരിക്കുന്നതാണ് (3:10-18) വരെയുള്ള വാക്യങ്ങൾ ഇത് എവിടെന്നെല്ലാം ഉദ്ധരിച്ചിരിക്കുന്നു എന്നെഴുതുക?

4) പാപത്തെക്കുറിച്ചുള്ള അറിവും പാപബോധവും മനുഷ്യർക്ക് നല്കുന്നത് എന്താണ്?

5) നഷ്ടപ്പെട്ട സാധനം വിലകൊടുത്തു തിരിച്ചെടുക്കുക എന്നതിനും കുറ്റമറ്റവരായി അംഗീകരിക്കുക എന്നതിനും ഒറ്റവാക്കുകൾ 3:20 ന് ശേഷം പറയുന്നത് അത് ഏതെല്ലാം?

6) യഹൂദ വംശത്തിന്റെ പിതാവ് ആര്? വിശ്വാസികളുടെ പിതാവ് ആര്?

7) യേശു ക്രിസ്തുവിൽ കൂടി ലഭ്യമായ ദൈവകൃപയ്ക്ക് നമ്മിൽ നിന്നുളവാകുന്ന പ്രതികരണമാണ്?

കഴിഞ്ഞ ലക്കത്തിലെ ചോദ്യങ്ങളുടെ ഉത്തരം:

റോമാലേഖനം (അദ്ധ്യായം-1,2)

1) ചില നവീകരണക്കാരും

2) സുവിശേഷങ്ങളെക്കാൾ ഉപരിയായ സ്ഥാനം ഒരു ലേഖനത്തിനു കൊടുക്കുന്നില്ല.

3) ഗ്രീക്ക് ഭാഷയിൽ

4) സുവിശേഷത്തിനായി വേർതിരിച്ച് വിളിക്കപ്പെട്ട അപ്പൊസ്തോലൻ, ക്രിസ്തുവിന്റെ ദാസൻ (1:2)

5) ദൈവത്തിനു പ്രിയരും, വിളിക്കപ്പെട്ട വിശുദ്ധരുമായവർ (1:3)

6) വിശ്വാസം (1:8)

7) സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല. (1:16)

8) ഹബുക്കുക്ക് (2:4)

9) 1:24-32

10) അവന്റെ കാഠിന്യത്തിലും അനുതാപമില്ലാത്ത ഹൃദയത്താലും (2:5)

11) നല്ല പ്രവർത്തിക്ക് വേണ്ടുന്ന സ്ഥിരത പൂണ്ട് തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക് നിത്യജീവൻ കൊടുക്കുന്നു. (2:7)

ഡിസംബർ ലക്കം ബൈബിൾ പഠനത്തിലെ എല്ലാ ഉത്തരങ്ങളും ശരിയാക്കിയവരുടെ പേരുവിവരങ്ങൾ താഴെ പറയുന്നു.

1) Molley Mathew, Naranganam. 689642.
2) Alice Abraham, Authariathu, Coimbatore-11
3) Mathew Varghese, Meleth, Mamallassery
4) Annamma Mathai, Netaji Rd. Aluva.
5) Sherin Thomas, Tharayil, Niranam-689629

വിദ്യാഭ്യാസ സഹായം

കോളേജിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികളിൽ നിന്നും വിദ്യാഭ്യാസസഹായത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഇടവക വികാരിയുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. 2001 മാർച്ച് 15-ാം തീയതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അപേക്ഷ അയയ്ക്കേണ്ട വിലാസം:

The Vicar
Mar Gregorios Orthodox Church
P.O. Box 984, P.C. 113
Muscat, sultanate of Oman

WANTED

Service-minded **Accountant cum Office Manager,** preferably a senior person with computer knowledge, correspondece skills in English and Malayalam, resident of Kottayam town or immediate vicinity.
Retired hands also considered.
Modest remuneration. Send biodata to Principal, ***Orthodox Seminary, P.B. 98, Kottayam before 1 March 2001.***

കുംഭമേള ഹിന്ദുരാഷ്ട്രീയത്തിൽ ഒരു പുത്തൻ ധ്രുവീകരണത്തിന്റെ നാന്ദി

പുതിയ സഹസ്രാബ്ദത്തിലെ ആദ്യത്തെ കുംഭമേള എന്തുകൊണ്ടും സജീവ രാഷ്ട്രീയ പ്രാധാന്യം അർഹിക്കുന്നു. പന്ത്രണ്ടു വർഷത്തിലൊരിക്കൽ മാത്രം നടക്കുന്ന ഹൈന്ദവ മഹാസമ്മേളനം ആയതുകൊണ്ടു മാത്രമല്ല, മുൻപൊരിക്കലും പ്രകടമല്ലാതിരുന്ന ഒരു രാഷ്ട്രീയ ധ്രുവീകരണം ആഖാരകളിൽ ഉണ്ടായി കഴിഞ്ഞു എന്നതാണ് പ്രധാനം. ഇന്ത്യൻ സംസ്ക്കാരം വ്യത്യസ്ത സാംസ്കാരിക പൈതൃകങ്ങളുടെ ഒരു സങ്കരമാണെന്ന വസ്തുത നിലനില്ക്ക തന്നെ ഹൈന്ദവ മഹാസംസ്കൃതിയുടെ കുടക്കീഴിലേയ്ക്ക് ഈ സംസ്ക്കാരങ്ങളെ ഒന്നിപ്പിക്കുവാനുള്ള ശക്തമായ ശ്രമങ്ങൾക്കുള്ള കനത്ത തിരിച്ചടിയായിട്ടുവേണം ആഖാരകളുടെ രാഷ്ട്രീയ ധ്രുവീകരണത്തെ നാം മനസ്സിലാക്കുവാൻ.

ജനുവരി മാസത്തിലെ പൗശ്പൂർണിമ ദിനത്തിലാരംഭിച്ച് ഒന്നരമാസക്കാലം നീണ്ടു നില്ക്കുന്ന പാപപരിഹാരസ്നാനമാണ് കുംഭമേള. ഇത് ഫെബ്രുവരി മാസത്തിലെ മഹാശിവരാത്രി ദിനത്തിൽ അവസാനിക്കും. “ഹര, ഹര മാധവ്” “ജയ് സീതാറാം” എന്ന് മന്ത്രിച്ചുകൊണ്ട് പരമ്പരാഗത കുല ചിഹ്നങ്ങളോടെ പതിമൂന്ന് ആഖാരകളിൽ നിന്നുമായി ആയിരക്കണക്കിന് സന്യാസിമാർ എത്തുന്നതോടെ ഗംഗയുടെയും യമുനയുടെയും മേള ആരംഭിക്കുകയായി. സങ്കല്പ നദിയായ സരസ്വതിയുടെയും സംഗമസ്ഥാനമെന്ന് കരുതപ്പെടുന്ന അലഹാബാദിലെ പ്രയാഗിലാണ് കുംഭമേള നടത്തപ്പെടുന്നത്. മേളയിൽ എൺപതുലക്ഷത്തോളം തീർത്ഥാടകർ പങ്കെടുക്കും. ഇവരിൽ പ്രതിദിനം നാലായിരം ആറായിരം തീർത്ഥാടകരെങ്കിലും കൂട്ടം തെറ്റി പോകാറുണ്ട്. മേളയുടെ സംഘാടകരുടെ പാടവം മൂലം ഇതിൽ 99 ശതമാനത്തിനും ബന്ധുമിത്രാദികളെ ലഭിക്കും.

ഇത്തരത്തിലുള്ള ഒരു മഹാസമ്മേളനം ഹിന്ദുത്വ രാഷ്ട്രീയ കക്ഷികളെ സംബന്ധിച്ച് അതീവ പ്രാധാന്യം അർഹിക്കുന്നതാണ്. വിശേഷിച്ചും ബാബറിമസ്ജിത് തകർക്കപ്പെട്ടതിനു ശേഷമുള്ള ആദ്യ സമ്മേളനമാണിത്. മേളയുടെ നടത്തിപ്പ് വിശ്വഹിന്ദു പരിഷത്തിന് മുൻകൈയുള്ള ധർമ്മസൻസദിന്റെ നേതൃത്വത്തിലാണ് നടക്കുക. വിശേഷിച്ചും ആഖാരപരിഷത്തിൽ അവർക്ക് മേൽക്കൈയുള്ളപ്പോൾ, എന്നാൽ ഇത്തവണ പരിഷത്തിനുള്ളിൽ വി. എച്ച്. പി. ക്ക് കാര്യമായ അംഗീകാരം ലഭിക്കുവാൻ സാദ്ധ്യതയില്ല. വി. എച്ച്. പി. യുടെ രാഷ്ട്രീയ നിലപാടുകളോട് പൊരുത്തമില്ലാത്ത മറ്റൊരു വിഭാഗം ആഖാരാപരിഷത്തിനുള്ളിൽ പ്രബലമായിട്ടുണ്ട്. ശങ്കരാചാര്യവിഭാഗമാണ് ഇതിന് മുൻ നിരയിലുള്ളത്. ധർമ സൻസദിനെ മറികടന്ന് ജനുവരി 19-ന് കുംഭമേള ആരംഭിക്കുവാൻ ശങ്കരാചാര്യരുടെ ശാന്തസൻസദ് തീരുമാനം കൈക്കൊണ്ടത് ഈ രാഷ്ട്രീയ ധ്രുവീകരണത്തിന്റെ പ്രകടമായ തെളിവാണ്. ജനുവരി 17-ന് കുംഭ നഗറിൽ രാമക്ഷേത്ര നിർമ്മാണ ചർച്ചയെ രാഷ്ട്രീയവത്ക്കരിക്കുവാൻ വി.എച്ച്.പി. നടത്തിയ ശ്രമങ്ങളും ആഖാരപരിഷത്തിനെ

> ഇന്ത്യൻ സംസ്ക്കാരം വ്യത്യസ്ത സാംസ്കാരിക പൈതൃകങ്ങളുടെ ഒരു സങ്കരമാണെന്ന വസ്തുത നിലനില്ക്ക തന്നെ ഹൈന്ദവ മഹാസംസ്കൃതിയുടെ കുടക്കീഴിലേയ്ക്ക് ഈ സംസ്ക്കാരങ്ങളെ ഒന്നിപ്പിക്കുവാനുള്ള ശക്തമായ ശ്രമങ്ങൾക്കുള്ള കനത്ത തിരിച്ചടിയായിട്ടുവേണം ആഖാരകളുടെ രാഷ്ട്രീയ ധ്രുവീകരണത്തെ നാം മനസ്സിലാക്കുവാൻ.

ചൊടിപ്പിച്ചിട്ടുണ്ട്. ആഖാര പരിഷത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കുന്ന സ്വാമി ഗോവിന്ദാനന്ദ് ഈ പ്രശ്നത്തിൽ ഈ മാസാവസാനം ഒരു യോഗം ചേരുന്നതായും വി. എച്ച്. പി. യുടെ ഇടപെടലുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

രാമക്ഷേത്ര നിർമ്മാണം ഹൈന്ദവ ദേശീയതയുടെ പ്രശ്നമായി കുംഭമേളയിൽ അവതരിപ്പിക്കപ്പെടണമെന്നത് ബി.ജെപി. യുടെയും ഘടക കക്ഷികളുടെയും അജണ്ടയാണ്. ബി.ജെ.പി. യുടെ യു.പി. സംസ്ഥാന സമ്മേളനം ബാബറിമസ്ജിദ് തർക്കം ഇരു സമുദായങ്ങളും അനുരഞ്ജനപൂർവ്വം പരിഹരിക്കണമെന്നും, പള്ളി പണിയുന്നതിന് ഹിന്ദുക്കൾ സഹായിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഒരു പൊതു തിരഞ്ഞെടുപ്പ് മുൻപിൽ കണ്ടുകൊണ്ടുള്ള പ്രഖ്യാപനമാണ് ഇതെങ്കിൽ പോലും പള്ളി നിർമ്മാണത്തിന് ഹിന്ദുക്കളുടെ സഹായം ബി. ജെപി. അർഭ്യർത്ഥിച്ചത് ഒരു സുപ്രധാന കാര്യമാണ്. ക്ഷേത്രനിർമ്മാണം എന്ന രാഷ്ട്രീയ അജണ്ടയിൽ നിന്നും ബി. ജെ.പി. പിന്നോട്ട് പോകുന്നില്ല. മറിച്ച് ചില രാഷ്ട്രീയ ലക്ഷ്യങ്ങളെ മുൻനിർത്തി കാലവിളംബം സൃഷ്ടിക്കലാണ് അവർ ഉന്നം വക്കുന്നത്.

എന്നാൽ ഹിന്ദു മൗലികവാദികൾ ഈ കുംഭമേളയിൽ ക്ഷേത്രനിർമ്മാണത്തിനും തീയതി പ്രഖ്യാപിക്കുമെന്ന് പ്രത്യാശിക്കുന്നു. വി. എച്ച്. പി. അവരുടെ നിലപാട് ഇനിയും വ്യക്തമാക്കിയിട്ടില്ലെന്നു മാത്രമല്ല ബി.ജെ. പി.യെ പൊതുതിരഞ്ഞെടുപ്പിൽ പിന്താങ്ങുക എന്ന അവരുടെ അജണ്ടക്ക് മാറ്റം വരുത്തിയിട്ടുമില്ല. ഇത് ശങ്കരാചാര്യരെ സംബന്ധിച്ച് നിർണായകമാണ്. രാമക്ഷേത്രനിർമാണത്തിൽ നിന്നും വി. എച്ച്. പി. പിന്നോട്ടു പോവുകയാണെന്ന് അവർ കുറ്റപെടുത്തുന്നുണ്ട്.

ഇന്ത്യൻ രാഷ്ട്രീയത്തിലെ സവിശേഷമായ ഒരു മാറ്റമാണ് ക്ഷേത്ര നിർമ്മാണത്തിൽ ഇപ്പോൾ ഉണ്ടായിട്ടുള്ളത്. മതമൗലീകവാദരാഷ്ട്രീയത്തിന് മുന്നോട്ടു പോകുവാൻ കഴിയാത്ത ഒരു പരിസ്ഥിതി ഏറെക്കുറെ സംജാതമായിക്കഴിഞ്ഞിരിക്കുന്നു. ഹിന്ദുത്വ മൗലീകവാദം അതിനുള്ളിലെ തന്നെ വൈരുദ്ധ്യങ്ങളാൽ ഇപ്പോൾ പൊറുതി മുട്ടിയിരിക്കുന്നകയാണ്.

ഹിന്ദു പരിഷത്ത് ഹിന്ദുത്വത്തിന്റെ മൊത്തക്കച്ചവടക്കരാല്ലെന്ന് ശാന്ത സൻസദ് പ്രഖ്യാപിക്കുന്നതോടെ ഹിന്ദുത്വത്തെ സംബന്ധിച്ച് ചില മൗലീക നിർവ്വചനങ്ങൾ രാഷ്ട്രീയ മേഖലയിൽ ഉരുത്തിരിഞ്ഞു വരാതെ നിർവർത്തിയില്ല.

പരമ്പരാഗത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സൃഷ്ടിച്ച ചല ശൂന്യതകളിലാണ്. “തനത്”, “മൗലീക” വാദ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് വോരാട്ടം ലഭിച്ചത്. എന്നാൽ ഭാരതീയ സാംസ്ക്കാരിക വൈവിദ്ധ്യത്തിന്റെ സങ്കീർണതകളെ ഏകോപിപ്പിക്കുവാനുള്ള സൈദ്ധാന്തിക ഉപകരണങ്ങൾ വി. എച്ച്. പി. ക്കോ, ധർമ്മ സൻസദിനോ ഇല്ലാത്തതുകൊണ്ടു തന്നെ ഈ സമ്മേളനത്തിന് ഗൗരവമായ ഒരു രാഷ്ട്രീയ പ്രത്യാഘാതം ഉളവാക്കാനുള്ള കെല്പില്ല. മറ്റൊരു വഴിയിലൂടെ ‘തനത്’ ഹിന്ദുത്വത്തിന്റെ വൈരുദ്ധ്യങ്ങൾ കൂടുതൽ പ്രകടമാവുകയും ചെയ്യുന്നു. ഈ ഒരു പ്രതിസന്ധി തീർച്ചയായും ഹൈന്ദവരാഷ്ട്രീയത്തെ സംബന്ധിച്ച് നിർണായകമാണ്. ഇന്ത്യയെ സംബന്ധിച്ച് മറ്റൊരു രാഷ്ട്രീയ മുന്നേറ്റം കൂടിയാണ് ഈ കുംഭമേള.

□

84-ാമത് മദ്ധ്യ തിരുവതാംകൂർ ഓർത്തഡോക്സ് കൺവൻഷനും നോമ്പാചാരണവും

2001 ഫെബ്രുവരി 2 മുതൽ 8 വരെ മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ മൈതാനിയിൽ വച്ച് കൺവ്ഷനും മൂന്ന് നോമ്പാചാരണവും നടത്തപ്പെടുന്നു. “വരുവിൻ നാം യഹോവയുടെ അടുക്കലേക്ക് ചെല്ലുക”(ഹോശയ്യാ 6:1) എന്നതാണ് മുഖ്യചിന്താവിഷയം. വിവിധ ദിവസങ്ങളിലായി നടത്തപ്പെടുന്ന ധ്യാന-സുവിശേഷ യോഗങ്ങൾ സഹസ്രാബ്ദ സർവ്വമത സമ്മേളനം, സഹസ്രാബ്ദ സുവിശേഷ റാലി, വി. അഞ്ചിന്മേൽ കുർബാന മദ്ധ്യസ്ഥ പ്രാർത്ഥന, കുടുംബ നവീകരണ സമ്മേളനം, സുവിശേഷ സംഘ സമ്മേളനം, കൗൺസലിംഗ്, ഗാനശുശ്രൂഷ എന്നിവ നടത്തപ്പെടുന്നു. പരി. കാതോലിക്കാ ബാവാ തിരുമേനി, അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ്, അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമ്മീസ്, അഭിവന്ദ്യ യാക്കൂബ് മാർ ഐറേനിയോസ്, അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് തുടങ്ങിയ തിരുമേനിമാർ നേതൃത്വം നൽകുന്നു. ഇത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ്, ആർച്ച് ബിഷപ്പ് ഡോ. ഹാനോക്ക്, (അമേരിക്ക) ആചാര്യ നരേന്ദ്രഭൂഷൻ, ശ്രീ ഷാനവാസ് ഖാൻ മൗലവി, ഡോ. സുകുമാർ അഴിക്കോട് തുടങ്ങിയവർ വിവിധ സമ്മേളങ്ങളിൽ പങ്കെടുക്കുന്നു.

മക്കാംകുന്ന് കൺവൻഷനോടനുബന്ധിച്ച് മലങ്കരസഭയുടെ കൗണ്ടർ പ്രവർത്തിക്കുന്നതാണ്. വരിസംഖ്യ പുതുക്കുവാനും പരസ്യങ്ങൾ നൽകുവാനും അവസരമുണ്ട്.

●

മകൾ കള്ളം പറയുന്നു?

ഫാ. ഒ. തോമസ്

ചോദ്യം: എന്റെ മകൾ 6–ാം ക്ലാസ്സിൽ പഠിക്കുന്നു. പഠിത്തത്തിൽ ശരാശരി നിലവാരമേ ഉള്ളു. ആ കാര്യത്തിൽ ഞാൻ എപ്പോഴും അവളെ വഴക്കു പറയാറുണ്ട്. ഇപ്പോഴത്തെ പ്രശ്നം അതല്ല. അവൾ കൂടെ കൂടെ കള്ളം പറയുന്നു. ഓരോ കള്ളവും പിടിച്ചുകഴിയുമ്പോൾ നല്ലതായി ശിക്ഷിക്കുന്നുമുണ്ട്. ഇനി മേലിൽ കള്ളം പറയുകയില്ലാ എന്ന് സമ്മതിക്കും. കുറച്ചു ദിവസം കഴിഞ്ഞ് വീണ്ടും ആവർത്തിക്കുന്നു. ഇനി എന്തു ചെയ്താൻ ഈ രീതിക്ക് ഒരു മാറ്റം വരുത്താം.

ഷീല ചെറുകോൽ

ഉത്തരം: കള്ളം തെളിയിക്കുമ്പോഴൊക്കെ നല്ല ശിക്ഷകൾ കൊടുത്തിട്ടും സ്വഭാവത്തിന് മാറ്റമില്ലാത്ത സ്ഥിതിക്ക് ഇനി അത് ആവർത്തിക്കരുത്. എന്തുകൊണ്ട് അവൾ കള്ളം പറയുന്നു എന്ന് മനസ്സിലാക്കാൻ ശ്രമിച്ച്, അതനുസരിച്ച് പെരുമാറുകയാണവശ്യം. ഏതു സാഹചര്യത്തിൽ, എപ്രകാരമുള്ള കള്ളം എന്ന് വ്യക്തമാക്കിയിരുന്നെങ്കിൽ കുറച്ചു കൂടി ഉൾക്കാഴ്ച ലഭിക്കുമായിരുന്നു. തൽക്കാലം പൊതുവായി ചിലകാര്യങ്ങൾ അറിവിലേക്കായിചൂണ്ടിക്കാട്ടാം.

1. കുട്ടികൾ ഭയത്തിൽ നിന്ന് കള്ളം പറയാൻ സാദ്ധ്യതയുണ്ട്. സത്യം തുറന്നു പറഞ്ഞാൽ ക്രൂരമായ ശിക്ഷലഭിക്കുമെന്നുള്ള ഭയമുണ്ടെങ്കിൽ അവർ കള്ളം പറയും. ഫീസു കൊടുക്കാനുള്ള കാശിന് ഐസ്ക്രീം വാങ്ങിക്കഴിച്ചാൽ തല്ലുകൊള്ളുമെന്നുള്ള പേടികൊണ്ട് കാശുകളഞ്ഞു പോയി എന്നു പറയും. അങ്ങനെ സത്യം തുറന്നു പറഞ്ഞാൻ ശിക്ഷിക്കുന്ന അന്തരീക്ഷം ഭവനത്തിലുണ്ടോ എന്ന് പരിശോധിക്കണം.

2. പഠനത്തിൽ ശരാശരി നിലവാരം പുലർത്തുന്ന കുട്ടിയ്ക്ക്, കണക്കിലധികം ശാസനയും വിമർശനവുമാണ് ലഭിക്കുന്നതെങ്കിൽ കുട്ടിക്ക് ആത്മ വിശ്വാസവും സ്വയമതിപ്പും കുറവായിരിക്കും. മറ്റുള്ളവരെ കള്ളം പറഞ്ഞു കളിപ്പിക്കുന്നതിൽ സന്തോഷം കുട്ടി ആസ്വദിക്കുന്നാണ്ടിയിരിക്കാം. എല്ലായിടത്തും പരാജയമാണെങ്കിൽ ഇവിടെയെങ്കിലും താൻ വിജയിക്കുന്നു എന്ന തോന്നൽ കുട്ടിക്കു തൽക്കാലം തെറ്റായ ഒരു സ്വയമതിപ്പ് ഉണ്ടാക്കി കൊടുക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

3. നല്ല കാര്യങ്ങൾ ചെയ്ത് മറ്റുള്ളവരുടെ ശ്രദ്ധാകേന്ദ്രമാകാൻ സാധിക്കാത്ത കുട്ടികൾ, കള്ളം പറയുക, പ്രവർത്തിക്കുക തുടങ്ങി പെരുമാറ്റ ദൂഷ്യത്തിലൂടെ മറ്റുള്ളവരുടെ ശ്രദ്ധയെ പിടിച്ചു പറ്റുവാൻ ശ്രമിക്കുന്നതായികാണുന്നുണ്ട്. നിങ്ങളുടെ കുട്ടിയും ആ തരത്തിൽ പെട്ടിരിക്കുന്നുവോ എന്ന് നിരീക്ഷിക്കുന്നതു കൊള്ളാം.

4. വേണ്ടത്ര സ്നേഹവും പരിലാളനയും മാതാപിതാക്കളിൽ നിന്ന് കിട്ടുന്നില്ലാ എന്ന തോന്നൽ ഉള്ള ചില കുട്ടികൾ, തെറ്റായ പ്രവൃത്തികൾ ചെയ്ത് മാതാപിതാക്കളെ ചൊടിപ്പിക്കുന്നതിലൂടെ പകരം വീട്ടാൻ ശ്രമിക്കും. മാതാപിതാക്കൾ ദേഷ്യപ്പെടുന്നതോ, ദുഃഖിക്കുന്നതോ കാണുവാൻ ഇത്തരം കുട്ടികൾ ഇഷ്ടപ്പെടുന്നുണ്ട്. കുട്ടിക്ക് നിങ്ങളോട് പ്രതികാരം തോന്നുന്ന ഒരു മനസ്സ് ഉണ്ടായിട്ടുണ്ടോ എന്ന് നിങ്ങളുടെ പെരുമാറ്റത്തെ അവലോകനം ചെയ്ത് മനസ്സിലാക്കണം. അങ്ങനെയെങ്കിൽ കുട്ടിയുടെ ഈ പെരുമാറ്റത്തിനു കാരണമായ വിഷയങ്ങൾ നിങ്ങളിൽ തന്നെ കാണും. അതിനെ, സ്നേഹത്തിന്റെയും അംഗീകാരത്തിന്റെയും കരുതലിന്റെയും അനുഭവത്തിലേക്കു തിരിച്ചുവിടാൻ നിങ്ങൾക്കു കഴിഞ്ഞാൽ കുട്ടിയുടെ പ്രതികരണത്തിനും മാറമുണ്ടാകാം.

5. തെറ്റിനു ക്രൂരമായി ശിക്ഷിക്കുകയും, അതിൽ മനം നൊന്ത് കുഞ്ഞുങ്ങളെ ക്രമത്തിലധികം പിന്നെ താലോലിക്കുകയും ചെയ്യുന്ന മാതാപിതാക്കളുണ്ട്. ഇത് ശിക്ഷയുടെ ഗൗരവത്തെക്കുറച്ചുകളയും. തന്നെയുമല്ലാ കൂടുതൽ താലോലിക്കപ്പെടുവാൻ ശിക്ഷകിട്ടണമെന്നുകൂടി ചിലർ ആഗ്രഹിച്ചുപോകും. നിങ്ങളുടെ കുട്ടിയുടെ കാര്യത്തിൽ ഈ വസ്തുതയും പരിശോധിച്ചു നോക്കണം.

ഈ പറഞ്ഞവയിൽ ഏതെങ്കിലും ഒന്നു ശരിയായിട്ടുള്ളതാണെങ്കിൽ. അവിടുത്തെ പോരായ്മകളെ നീക്കുകയാണാവശ്യം, വലിയ ഗൗരവമായി ഇതിനെ എടുക്കരുത്. കള്ളം പറഞ്ഞത് നിങ്ങൾ മനസ്സിലാക്കിയതായി വ്യക്തമാക്കാം കൊടുത്താൽ മതി. ആ പ്രവൃത്തിക്ക് ശിക്ഷയും അംഗീകാരവും നൽകേണ്ടതില്ല. കള്ളം പറയുന്നതിന്റെ പരിധി എവിടെ വരെയായിരിക്കുന്നു എന്ന് നിരീക്ഷിക്കുകയും, അതെ സമയം പുറമെ അതിനെ അവഗണിക്കുകയും ചെയ്യുക. ശ്രദ്ധിക്കപ്പെടുന്ന പ്രവൃത്തിയെ അവഗണിച്ചാൽ ആവർത്തിക്കാനുള്ള സാദ്ധ്യത കുറഞ്ഞു വരും. കുട്ടി നല്ല പ്രവൃത്തി ചെയ്യുമ്പോൾ പ്രോത്സാഹിപ്പിക്കാനും അംഗീകരിക്കാനും മടിക്കരുത്. തൽക്കാലം ഈ പ്രശ്നത്തെ അങ്ങനെ വിടുക. എന്നിട്ടും പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ മോളെയും കുട്ടി ഒരു കൗൺസലിംഗിന് പോകുന്നതു നന്നായിരിക്കും. ◆

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് എൻഡോവ്മെന്റ് ഫണ്ട്

ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാഫോറത്തിന് മേൽവിലാസം എഴുതി സ്റ്റാമ്പ് ഒട്ടിച്ച് കവർ സഹിതം ഫാ. ഡോ. കെ.ജെ. ഗബ്രിയേൽ, പഴയ സെമിനാരി, കോട്ടയം–686001 എന്ന വിലാസത്തിൽ എഴുതുക. പുരിപ്പിച്ച അപേക്ഷാഫോറം മാർച്ച് 15–ന് മുമ്പ് കിട്ടിയിരിക്കണം.

എത്യോപ്യൻ ചക്രവർത്തിക്ക് കാൽനൂറ്റാണ്ടിനു ശേഷം വീണ്ടും ശവസംസ്ക്കാരം

ആഡിസ് അബാബ: കാൽ നൂറ്റാണ്ടിനു മുമ്പ് അന്തരിച്ച എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസ്സിയുടെ ശവസംസ്ക്കാരം വികാരനിർഭരമായ അന്തരീക്ഷത്തിൽ ആഡിസ് അബാബയിൽ 2000 നവംബർ അഞ്ചാം തീയതി ഞായറാഴ്ച നടന്നു. പുലർച്ചെ മുതൽ തന്നെ നഗരത്തിൽ വിടവാങ്ങൽ പ്രാർത്ഥനകൾ മുഴങ്ങി. എത്യോപ്യൻ ഓർത്തഡോക്സ് സഭാമേലധ്യക്ഷൻമാർ നേതൃത്വം നൽകിയ വിലാപയാത്രയിൽ നൂറു കണക്കിന് ആളുകൾ നിറകണ്ണുകളോടെ പങ്കെടുത്തു.

ട്രിനിറ്റി കത്തീഡ്രലിൽ ചക്രവർത്തിനി മേനെന്റെ ശവക്കല്ലറയ്ക്ക് സമീപമൊരുക്കിയ മാർബിൾ കല്ലറയിൽ ദേശീയ പതാകയിൽ പൊതിഞ്ഞ ശവമഞ്ചമിറക്കിവെയ്ക്കുമ്പോൾ, എത്യോപ്യക്കാർ തങ്ങളുടെ മനസ്സിൽ കഴിഞ്ഞ 25 വർഷമായി വേദനയോടെ പേറിയ ഒരു ഭാരമാണ് യഥാർത്ഥത്തിൽ ഇറക്കിവച്ചത്.

എത്യോപ്യയിൽ 44 വർഷം ഭരണം നടത്തിയയാളാണ് സെലാസ്സി ചക്രവർത്തി. ഓർത്തഡോക്സ് ക്രൈസ്തവ ലോകത്തെ ഏക ചക്രവർത്തിയായിരുന്ന ഇദ്ദേഹമാണ് 1965–ൽ ആഡിസ് അബാബയിൽ ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ സമ്മേളനം വിളിച്ചുകൂട്ടിയത്. 1974 ൽ അദ്ദേഹത്തിന്റെ ഭരണം അട്ടിമറിക്കപ്പെട്ടു. 1975–ൽ 83–ാം വയസ്സിൽ സെലാസ്സി അന്തരിച്ചു. തലേവർഷം അദ്ദേഹത്തെ ഭരണത്തിൽ നിന്ന് പുറത്താക്കിയ മാർക്സിസ്റ്റ് പട്ടാള ഭരണാധികാരി മെൻഗിസ്തു ഹെയ്‌ലി മരിയം ചക്രവർത്തിയെ കൊന്നതാണെന്ന് ആരോപണമുണ്ട്.

ചക്രവർത്തിയുടെ മൃതദേഹം ഒരു കക്കൂസിനോട് ചേർന്ന് മണ്ണിൽ കുഴിച്ചിട്ട് കോൺക്രീറ്റു ചെയ്തു. ആ പട്ടാളഭരണകൂടം 1991–ൽ അട്ടിമറിക്കപ്പെട്ടതിനെ തുടർന്ന് സെലാസ്സി ചക്രവർത്തിയുടെ ഭൗതിക അവശിഷ്ടം, മെനേലിക് രണ്ടാമൻ ചക്രവർത്തിയുടെ മുസോളിയത്തിലേക്ക് മാറ്റി.

എന്നാൽ, തന്റെ മൃതദേഹം ട്രിനിറ്റി കത്തീഡ്രലിലെ കുടുംബകല്ലറയിൽ അടക്കാനായിരുന്നു ചക്രവർത്തി ആഗ്രഹിച്ചിരുന്നത്. ഇപ്പോൾ മറ്റ് രാജ്യങ്ങളിൽ പ്രവാസികളായി കഴിയുന്ന രാജകുടുംബാംഗങ്ങൾ ഓർത്തഡോക്സ് സഭയുമായി ഇക്കാര്യം ചർച്ചചെയ്തു. അങ്ങനെയാണ് ചക്രവർത്തിക്ക് 25 വർഷത്തിനുശേഷം ഉചിതമായ ശവസംസ്ക്കാരം ലഭിച്ചത്.

റ്റി. സി. ജോൺ കോറെപ്പിസ്കോപ്പ ദിവംഗതനായി

കിടങ്ങന്നൂർ: തെക്കേമൂത്തേരിൽ വെരി റവ. റ്റി. സി. ജോൺ കോറെപ്പിസ്കോപ്പ (80) 21.12.2000 വ്യാഴാഴ്ച വൈകിട്ട് നിര്യാതനായി. ശവസംസ്ക്കാരം 24.12.2000 ഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായുടെ പ്രധാന കാർമ്മികത്വത്തിലും, അഭിവന്ദ്യരായ ഫീലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസിയോസ്, കുറിയാക്കോസ് മാർ ക്ലീമീസ് എന്നീ മെത്രാപ്പോലീത്തന്മാരുടെയും വന്ദ്യരായ റമ്പാൻമാരുടെയും, അനേകം വൈദികരുടെയും സഹകരണത്തിൽ മെഴുവേലി ഹോളിഇന്നസെന്റ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടത്തി.

തെക്കേ മൂത്തേരിൽ ദിവ്യശ്രീ ചെറിയാൻ സ്ക്കറിയാകത്തനാരുടെയും, ഓമല്ലൂർ ഇടയിൽ ശ്രീമാൻ ഇ. ഐ. ചെറിയാൻ മാസ്റ്ററുടെ സീമന്തപുത്രി മറിയാമ്മയുടെയും പുത്രനായി 1921 ഡിസംബർ 16–ാം തീയതി ബഹു. അച്ചൻ ഭൂജാതനായി. വേദശാസ്ത്ര പണ്ഡിതനായ റവ. ഡോ. വി.സി. സാമുവേൽ മാതുലനാണു. മെഴുവേലി, കുഴിക്കാല, പത്തനംതിട്ട കാതോലിക്കേറ്റ് എച്ച്എസ്, കോട്ടയം സി.എം.എസ്. കോളജ് എന്നിവടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം മഞ്ഞിനിക്കര സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി. 1952 ജനുവരി 31 ന് വൈദികപട്ടം സ്വീകരിച്ചു. മെഴുവേലി ശാലേം, ഉള്ളന്നൂർ, മുളക്കുഴ, കൊഴുവല്ലൂർ, പേരിശ്ശേരി ഈസ്റ്റ്, ആലാ കടൂർത്തമല, നെല്ലിക്കൽ ഇടനാട്, തുമ്പമൺ ബഥനി എന്നീ ഇടവകകളിൽ സേവനമനുഷ്ഠിച്ചിരുന്നു. 1982 ജനുവരി 28 ന് പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ ബഹു. അച്ചന് ഉള്ളന്നൂർ സെന്റ് മേരീസ് പള്ളിയിൽ വച്ച് കോറെപ്പിസ്കോപ്പാ സ്ഥാനം നൽകി. മെഴുവേലി പത്മനാഭോദയം ഹൈസ്ക്കൂൾ അദ്ധ്യാപകനായിരുന്ന അദ്ദേഹം വടക്കേടത്ത് കുടുംബയോഗം രക്ഷാധികാരി കൂടിയായിരുന്നു. നാട്ടിലെ എല്ലാ സാമൂഹിക സാംസ്ക്കാരിക പ്രവർത്തനങ്ങളിലും അച്ചന്റെ സാന്നിദ്ധ്യം സജീവമായിരുന്നു. 1977 ൽ അദ്ധ്യാപക വൃത്തിയിൽ നിന്നും 1994–ൽ ഇടവക ഭരണത്തിൽ നിന്നും ബഹു. അച്ചൻ വിരമിച്ചു. ഉതിമൂട് മനപ്പുറത്ത് പരേതയായ അന്നമ്മയാണ് സഹധർമ്മിണി. കോന്നി തെക്കിനേത്ത് ശ്രീമതി അച്ചാമ്മ ശുമുവേൽ ഏക സഹോദരിയും റവ. ഫാ. ജിബു ഫിലിപ്പ് മംഗലം കൊച്ചുമകനുമാണ്.

അച്ചൻ തന്റെ അവസാന നാളുകളിൽ രചിച്ച "മാർത്തോമ്മാ ക്രിസ്ത്യാനികൾ അന്നും, ഇന്നും, എന്നും" എന്ന ഗ്രന്ഥം സഭാ ചരിത്ര പഠനത്തിൽ വിശ്വാസികൾക്ക് ഒരു പ്രവേശികയായി പരിലസിക്കും എന്നതിൽ സംശയമില്ല.

ഹന്നാഭവനം - അഗതികളുടെ ആശ്രയം

ചന്ദ്രക്കല എസ്. കമ്മത്ത്

വളരെ പ്രശ്നങ്ങൾ നിറഞ്ഞ ഒരു ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഇന്നത്തെ രാഷ്ട്രീയ അസ്ഥിരത നമുക്ക് നൽകുന്നത് ദാരിദ്ര്യവും അസമാധാനവുമാണ്. കുടുംബങ്ങളിൽ നടമാടുന്ന കലഹങ്ങൾ മൂലം എത്രയോ ആളുകൾ കണ്ണുനീർ കുടിക്കുന്നു. വഴി തെറ്റുന്ന തലമുറയെ ഓർത്ത് ഭാരപ്പെടുന്ന മാതാപിതാക്കൾ, വിവാഹമോചനത്തിന് വേണ്ടി കലണ്ടറിൽ കണ്ണും നട്ട് തീയതി കാത്തിരിക്കുന്ന ദമ്പതികൾ.. നിരാശയിൽ കൂടി അലയുന്ന യുവത്വങ്ങൾ.

മേൽപറഞ്ഞ വിഷമതകൾ ഉള്ളിൽ അമർത്തി ജീവിക്കുവാൻ സാധിക്കാത്ത ഒരു അവസ്ഥയാണ് വാർദ്ധക്യം. ഈ അവസ്ഥയിൽ ചിലർ അവരവരുടെ സ്വന്ത ഭവനങ്ങളിലും മറ്റു ചിലർ വൃദ്ധഭവനങ്ങളെന്ന നാമധേയത്താൽ അറിയപ്പെടുന്ന സ്ഥാപനങ്ങളിലും വന്നു ചേരുന്നു.

ക്ലേശങ്ങൾ നേരിടേണ്ടിവരുമ്പോൾ വേദനകൾ താങ്ങാൻ സാധിക്കാതെ വരുമ്പോൾ, മനുഷ്യരായ നാം മറ്റുള്ളവരിൽ പഴി ചാർത്തുകയെന്നത് സഹജമാണ്. എന്നാൽ, ഇത് ആരുടേയും കുറ്റമല്ല, വിധി വിഹിതം അനുഭവിച്ചേ തീരൂ. നാം അറിയാതെ, നാം ആവശ്യപ്പെടാതെ ഈ വൈവിധ്യമാർന്ന ലോകത്തിൽ നമുക്ക് ജന്മം തന്ന സർവ്വേശ്വരന്റെ തീരുമാനങ്ങൾ മുൻകൂട്ടി അറിവാൻ ആർക്കാവും?

നമ്മുടെ സ്വന്ത ദുഃഖദുരിതങ്ങൾ, തിക്താനുഭവങ്ങൾ, ഇവ സ്വകാര്യ സ്വത്തെന്നതുപോലെ നമ്മുടേത് മാത്രമാണ്. വാർദ്ധക്യത്തെ ശപിക്കാതെ അത് തിരിച്ചറിവ് കരസ്ഥമാക്കാനുള്ള ഒന്നായി വിനിയോഗിക്കാൻ ശ്രമിക്കണം.

ഞാൻ എത്തിച്ചേർന്ന സ്ഥാപനത്തിന്റെ പേര് ''ഹന്നാഭവനം'' എന്നാണ്. കോട്ടയത്ത് പുലിക്കുട്ടിശ്ശേരി എന്ന ഗ്രാമത്തിലെ മീനച്ചിലാറിന് സമീപത്തായി സ്ഥിതിചെയ്യുന്ന ഹന്നാഭവനം, റാന്നി പെരുനാട് ബഥനി കോൺവെൻറിലെ ഓർത്തഡോക്സ് സിസ്റ്റർസിന്റെ ചുമതലയിലാണ് പ്രവർത്തിച്ചുവരുന്നത്. ഇതിന്റെ ബാലാരിഷ്ടതകൾ ഇതുവരെ നീങ്ങികിട്ടിയിട്ടില്ല.

1993-ഫെബ്രുവരി ഒന്നാം തീയതി തിങ്കളാഴ്ച വൈകുന്നേരം അഞ്ചുമണിയോടുകൂടി, റാന്നി പെരുനാട് ബഥനി കോൺവെന്റിലെ ഇപ്പോഴത്തെ സീനിയർ മോസ്റ്റ് സിസ്റ്റർ ആയ റവ. സിസ്റ്റർ മറിയം എസ്. ഐ. സി. യും ഞാനും, ഹന്നാഭവനത്തിലെ, തൂത്ത് വൃത്തിയാക്കിയിട്ടിരുന്ന മുറ്റത്ത് ടാക്സിയിൽ വന്നിറങ്ങിയപ്പോൾ റവ. സിസ്റ്റർ യുലിത്തി എസ്. ഐ. സി. എന്റെ സമീപത്ത് വന്ന് പറഞ്ഞ വാക്കുകളുടെ പ്രതിധ്വനി ഇന്നെന്നതുപോലെ എന്റെ ചെവികളിൽ മുഴങ്ങുകയാണ്- ''ചേച്ചി ഇനി കരയരുത്'' ഇന്നുവരെ ആരും പറയാത്ത വാക്കുകൾ. എന്റെ ഉള്ളിൽ തളംകെട്ടി നിന്ന ദുഃഖം ദൈവം കണ്ടു എന്നുള്ളതിന്റെ ഒരു തെളിവായിട്ടാണ് സിസ്റ്ററിന്റെ വാക്കുകൾ എനിക്കനുഭവപ്പെട്ടത്.

മറിയം സിസ്റ്ററിനെ യാത്ര അയയ്ക്കാൻ, മുറ്റത്തിറങ്ങിയ ഞാൻ, സജലമായ എന്റെ കണ്ണുകൾ കൊണ്ട് ഭവനത്തിന് ചുറ്റും വലം വെച്ചു നോക്കിയപ്പോൾ, ഗ്രാമാന്തരീക്ഷത്തിലും, ഭവനമുറ്റത്തും ഏതോ ഒരു പ്രത്യേകതയുള്ളതായി തോന്നി. തിക്താനുഭവങ്ങൾ ഒരുക്കിയ തീച്ചൂളയിൽ കൂടി പതിനൊന്ന് മാസങ്ങളോളം യാത്ര ചെയ്ത എന്നെ അന്നു രാത്രിയിൽ നിദ്രാദേവീ കടാക്ഷിച്ചത് തന്നെ ഇതിന്റെ ഉത്തമതെളിവാണല്ലോ.

പ്രവേശനത്തിന് ജാതിമതഭേതമെന്ന കടമ്പ ഇല്ലാതിരുന്നത് കൊണ്ട് ഈയുള്ളവൾക്കും ഇവിടെ അഭയം ലഭിച്ചു. എന്റെ താമസത്തിന് വേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തുതന്നത് റവ. സിസ്റ്റർ മറിയം എസ്. ഐ. സി. ആണെന്നുള്ളത് ഞാൻ എന്നെന്നും നന്ദിയോടെ സ്മരിക്കും.

ഈ സ്ഥാപനം വൃദ്ധ അമ്മച്ചിമാരെ ഉദ്ദേശിച്ചാണ് ആരംഭിച്ചതെങ്കിലും, നിസ്സഹായരായി എത്തിയ പ്രായം കുറഞ്ഞവർക്കും അഭയം നൽകിയതോർത്ത് ചുമതലക്കാരോട് നന്ദിപറയുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

ദൈവ കാരുണ്യത്താൽ പഴയ ചെറിയ ഭവനത്തിൽ പത്തുപേരോളം താമസിച്ചിട്ടുണ്ട്. വ്യത്യസ്ത പ്രായക്കാർ, ബുദ്ധിസാമർത്ഥ്യമുള്ളവർ, ഭിന്ന അഭിരുചിയുള്ളവർ, ഭിന്നസ്വഭാവക്കാർ, ഇവരുടെ ആവശ്യങ്ങൾ ഉള്ളിലും, പുറമെയും കളങ്കമില്ലാതെ, സന്തോഷത്തോടെയാണ് സിസ്റ്റർ യൂലിത്തി

സാധിച്ചു കൊടുത്തുകൊണ്ടിരുന്നതെന്ന് പറയുന്നതിൽ സന്തോഷമേയുള്ളൂ.

പ്രാർത്ഥനയുടെ ഫലമോ, ദൈവത്തിന്റെ കരുണയോ, ഇവരിൽ കൂടുതൽ പേരും അവരവരുടെ സ്വന്ത ഭവനങ്ങളിലേക്ക് മടങ്ങിപ്പോകാൻ ഇടയായെന്നുള്ളത് ഈ നല്ല സ്ഥാപനത്തിന്റെ ഒരു സവിശേഷതയാണ്.

ഇന്ന് ഹന്നാഭവനം ഒരു വെള്ളക്കുഴിയല്ല. ഭംഗിയേറിയ കുളത്തിലെ വികസിച്ചു വരുന്ന ചെന്താമര പുഷ്പം പോലെയുള്ള ഒരു സ്ഥാപനമാണെന്ന് 1998 ഡിസംബർ 4-നു ഈ സ്ഥാപനം സന്ദർശിച്ച രാഷ്ട്രപതിയുടെ സഹോദരിയായ ശ്രീമതി കെ. ആർ ഗൗരിയും, സഹോദരൻ ശ്രീ. കെ. ആർ. ഭാസ്ക്കരനും പറയുകയുണ്ടായി. കൂടാതെ ഈ സ്ഥാപനത്തെക്കുറിച്ചും, ഇവിടത്തെ പ്രവൃത്തനങ്ങളെക്കുറിച്ചും ശ്രീ. കെ. ആർ. ഭാസ്ക്കരനും, അവരുടെ അടുത്ത ബന്ധുവായ അഡ്വക്കേറ്റ് മി. വി. പി. സജീന്ദ്രൻ, ഇവിടത്തെ ഡയറിയിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ സ്ഥാപനത്തെക്കുറിച്ചോർക്കുമ്പോൾ ഇനിയും പലത് എഴുതാനുണ്ടെങ്കിലും, ആശ്രമം സുപ്പീരിയർ ബഹു. സ്റ്റീഫൻ അച്ചൻ 1999 ജനുവരി 26-നു ഇവിടത്തെ ധ്യാനത്തിന് നേതൃത്വം നൽകിക്കൊണ്ട് ശ്രോതാക്കളെ ഉത്ബോദിപ്പിച്ച ഒരു കാര്യം കൂടി അൽപം വിശദീകരിച്ചു കൊള്ളട്ടെ. ബഹു. അച്ചന്റെ ഒരു ചോദ്യം മിന്നൽ വേഗതയിൽ ചിന്തയിൽ വരുന്നു.

"Why you are here"?

നാം ഇവിടെ എന്തിന് വന്നു? അതിഗഹനവും എല്ലാവരെക്കൊണ്ടും ചിന്തിപ്പിക്കുന്നതുമായ ഒരു ചോദ്യം. ബഹു. അച്ചന്റെ ധ്യാനപ്രസംഗത്തിലെ ആഴമേറിയ തത്വങ്ങൾ ഗ്രഹിക്കുവാനുള്ള യാതൊരു കഴിവും എനിക്കില്ലെന്നുള്ളത് ആദ്യമായി സമ്മതിച്ചുകൊള്ളട്ടെ.

എങ്കിലും ഒന്നു രണ്ടു കാര്യങ്ങൾ എനിക്കു മനസ്സിലാക്കാൻ സാധിച്ചു. മനുഷ്യനെ ദൈവം തന്റെ രൂപത്തിൽ സൃഷ്ടിച്ചത് തന്നോടുകൂടെയായിരിക്കാനാണെന്നും, അകന്നു പോകാനല്ലെന്നും, എന്നാൽ, മനുഷ്യരായ നാം ഇന്ന് ലോകത്തിന്റെ ആകർഷണ വലയത്തിലായതുകൊണ്ടാണ് ആകുലചിന്തകളിൽ ഏർപ്പെട്ട് വിഷമിക്കുന്നതെന്നും പറഞ്ഞ് വിശദീകരിക്കുന്നതിനിടയിൽ യേശുദേവൻ ഏറ്റവും സ്നേഹിച്ച ''ബഥാനിയ'' എന്ന വീടിനെക്കുറിച്ചും അച്ചൻ സൂചിപ്പിച്ചു.

''ബഥനി'' എന്നതിന്റെ അർത്ഥം മറുപടിയുടെ ഭവനം എന്ന് ബഹു. അച്ചൻ പറഞ്ഞപ്പോൾ, ജീവിതത്തിലെ പ്രശ്നങ്ങൾക്ക് മറുപടി കണ്ടെത്തുന്ന ഭവനത്തിലാണല്ലോ ഞാനും എത്തിയിരിക്കുന്നതെന്നോർത്ത് ദൈവത്തെ സ്തുതിച്ചു.

നമ്മുടെ നിസ്സഹായതയുടെ ഉച്ചാവസ്ഥ ദൈവകൃപയുടെ പ്രവർത്തനത്തിന്റെ ആരംഭമാണെന്ന് നമുക്ക് വിശ്വസിക്കാം. നമ്മുടെ ജീവിതത്തെ ദൈവം ഭാഗ്യകരമായ തുറമുഖത്ത് എത്തിക്കും. പ്രേമസ്വരൂപനായ ദൈവത്തിന്റെ കൃപയെന്ന കപ്പൽ അവൻ നമുക്ക് വേണ്ടി ഒരുക്കിയിട്ടുണ്ട്. നാം ചെയ്യേണ്ടത് ഇത്രമാത്രം. വിശ്വാസമെന്ന ടിക്കറ്റ് എടുത്ത് കപ്പലിൽ കയറുക. പറയാൻ എളുപ്പം പ്രായോഗികതയോ?

ഒരു കാര്യം കൂടി ഓർക്കാം. നമുക്ക് വേണ്ടി രാപ്പകൽ കഷ്ടപ്പെടുകയും, നിസ്വാർത്ഥസേവനം അനുഷ്ഠിക്കുകയും ചെയ്യുന്ന സിസ്റ്റേഴ്സിനോട് അന്തേവാസികളായ നമുക്കും കടപ്പാടുണ്ട് എന്നോർത്ത് അവർക്ക് വേണ്ടി പ്രാർത്ഥിക്കാം.

പരിശുദ്ധ ബാവാ തിരുമേനി എഴുന്നള്ളി അനുഗ്രഹിച്ച പ്രാർത്ഥനാലയത്തോടുകൂടിയ ഈ സ്ഥാപനം, ഒരു വൃദ്ധഭവനം എന്നതിലുപരിയായി ഒരു പ്രാർത്ഥനാകേന്ദ്രമായി തീർന്ന് ഇവിടെ നിന്ന് ശാന്തിയുടേയും, നിർമ്മല സ്നേഹത്തിന്റെയും സമാധാനത്തിന്റേയും അലകളും ഉറവകളും നാനാദിക്കുകളിലേക്ക് പ്രവഹിക്കുവാൻ ദൈവം കരുണ ചെയ്യുന്നതിനായി പ്രാർത്ഥിക്കാം.

ജീവകാരുണ്യ പ്രവൃത്തനങ്ങൾക്കായി തങ്ങളുടെ ജീവിതം ഉഴിഞ്ഞുവെച്ച് നിസ്വാർത്ഥ സേവനമാർഗ്ഗത്തിൽ കൂടി മുന്നേറുന്ന റാന്നി പെരുനാട് ബഥനി കോൺവെൻറിലെ സിസ്റ്റേഴ്സിന്റെ സമൂഹം എണ്ണത്തിലും, ദൈവമഹത്വത്തിലും വളരാൻ ദൈവത്തോടു പ്രാർത്ഥിക്കാം. ഈയുള്ളവളേയും ഓർക്കണമെന്നപേക്ഷിച്ചുകൊണ്ട്, കൂപ്പുകൈകളോടുകൂടി ഈ ലേഖനം അവസാനിച്ചു കൊള്ളട്ടെ.

100 മേനി വിജയം കൈവരിച്ചു വരുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റേയും, സാമാന്യം ഭേദപ്പെട്ട നല്ലൊരു ആശുപത്രിയുടേയും ഭാരിച്ച ചുമതല വഹിച്ചുവരുന്ന റാന്നി പെരുനാട് ബഥനി കോൺവെന്റിലെ സിസ്റ്റർ തന്നെയാണ് ഈ സ്ഥാപനത്തിന്റെയും ചുമതല വഹിച്ചുവരുന്നതെന്ന് തുടക്കത്തിൽ പറഞ്ഞുവല്ലോ.

ഇവരുടെയെല്ലാം ആഗ്രഹം ഈ സ്ഥാപനം ജീവിത സായാഹ്നത്തിലെത്തിച്ചേരുന്ന അഗതികളായ അമ്മച്ചിമാർക്ക് വേണ്ടി ഒന്നായിതീരണമെന്നാണ്.

എന്നാൽ സമയലഭ്യതയും സാമ്പത്തിക ഭദ്രതയും ദൈവത്തിന്റെ തിരുകരങ്ങളിലാണല്ലോ. ഇപ്പോൾ paying guests എന്ന വ്യവസ്ഥയിൽ താമസിക്കുന്ന മൂന്നു നാലു പേരുണ്ട്. വിദേശികൾക്ക് സുഖവാസസ്ഥലമെന്നതുപോലെ, താമസത്തിനെത്തുന്നവർക്ക് സ്നേഹം, എളിമ, സ്വാന്തനം എന്നിവ അരുളുന്ന ഒരു മാതൃകാ ഭവനമാണിത്.

paying guests എന്ന വ്യവസ്ഥയിൽ താമസിക്കുവാൻ ആഗ്രഹിക്കുന്നവർ നേരിൽ വന്ന് കണ്ട് തീരുമാനിക്കുന്നത് സന്തോഷപ്രദവും, ഉപകാര പ്രദവുമായിരിക്കുമല്ലോ.

EAPEN GEORGE
&
FAMILY
KOHIMA

പരിസ്ഥിതിയുടെ ആത്മീയത – VIII

ഈ ഭൂമി ആരുടേതാണ്?

പ്രൊഫ. കെ. പി. ജോയി

മനുഷ്യൻ ഭൂമിയുടെ ഭാഗമാണെന്ന് അംഗീകരിക്കുമ്പോൾ തന്നെ അടിസ്ഥാനപരമായ ഒരുചോദ്യം ഉന്നയിക്കപ്പെടുന്നു. ഈ ഭൂമി ആരുടേതാണ്? സ്വാഭാവികമായും സൃഷ്ടിച്ചവനാണു സൃഷ്ടിയുടെ ഉടമസ്ഥൻ എന്നതാണുത്തരം. “സംശയമുണ്ടെങ്കിൽ ഭൂമിയോടുതന്നെ ചോദിക്കൂ അതു നിന്നെ ഉപദേശിക്കുമെന്ന്” ഇയ്യോബിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പക്ഷേ ചരിത്രാതീതകാലം മുതലെ താനാണ് ഭൂമിയുടെ അധിപൻ എന്ന ധാരണയാണ് മനുഷ്യൻ വച്ചുപുലർത്തിയിരുന്നത്. അതുകൊണ്ടാണ് പ്രകൃതിയുമായി സമരം ചെയ്യുക, കീഴടക്കുക, നിയന്ത്രിക്കുക, വിജയക്കൊടി നാട്ടുക, ആധിപത്യം സ്ഥാപിക്കുക എന്നീ പദങ്ങൾ നിത്യജീവിതത്തിൽ നാം ഉപയോഗിച്ചുതുടങ്ങിയത്. ഇന്നത്തെ പരിസ്ഥിതി പ്രശ്നങ്ങളുടെ എല്ലാം ആധാരവും ഇതുതന്നെയാണ്. ഈ ധാരണയിൽ നിന്നുള്ള മോചനമാണ് മനുഷ്യന്റെയും ഭൂമിയുടെയും ആരോഗ്യകരമായ നിലനിൽപ്പിനാവശ്യം എന്ന് ആൽബർട്ട് എയിൻസ്റ്റീൻ പണ്ടേ മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

മനുഷ്യനും സ്രഷ്ടാവുമായുള്ള അസ്തിത്വപരമായ ബന്ധം വളരെ മനോഹരമായി ഇയ്യോബിന്റെ പുസ്തകം 12-ാം അദ്ധ്യായം 7–10 വരെയുള്ള വാക്യങ്ങളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. കാട്ടിലെ മൃഗങ്ങളും, ആകാശത്തിലെ പക്ഷികളും, സമുദ്രത്തിലെ മൽസ്യങ്ങളും എന്തിനേറെ ഭൂമി തന്നെ പറയും യഹോവയുടെ കൈവേലയാണിതു പ്രവർത്തിച്ചിരിക്കുന്നത് എന്ന്. ഇതു ഗ്രഹിക്കാത്തവനാരാണ്? സകല ജന്തുക്കളുടെയും പ്രാണനും സകല മനുഷ്യവർഗത്തിന്റെയും ശ്വാസവും അവന്റെ കൈയ്യിൽ ഇരിക്കുന്നു. “ഭൂമിയും അതിന്റെ പൂർണതയും ഭൂതലവും അതിന്റെ സകല നിവാസികളും യഹോവയ്ക്കുള്ളതാകുന്നു” (സങ്കീ. 24:1–2). ദൈവത്തിന്റെ ഈ ഉടമസ്ഥാവകാശം മറ്റു സങ്കീർത്തനങ്ങളിലും ഉടനീളം അടിവരയിട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. (സങ്കീ. 33: 6–7, 104:24, 78:69, 119:90–91, 95:4–7, 50:10–12, 148:5) ഇത് ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു എന്ന് വി. പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നു. (റോമ. 1:20). എന്നാൽ വിദൂരങ്ങളിലെങ്ങോ ഇരുന്നു ഒരു മജിഷ്യന്റെ മായാജാല വിദ്യയിലൂടെ എന്ന പോലെയല്ല, മറിച്ച് ഒരു വിദഗ്ധനായ ആർകിടെക്ടിനെപ്പോലെ രൂപകൽപ്പനചെയ്ത് “സ്വന്തം വിരലുകളുടെ പണിയായി” (സങ്കീ. 8:3), “കൈകൾകൊണ്ട് മെനഞ്ഞ്” (സങ്കീ. 95:5) “ഒരിക്കലും ഇളകിപ്പോകാതിരിക്കത്തക്കവണ്ണം” (104:5) “സമുദ്രങ്ങളുടെ മേൽ അവൻ അതിനെ സ്ഥാപിക്കുക” (സങ്കീ. 24–2) യാണു ചെയ്തത്. സൃഷ്ടിക്കപ്പെട്ട സകലതുമായുള്ള ഈ ആത്മബന്ധം കാരണം സൃഷ്ടാവ് പ്രഖ്യാപിച്ചു. “ഈ ലോകവും അതിന്റെ നിറവും എന്റേതത്രേ” (സങ്കീ. 50:12). അതുകൊണ്ട് അവന്റെ “സകല പ്രവർത്തികളും അവനു സ്തോത്രം ചെയ്യുമെന്നും” (145:10), “എല്ലാവരുടെയും കണ്ണ് അവനെ നോക്കി കാത്തിരിക്കുന്നുവെന്നും”, (145:15) സങ്കീർത്തനക്കാരൻ പുകഴ്ത്തുന്നു.

ഭൂമിയെ മനുഷ്യനു വിട്ടുകൊടുക്കുന്നു.

ഭൂമി ദൈവത്തിന്റേതാണെങ്കിലും ദൈവം ഭൂമിയെ മനുഷ്യനെ ഏൽപ്പിക്കുകയാണ് ചെയ്തത്. സങ്കീർത്തനം 115:16 ൽ “സ്വർഗം യഹോവയുടെ സ്വർഗമാകുന്നു. ഭൂമിയെ അവൻ മനുഷ്യർക്കു കൊടുത്തിരിക്കുന്നു” എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ഭൂമി സൃഷ്ടാവിന്റേതാണ് എന്നത് ഭാഗികമായ ഉത്തരം മാത്രമാകുന്നു. സന്തുലിതമായ നിഗമനം ഭൂമി ദൈവത്തിന്റെ മനുഷ്യന്റെയും കൂട്ടായ ഉടമസ്ഥാവകാശമാകുന്നു എന്നാകുന്നു. ഭൂമിയെ സൃഷ്ടിച്ചതുകൊണ്ട് ഭൂമി ദൈവത്തിന്റേതാകുന്നു. മനുഷ്യന് വിട്ടുകൊടുത്തതുകൊണ്ട് ഭൂമി മനുഷ്യന്റേതുമാകുന്നു. എന്നാൽ സൃഷ്ടിയുടെമേൽ യാതൊരുവിധമായ അധികാരവും അവകാശവും നിയന്ത്രണവുമില്ലാതെ തീറാധാരമായി ഭൂമിയെ മനുഷ്യനു നൽകുകയല്ല ദൈവം ചെയ്തത്. പാട്ടത്തിനു ഏൽപിച്ചതുപോലെ അഥവാ കുടികിടപ്പുകാരനെപ്പോലെ ഉത്തരവാദിത്തമുള്ള ഒരു കാര്യവിചാരകത്വം മാത്രമാണ് പ്രതീക്ഷിച്ചത്. അഖിലാണ്ഡത്തിന്റെ മുഴുവൻ ഉടമസ്ഥനായ യഹോവ തന്നെയാണ് യഥാർത്ഥ ‘ലാൻഡ്‌ലോർഡ്’. ഈ ഇരട്ടസത്യമാണ് ഉല്പത്തി ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ സമർത്ഥമായി രേഖപ്പെടുത്തിയിരിക്കുന്നത്. ഉല്പത്തി 1:26 ലെ “അവൻ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ!” എന്ന വാക്യം ജീവജാലങ്ങളുടെമേൽ എന്തും ചെയ്യാനുള്ള ലൈസൻസുമായി ക്രൈസ്തവമതം വളരെനാൾ തെറ്റിദ്ധരിച്ചു അതുകൊണ്ടുതന്നെ പ്രകൃതി നാശത്തിന്റെ ഉത്തരവാദിത്വം ക്രൈസ്തവരുടെമേൽ കെട്ടിവെയ്ക്കുന്നതിനുള്ള ശ്രമവും നടന്നിട്ടുണ്ട്. ദൈവത്തിനു മാത്രമേ ഭൂമിയുടെമേൽ പൂർണാധികാരമുള്ളു. ഒരു പുത്രനു ജന്മം കൊടുക്കുന്ന പിതാവിന്റേതുപോലുള്ള സ്നേഹമിശ്രിണമായ ശുശ്രൂഷയാണീ അധികാരം. ‘വാഴുക’ എന്നു കല്പിച്ച് ഈ അധികാരം മനുഷ്യനു കൈമാറിയപ്പോൾ ദൈവം പ്രതീക്ഷിച്ചതും അതുതന്നെ. ഭൂമിയേയും പരിസ്ഥിതിയേയും അതിലെ സകല ജീവജാലങ്ങളേയും പരിരക്ഷിക്കുന്നതിനുള്ള വലിയ ഉത്തരവാദിത്വമാണിത്. കരുതലോടെ ദൈവം ഭൂമിയെ സൃഷ്ടിച്ചു. ആ കരുതൽ ഭൂമിയെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത മനുഷ്യനും ഉണ്ടാകണം. ഉൽപത്തി 2:15-ൽ ഇത് കൂടുതൽ വ്യക്തമാക്കിയിരിക്കുന്നു. “യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദൻ തോട്ടത്തിൽ വേലചെയ്യാനും അതിനെ കാപ്പാനും (to take care of) ആക്കി.” അപ്പോൾ ‘വാഴുക’ എന്നാൽ കാക്കുക എന്ന അർത്ഥമാകുന്നു.

ഭൂമി വരും തലമുറകളുടേതാണ്

പ്രാചീന സമൂഹങ്ങളിലെ പാരിസ്ഥിതിക ഉൾക്കാഴ്ച എത്രയോ മഹത്വരമായിരുന്നു എന്നു ഇന്നു നാം മനസിലാക്കി തുടങ്ങിയിരിക്കുന്നു. അന്വവല്കരിക്കപ്പെട്ട ആധുനിക മനുഷ്യന് ശാസ്ത്രീയ ഗവേഷണത്തിലൂടെ നേടി എടുക്കാൻ കഴിയാത്ത ഉൾക്കാഴ്ച പ്രകൃതിയുമായുള്ള നിരന്തര സഹവർത്തിത്വത്തിലൂടെ അവർ സായത്തമാക്കി. ഭൂമി നമ്മുടെ സ്വന്തം അല്ലെന്നും അതിന്റെ യഥാർത്ഥ അവകാശികൾ ഇനിയും പിറക്കാനിരിക്കുന്ന തലമുറകളാണെന്നുമുള്ള അവരുടെ തിരിച്ചറിവ് ആത്മീയതയിലൂന്നിയ ബുദ്ധി ജ്ഞാനപ്രകാശനമായിരുന്നു. ഏതാണ്ട് ഒന്നര നൂറ്റാണ്ട് മുൻപ് ഭൂമിയോടുള്ള നമ്മുടെ ബന്ധത്തെക്കുറിച്ച് സിയാറ്റിലിലെ ആദിവാസി തലവൻ നടത്തിയ ലോക പ്രസിദ്ധമായ പ്രസ്താവനയിലും ഭൂമി മനുഷ്യന്റെ സ്ഥിരാവകാശമല്ല എന്ന ദർശനമാണ് അന്തർലീനമായിരിക്കുന്ന അദ്ദേഹം പറഞ്ഞു.

“നമ്മൾ ഈ ഭൂമിയുടെ ഭാഗമാണ്. ഭൂമി നമ്മളുടേതും.. ഇതിന്റെ ഓരോഭാഗവും പവിത്രമാണ്. സുവാസിതങ്ങളായ പുഷ്പങ്ങൾ നമ്മുടെ സഹോദരികളാണ് മാനും കുതിരയും പരുന്തും ഒക്കെ നമ്മുടെ സഹോദരന്മാരും..

പുഴകളിലും, തോടുകളിലും കൂടി ഒഴുകുന്ന തിളങ്ങുന്ന വെള്ളം വെറും വെള്ളമല്ല, നമ്മുടെ പിതാമഹന്മാരുടെ രക്തമാണ്, വെള്ളത്തിന്റെ മർമ്മസ്വരം നമ്മുടെ പൂർവ്വികന്മാരുടെ” ശബ്ദമാണ്.

വായു വിലപിടിപ്പുള്ളതാണ്. കാരണം എല്ലാ ജീവജാലങ്ങളും ശ്വസിക്കുന്നത് ഒരേ ശ്വാസമാണ്. മൃഗങ്ങളും മരങ്ങളും മനുഷ്യരും എല്ലാം ശ്വസിക്കുന്നത് ഒരേ വായുവാണ്.

നിങ്ങളുടെ പാദങ്ങളുടെ കീഴെയുള്ള മണ്ണ് നിങ്ങളുടെ പിതാമഹന്മാരുടെ ഭൗതീകാവശിഷ്ടമാണെന്ന് നിങ്ങൾ നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കണം. അങ്ങനെ അവർ ഈ മണ്ണിനെ ബഹുമാനിക്കട്ടെ.

> ***“നിങ്ങളുടെ പാദങ്ങളുടെ കീഴെയുള്ള മണ്ണ് നിങ്ങളുടെ പിതാമഹന്മാരുടെ ഭൗതീകാവശിഷ്ടമാണെന്ന് നിങ്ങൾ നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കണം. അങ്ങനെ അവർ ഈ മണ്ണിനെ ബഹുമാനിക്കട്ടെ.***
>
> ***ഈ ഭൂമി നമ്മുടെ ബന്ധുക്കളുടെ ജീവൻകൊണ്ട് ധന്യമാണെന്ന് നിങ്ങൾ നിങ്ങളുടെ കുട്ടികളോട് പറയണം.”***

ഈ ഭൂമി നമ്മുടെ ബന്ധുക്കളുടെ ജീവൻകൊണ്ട് ധന്യമാണെന്ന് നിങ്ങൾ നിങ്ങളുടെ കുട്ടികളോട് പറയണം..

ഭൂമി നമ്മുടെ അമ്മയാണ്. ഈ ഭൂമിക്ക് സംഭവിക്കുന്നതെല്ലാം ഇതിന്റെ മക്കൾക്കും സംഭവിക്കും.

മനുഷ്യൻ ഈ ഭൂതലത്തിൽ തുപ്പിയാൽ അവൻ അവന്റെ തന്നെ ദേഹത്ത് തുപ്പുന്നതിന് തുല്യമാണെന്ന് നമ്മൾക്കറിയാം.

എല്ലാ വസ്തുക്കളും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. ഒരു കുടുംബത്തിലെ അംഗങ്ങളെ അന്യോന്യം സംയോജിപ്പിക്കുന്ന രക്തം പോലെ ഈ ഭൂമിയിലുള്ളതെല്ലാം അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു...

ജീവന്റെ വല മനുഷ്യൻ നെയ്തല്ല. അവൻ അതിന്റെ വെറും ഒരു കണ്ണിമാത്രമാണ് ഈ വലയുടെമേൽ അവൻ ചെയ്യുന്നതെല്ലാം അവൻ അവനോടു തന്നെ ചെയ്യുന്നു.”

1854-ൽ വാഷിംഗ്ടണിലെ വെള്ളക്കാരുടെ പ്രമാണി അവിടുത്തെ സ്ഥിരവാസക്കാരയായ റെഡ് ഇന്ത്യക്കാരുടെ ഭൂമിയുടെ വലിയ ഒരു ഭാഗം ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ വിലപേശലിന് സിയറ്റിലിലെ ആദിവാസി മുഖ്യൻ നൽകിയ ഈ മറുപടി വെറും വികാരപരമായ ഒരു പ്രസ്താവനയല്ല. പ്രകൃതിയെക്കുറിച്ച് മനുഷ്യൻ ഇന്നേവരെ നടത്തിയ എല്ലാ ശാസ്ത്രീയ ഗവേഷണങ്ങളേയും, നിഗമനങ്ങളേയും കാൾ എത്രയോ മികച്ചതാണീ മറുപടി. ഈ ഭൂമി വിൽക്കാനുള്ളതല്ല, കാരണം ഇതു നമ്മുടേതല്ല എന്നദ്ദേഹം അവരോടു പറഞ്ഞു. വരും തലമുറകളിൽ നിന്ന് കടം വാങ്ങിയതാണ് ഈ ഭൂമി. അതവർക്കു തിരികെ നൽകാനുള്ള ബാദ്ധ്യത മാത്രമേ നമുക്കുള്ളു എന്നദ്ദേഹം വിശ്വസിച്ചു.

ഭൂമിയെ നിത്യാവകാശമായി വില്ക്കരുതെന്നു ലേവ്യപുസ്തകത്തിൽ (ലേവ്യ 25:23) സാക്ഷീകരിക്കുന്നതിന്റെ ആവർത്തമാണിത്.

പ്രകൃതിസൃഷ്ടികളിലൂടെ ഈശ്വരനെ മുഖാമുഖം ദർശിക്കുന്നതിനും പ്രകൃതിയുടെ ഭാഗമായി നമ്മെതന്നെ അങ്ങനെ സജീവമായി സ്വയം കാണുന്നതിനുമുള്ള പുതിയ നേത്രങ്ങളാണ് പരിസ്ഥിതിയുടെ ആത്മീയത നമുക്കു പ്രദാനം ചെയ്യുന്നത്. അഖിലാണ്ഡത്തിന്റെ ഭൗതികമായ താളലയ വിന്യാസത്തിൽ പങ്കാളികളാവുമ്പോൾ തന്നെ അതിന്റെ നിലനില്പിനാധാരമായ ആത്മീയ പ്രപഞ്ചത്തെ മഹത്വീകരിക്കുന്നതിനും, “അതിന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നതിനും” ഉള്ള ഒരു ക്ഷണക്കത്തുകൂടി ആണിത്. ‘ഭാഷണമില്ല വാക്കുകൾ ഇല്ല, ശബ്ദം കേൾപ്പാനുമില്ല. ഭൂമിയിൽ എല്ലാടവും അതിന്റെ അളവുനൂലും ഭൂതലത്തിന്റെ അറ്റത്തോളം അതിന്റെ വചനങ്ങളും ചെല്ലുന്നു.’ (സങ്കീ. 19:4–5). ഈ അറിവ് അൽപബുദ്ധികളെ ജ്ഞാനികളാക്കുന്നു, പ്രാണനെ തണുപ്പിക്കുന്നു, ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. നാം ആരാണ്? എന്താണ്? എന്നതിനുത്തരവും ഈ ലോകത്തിന്റെ ഭാഗമാണ്, വിശേഷബുദ്ധികൊണ്ട് അഖിലാണ്ഡത്തിലെ ഉന്നത പുരോഹിതനാണ് എന്നുള്ള ഉൾക്കാഴ്ചയുമാണ് ഇതുവഴി ലഭിക്കുന്നത്.

(അടുത്തതിൽ “പരമാധികാരത്തിന്റെ പൊരുൾ”)

◆

വനിതാസഭ

ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കണമോ?

പൊന്നമ്മ ഫിലിപ്പ്, റിട്ടയേർഡ് ഹെഡ്മിസ്ട്രസ്സ്, കല്ലുങ്കൽ

വിവാഹപ്രശ്നങ്ങൾ നമുക്ക് ചുറ്റുപാടും ഇന്ന് വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. പണ്ടു കാലത്ത് വിവാഹമോചനങ്ങൾ ധാരാളമുണ്ടായിരുന്നത് മറ്റു സമുദായങ്ങളിൽ ആയിരുന്നു. ക്രിസ്തീയ സമുദായങ്ങളിൽ ഈ പ്രവണത ഒട്ടും തന്നെ ഇല്ലായിരുന്നു. ദമ്പതികളുടെ ഇടയിൽ പ്രശ്നങ്ങൾ എത്ര തന്നെ ഉണ്ടായിരുന്നാലും അതെല്ലാം ശിരസ്സാ വഹിച്ച്, വിധിയെ പഴിച്ചുകൊണ്ട് കഴിയുക മാത്രമാണ് അവർ ചെയ്തിരുന്നത്. ഇന്ന് പുരുഷന്മാർക്കൊപ്പം എല്ലാ രംഗങ്ങളിലും സ്ത്രീകൾ പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ അവരുടെ മനോഭാവത്തിനും മാറ്റമുണ്ടായി. കാലം പുരോഗമിച്ചതോടുകൂടി പരസ്പര ധാരണയ്ക്കും വിശ്വാസത്തിനും കോട്ടം തട്ടിത്തുടങ്ങി.



വിവാഹം, ജീവിതത്തിലെ ഏറ്റവും അനുഗ്രഹിക്കപ്പെട്ടതോ അല്ലെങ്കിൽ ഏറ്റവും ദുരിതപൂർണ്ണമോ ആയ ബന്ധമായി തീരാം. വ്യത്യസ്ഥ ജീവിത പശ്ചാത്തലങ്ങൾ, ഒരിക്കലും ചേർന്നു പോകാത്ത ഇഷ്ടാനിഷ്ടങ്ങൾ, ക്ഷമയില്ലായ്മ, വിട്ടുവീഴ്ചാ മനോഭാവത്തിന്റെ കുറവ്, വിനയമില്ലായ്മ, ഞാനെന്നഭാവം, പ്രായമായവരോട് ആദരവ് കാണിക്കാതിരിക്കുക, പരസ്പര കുറ്റാരോപണം, എല്ലാറ്റിലും ഉപരിയായി ക്രിസ്തുവിൽ ഒന്നാകാത്ത അവസ്ഥ എന്നിവ മൂലം ജീവിതം ദുസ്സഹമാകുകയും എല്ലാ ബന്ധങ്ങളും പൊട്ടിച്ചു കൊണ്ട് വേർപരിയുവാനുള്ള പ്രവണത ദമ്പതികൾക്കിടയിൽ ഉണ്ടാകുകയും ചെയ്യുന്നു.

മർക്കോസിന്റെ സുവിശേഷം പത്താം അദ്ധ്യായത്തിൽ ഭാര്യാ ഭർത്തൃബന്ധത്തെപ്പറ്റി നമ്മുടെ കർത്താവ് വ്യക്തമായ ഒരു വിശദീകരണം പരീശന്മാരുടെ ചോദ്യത്തിനുത്തരമായി കൊടുത്തിരിക്കുന്നത് കാണാം. ഭാര്യയെ ഉപേക്ഷിക്കുന്നത് പുരുഷന് വിഹിതമോ എന്ന് യേശുവിനെ പരീക്ഷിക്കുന്നതിനു വേണ്ടി ചോദിച്ചു. മോശ നിങ്ങൾക്ക് എന്തു കല്പന തന്നു എന്ന് യേശു അവരോടു ചോദിച്ചു. ഉപേക്ഷണ പത്രം കൊടുത്ത് അവളെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചു എന്ന് അവർ പറഞ്ഞു. യേശു അതിന് മറുപടിയായി പറഞ്ഞത് "നിങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തമത്രേ ഈ കല്പന നിങ്ങൾക്ക് തന്നത്" എന്നാണ്. സൃഷ്ടിയുടെ ആരംഭത്തിലോ ദൈവം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു അതുകൊണ്ട് മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോടു പറ്റിച്ചേരും ഇരുവരും ഒരു ദേഹമായിതീരും, ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർ പിരിക്കരുത് എന്നും നമ്മുടെ കർത്താവ് ഉപസംഹരിക്കുന്നതായി കാണാം. ആയതിനാൽ വിവാഹമോചനം ദൈവഹിതമല്ല എന്ന് നമ്മുടെ കർത്താവിന്റെ വചനത്തിൽ കൂടി നമുക്ക് മനസ്സിലാക്കാം.

മലാഖി രണ്ടാം അദ്ധ്യായത്തിന്റെ 14,15 വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു. "അവൾ നിന്റെ കൂട്ടാളിയും ധർമ്മപത്നിയും അല്ലോ? യൗവനത്തിലെ ഭാര്യയോട് ആരും അവിശ്വസ്തത കാണിക്കരുത്. ഞാൻ ഉപേക്ഷണം വെറുക്കുന്നു എന്ന് യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു" അപ്പോൾ വിവാഹമോചനത്തെ ദൈവം എതിർക്കുന്നു എന്ന് പ്രവാചകനും വ്യക്തമാക്കിയിരിക്കുന്നതായി നമുക്കു കാണാം.

എഫേസ്യർ 5-ാം അദ്ധ്യായത്തിന്റെ 25-ാം വാക്യത്തിൽ "ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ" എന്ന് പൗലോസ് അപ്പോസ്തോലൻ പറയുന്നു. കർത്താവ് നമ്മോട് സ്നേഹത്തോടും, കരുണയോടും, ക്ഷമയോടും കൂടി ഇടപെട്ടു എന്ന സത്യം ഭർത്താക്കന്മാർ മനസ്സിലാക്കണം നാം പലതിലും തെറ്റിപ്പോകുന്നു എങ്കിലും കർത്താവ് തന്റെ മക്കളോട് ഒരുനാളും വിദ്വേഷത്തോടും, കോപത്തോടും ഇട പെടുന്നില്ല. പരസ്പര ധാരണയോടും ബഹുമാനത്തോടും കൂടി വർത്തിക്കുന്ന ദമ്പതികളുടെ കുടുംബ ജീവിതം സന്തോഷകരമായിരിക്കും.

സ്ത്രീകളെ അസമത്വമുള്ളവരായി കരുതിയിരുന്ന ഒന്നാം നൂറ്റാണ്ടിൽ അപ്പോസ്തോലനായ പൗലോസിന്റെ വാക്കുകൾ ആശ്ചര്യം ഉളവാക്കുന്നവയാണ് ഗലാത്യർക്ക് എഴുതിയ ലേഖനം മൂന്നാം അദ്ധ്യായത്തിന്റെ 28-ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു. "യഹൂദനും, യവനനും എന്നില്ല ആണും, പെണ്ണും എന്നുമില്ല നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രെ" എന്നാണ് ഇതിന്റെ അന്തസത്ത എന്താണ്? യേശു ക്രിസ്തുവിലുള്ള വിശ്വാസമാണ് എല്ലാവരേയും സമമാക്കി തീർക്കുന്നത്.

ഉല്പത്തി പുസ്തകം 11-ാം അദ്ധ്യായം മുതലുള്ള ഭാഗത്ത് അനുകരണീയരായ ദമ്പതികളെ കാണാം -അബ്രഹാമും, സാറായിലും ദൈവത്തിന്റെ കല്പന അനുസരിച്ച് ജീവിച്ചവർ. ജീവിത അവസാനം വരെ ദൈവനിയോഗ പ്രകാരം സ്നേഹത്തോടും, സഹകരണത്തോടും അവർ ജീവിച്ചു. എന്നാൽ യിസഹാക്കിലും, റിബേക്കയിലും ആദ്യ സ്നേഹം പിന്നീടു കണ്ടില്ല. മക്കൾ കാരണം രണ്ടുപേരും രണ്ടു ധ്രുവങ്ങളിലായി ധ്രുവീകരണ കാരണം ദൈവമില്ലാത്തതാണ്. ജീവിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യമാണ് വിവാഹത്തിന്റെ കാതൽ ഭാര്യയുടേയും, ഭർത്താവിന്റേയും മദ്ധ്യത്തിൽ സ്നേഹമുണ്ടെങ്കിൽ അവിടെ ദൈവമുണ്ട് അടുത്ത തലമുറയെ രക്ഷിക്കണമെങ്കിൽ ധ്രുവീകരണവും, ഉപേക്ഷിക്കലും അവസാനിപ്പിക്കണം. കുഞ്ഞുങ്ങൾ ജനിച്ച ശേഷമുള്ള വേർപിരിയൽ അവരെ ശരിക്കും ബാധിക്കും. അപ്പനമ്മമാരെ വെറുക്കും, തങ്ങളേ തന്നെ വെറുക്കും, സുരക്ഷിത ബോധത്തിന്റെ അഭാവം അവരെ എന്തും ചെയ്യുവാൻ പ്രേരിപ്പിക്കും.

തമ്മിൽ, തമ്മിൽ പൊറുക്കുവാനും, സ്നേഹിക്കുവാനും എല്ലാ ദമ്പതികൾക്കും കഴിയണം ഇന്നത്തെ ലോകത്തിലെ പിരിമുറുക്കങ്ങൾക്കിടയിൽ തകർന്നിരിക്കുന്നതും, തകർന്നുകൊണ്ടിരിക്കുന്നതുമായ കുടുംബങ്ങൾ ഉണ്ടാകുവാനുള്ള ഒരു പ്രധാന കാരണം ക്രിസ്തുവിൽ ഒന്നാകാത്തതു കൊണ്ടാണ്. ദമ്പതികൾക്ക് കൂട്ടായ ഒരേ ഒരു ഉദ്ദേശമുണ്ടെങ്കിൽ വേർ പിരിയലിന്റെ പ്രശ്നമേ ഉദിക്കുകയില്ല.

പുതിയ നിയമ ഭാഗത്ത് പക്വതയുടെ വർഷങ്ങൾ പിന്നിട്ട അപൂർവ്വ ദമ്പതികളെ കാണാം- അക്വിലാവ്, പ്രിസ്ക്കില്ല, അപ്പോസ്തോലപ്രവർത്തികൾ 18 ന്റെ 18-ാം വാക്യം, 1 കോരിന്ത്യർ 16 ന്റെ 19,2 തീമഥെയോസ് 4 ന്റെ 19, റോമർ 16 ന്റെ 3 തുടങ്ങിയ വാക്യങ്ങളിൽ ഇവയുടെ പേരുകൾ ഒന്നിച്ചു കാണുന്നു. പൗലോസിനെ സഹായിക്കുന്നതിലും, അവരുടെ വിവാഹജീവിതത്തിന്റെ കെട്ടുറപ്പ് പ്രതിഫലിപ്പിക്കുന്നതിനും കാരണമായ സ്വഭാവ വിശേഷങ്ങൾ നമുക്കു കാണാം. അവർ ഒത്തൊരുമിച്ച് ജോലി ചെയ്തു. അവർ അതിഥികളോട് സൗഹൃദം കാണിച്ചു അവരുടെ ഭവനത്തിൽ ഒരു സഭ കൂടിയിരുന്നു. അവർ സ്വാർത്ഥ രഹിതരും, ധൈര്യശാലികളും ആയിരുന്ന പൗലോസിനു വേണ്ടി തന്റെ കഴുത്തു വച്ചവരായിരുന്നു എന്ന് പൗലോസ് പറയുന്നു. ഇങ്ങനെ നോക്കുമ്പോൾ അക്വിലാവും, പ്രസ്ക്കില്ലയും വേർപിരിക്കാൻ ആവാത്ത ഒരു ടീമായിരുന്നു എന്നു കാണാം.

അനുഗ്രഹീതമായ ഒരു കുടുംബജീവിതം സൃഷ്ടിക്കുവാൻ ഒരാൾ വിചാരിച്ചാൽ മാത്രം നടക്കില്ല. തമ്മിൽ, തമ്മിൽ പൊറുക്കുവാനും, സ്നേഹിക്കുവാനും എല്ലാ ദമ്പതികൾക്കും കഴിയണം ഇന്നത്തെ ലോകത്തിലെ പിരിമുറുക്കങ്ങൾക്കിടയിൽ തകർന്നിരിക്കുന്നതും, തകർന്നുകൊണ്ടിരിക്കുന്നതുമായ കുടുംബങ്ങൾ ഉണ്ടാകുവാനുള്ള ഒരു പ്രധാന കാരണം ക്രിസ്തുവിൽ ഒന്നാകാത്തതു കൊണ്ടാണ്. ദമ്പതികൾക്ക് കൂട്ടായ ഒരേ ഒരു ഉദ്ദേശമുണ്ടെങ്കിൽ വേർ പിരിയലിന്റെ പ്രശ്നമേ ഉദിക്കുകയില്ല.

◆

4TH DEATH ANNIVERSARY

22.02.2001

MR. K.I. THOMAS

Bhopal

Time has not healed the wounds of your departure & irreparable loss to the family. The void created by your absence in our lives can never be filled. You were an ideal husband, a longing father and above all a noble soul.

Mrs. Thomas

Plot No. 49, Mahabali Nagar, Netaji Housing - Soceity, Kolar Road, Bhopal-462016

10-ാം പേജിൽ നിന്നു തുടർച്ച്

1. നിങ്ങളുടെ മക്കൾ മറന്നാലും സഭ നിങ്ങളെ ഓർക്കുന്നു.

എല്ലാ വാങ്ങിപ്പോയവരെയും ഓർത്ത് ഇന്ന് സഭ പ്രാർത്ഥിക്കുന്നു മാതാപിതാക്കൾ, കുടുംബാംഗങ്ങൾ എന്നിവരെയെല്ലാം ഓർക്കുന്നു. ഇത് എല്ലാ വർഷവും ചെയ്യുന്നു. എല്ലാ ആരാധനയിലും ഓർത്തു പ്രാർത്ഥിക്കുന്നു. പല കുടുംബാംഗങ്ങളും തങ്ങളുടെ മാതാപിതാക്കൾ അഥവാ വാങ്ങിപ്പോയവരെ ഓർത്തു പ്രാർത്ഥിക്കുന്നില്ലായിരിക്കും. മക്കൾക്ക് ചിലർക്കും സമയം ഇല്ലായിരിക്കാം. ചിലർക്ക് ഇത് വലിയ കാര്യമായി തോന്നുന്നില്ലായിരിക്കാം പക്ഷെ മക്കൾ നിങ്ങളെ മറന്നാലും നിങ്ങൾ വാങ്ങിപ്പോയാലും സഭ നിങ്ങളെ ഓർക്കുന്നു. ഓർക്കും എന്നതിന്റെ ഉറപ്പാണ് ഈയാഴ്ച നമ്മിൽ നൽകുന്ന ഒരു സന്തോഷം.

2. വാങ്ങിപ്പോയവർ കർതൃ സഭയുടെ അദൃശവശം

ഇടവക പൊതുയോഗത്തിൽ ഇരിക്കുന്നവരോ, പള്ളിക്കമ്മറ്റിയിൽ തെരഞ്ഞെടുക്കപ്പെടുന്നവരോ അല്ലാ എങ്കിലും ജീവനുള്ളവരേക്കാൾ വലിയ ഒരു സമൂഹം സഭയ്ക്കുണ്ട് അതാണ് പൗലൂസ് പറഞ്ഞ സാക്ഷികളുടെ വലിയോരു സമൂഹം. അതാണ് സഭയുടെ അദൃശ വശം. അവരെ ഓർത്തു കൊണ്ടാണ് വി. കുർബ്ബാന ആരംഭിക്കുന്നത്. (കർത്താവേ നിൻ രക്ത ശരീരങ്ങൾ.... ഗാനം) ആരാധനയിൽ അവരുടെ സജീവ സാന്നിധ്യം ഉണ്ട്. ആരാധനയിൽ സഭ മുഴുവനായി പങ്കെടുക്കുന്നതിനാൽ ഈ സമൂഹവും അതിൻ പങ്കുകാരാണ്. അതിനാൽ നാം അവരെ ഇന്ന് പ്രത്യേകാൽ ഓർക്കുന്നു എന്നു മാത്രം. കാരണം നോമ്പിലേക്ക് കടക്കുകയാണ്.

3. ഇവർക്കുവേണ്ടി പ്രാർത്ഥിച്ചാൽ പ്രയോജനം ഉണ്ടോ?

വാങ്ങിപ്പോയവർ ശരീരപ്രകാരം കടന്നു പോയെങ്കിലും അവർ ജീവിക്കുന്നവരാണ്. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" യോഹന്നാൻ 11:26 അവർ സജീവരാകയാൽ സഭയുടെ അവയവം ആകയാൽ, അവരെ ഓർക്കാതിരിക്കുന്നത് പൂർണ്ണമായ പ്രാർത്ഥനയല്ല. സ്വർഗ്ഗവും നരകവുമൊന്നും നമ്മുടെ ലിസ്റ്റിൻ പ്രകാരമല്ല നിശ്ചയിക്കുന്നത്. രക്ഷ ദൈവത്തിന്റെ ദാനമാണ്. ദാനം എങ്ങനെ കൊടുക്കണമെന്ന് ദാതാവ് നിശ്ചയിച്ചു കൊള്ളും. തന്നെയുമല്ല നമ്മുടെ പ്രാർത്ഥനകൾ കർത്താവിന്റെ വിധി ദിവസത്തിൽ അവരോടു കരുണ ചെയ്യേണമേ എന്നാണ്. കരുണ ചെയ്യുമോ ഇല്ലയോ എന്നത് നിശ്ചയിക്കുന്നത് അവനാണ്. "ദൈവം മരിച്ചവരോടും ജീവനുള്ളവരോടും ദയവുള്ളവനാണ്" രൂത്ത് 2.20 2 തിമൊത്തി 1.16–18 വരെ പൗലൂസ് വാങ്ങിപ്പോയ ഒനേസിഫോറസിനുവേണ്ടി പ്രാർത്ഥിക്കുന്നു. അതിനാൽ നമുക്കും പ്രാർത്ഥിക്കാം.

4. ദൈവത്തോടും തന്റെ ജനത്തോടും ചേരലാണ് മരണം.

വി. പൗലോസ് പറയുന്നു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ ഇഷ്ടപ്പെടുന്നു 2 കോരി 5:6 ഗോത്രപിതാവായ യാക്കോബിന്റെ മരണം ഉല്പ. 49:33-ൽ കാണാം. "അവൻ പ്രാണനെ വിട്ടു തന്റെ ജനത്തോടു ചേർന്നു." പൂർവ്വ പിതാക്കന്മാരോടും, ദൈവത്തോടും ഉള്ള ചേരലാണ് മരണം എന്ന് ഈ രണ്ടു ഭാഗങ്ങളും കാണിക്കുന്നു. യാക്കോബിന്റെ മരണശേഷം 40 ദിവസം ധൂപപ്രാർത്ഥന നടത്തിയതും ശ്രദ്ധിക്കുക ഉല്പ. 50:3.

5 യജമാനൻ ഏതുസമയത്തും നമ്മെയും വിളിക്കാം.

വാങ്ങിപ്പോയവരെ ഓർത്തു പ്രാർത്ഥിക്കുന്ന ഈയാഴ്ച ഒന്നു കൂടെ കാണുക. നമ്മെയും ഏതു യാമത്തിലും ആത്മാക്കളുടെ ഉടയവൻ വിളിക്കാം. ജീവിതത്തിന്റെ ഏതുയാമത്തിലും അവ സംഭവിക്കാം. ചിലരെ ഒന്നാം യാമത്തിൽ (ബാല്യത്തിൽ) വിളിക്കാം. ചിലരെ യൗവനത്തിൽ ചിലരെ വാർദ്ധക്യത്തിൽ ആവാം. പക്ഷെ ഒരുക്കം എപ്പോഴും ആവശ്യം അവൻ വിളിച്ചാൽ പോയേ മതിയാവൂ. സ്ഥാനമാനങ്ങൾ, പണം, പദവി ഒന്നും ഇവിടെ പ്രശ്നമല്ല. ഉണർവ്വുള്ളവരായിരിക്കാം.

ഫെബ്രുവരി 25
നോമ്പിലെ ഒന്നാം ഞായർ
(കൊത്തിനെ)
വി. യോഹന്നാൻ 2:1–11

വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുന്നു. ലോകരക്ഷകനായ കർത്താവ് നോറ്റ 40 ദിവസത്തെ നോമ്പു തന്റെ കഷ്ടാനുഭവത്തെ ഓർക്കുന്ന പത്തു ദിവസവും ചേർത്ത് അൻപതുനോമ്പായി നാം ആചരിക്കുന്നു. ഓരോ ഞായറാഴ്ചയും ഓരോ അത്ഭുതങ്ങൾ നടന്നത് ധ്യാനിക്കുന്നു. എന്താണ് നോമ്പ്? ഇതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? നോമ്പിലൂടെ പ്രധാനമായി മൂന്നുവിധ അനുഭവങ്ങൾ ശക്തമാകണം a) സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധം ശരിയാക്കുക. സ്രഷ്ടാവായ ദൈവത്തോടു നമ്മുടെ ബന്ധം എങ്ങനെയിരിക്കുന്നു എന്ന് ശക്തമായ ഒരു സ്വയശോധന ഈ നാളിൽ ഉണ്ടാകണം. അതുകൊണ്ടാണ് നോമ്പിൽ കൂടുതൽ പ്രാർത്ഥിക്കുന്നതും. കുമ്പിടുന്നതും ആരാധിക്കുന്നതുമെല്ലാം.

ഞായർദിന ചിന്തകൾ

b) സമസൃഷ്ടങ്ങളോടു ബന്ധം എങ്ങനെ എന്ന് ശോധന ചെയ്യണം. എനിക്ക് നോമ്പാണ് പക്ഷെ എന്റെ സഹോദരനോട് പിണക്കം ആണ്. നോമ്പാണ് പക്ഷെ ഭർത്താവുമായി മിണ്ടുന്നില്ല. നമ്മുടെ ബന്ധങ്ങൾ എങ്ങനെ എന്നു നോക്കണം.

c) സ്വയശിക്ഷണം (self Control) എന്റെ വായ്ഭക്ഷണത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നു പക്ഷെ, സഹോദരനെ പകയ്ക്കുവാൻ അതേ വായ് ശക്തമായിരിക്കുന്നു. സ്വയ നിയന്ത്രണത്തിന്റെ ഭാഗമായാണ് ഭക്ഷണ ക്രമീകരണങ്ങളും നിയന്ത്രണങ്ങളുമെല്ലാം. നോമ്പിനെ ലാഘവമായി കാണുന്ന ഒരു പ്രതീതി പലരിലും കാണുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും മറ്റു ഭക്ഷണ ക്രമീകരണങ്ങളിൽ കല്പിച്ചിരുന്ന ഇളവുകൾ കാരണം ഇന്ന് മിക്കവരും ഗർഭിണികളും മുലയൂട്ടുന്നവരുമായി മാറുന്നതായി കാണുന്നു. പല സഭാവിഭാഗങ്ങളും പവിത്രമായ ഈ നോമ്പിന്റെ അനുഭവങ്ങൾ കുറച്ചിരിക്കുന്നു. യാതൊരു കാരണവശാലും ഇക്കാര്യത്തിൽ നാം ലാഘവം കാട്ടരുത്. നോമ്പു നോൽക്കാത്തവന് നോമ്പ് വീടൽ അനുഭവിക്കാൻ എന്താണവകാശം. എസ്.എസ്. എൽ.സി. എഴുതാത്തവൻ റിസൾട്ടിന് കാത്തിരിക്കുന്നത് എന്തിന്?

ഇന്നത്തെ വേദവായന കർത്താവ് കാനാവിലെ കല്ല്യാണത്തിൽ സംബന്ധിച്ച് വെള്ളത്തെ മേൽത്തരം വീഞ്ഞാക്കിയ സംഭവം ആണ്. ചില ചിന്തകൾ പരിശോധിക്കാം.

1) യേശു മദ്യംഉണ്ടാക്കി കൊടുത്ത സംഭവമല്ല ഇത്.

യേശു കാനാവിലെ കല്ല്യാണത്തിന് വീഞ്ഞുണ്ടാക്കിക്കൊടുത്തല്ലോ അതിനാൽ യേശു മദ്യം ഉണ്ടാക്കിയില്ലേ? മദ്യം കഴിക്കാം എന്ന് ആഹ്വാനം ചെയ്തതല്ലേ? അതിനാൽ ഓർത്തഡോക്സുകാരന് അഥവാ ക്രിസ്ത്യാനിക്ക് മദ്യം നിഷിധമല്ലല്ലോ? മദ്യവ്യാപാരം തെറ്റല്ലല്ലോ? എന്നു വ്യാഖ്യാനിക്കുന്ന പലരെയും കണ്ടുമുട്ടാറുണ്ട്. അവനവൻ ചെയ്യുന്ന ഇത്തരം കൃത്യങ്ങൾ തെറ്റാണെന്ന് അറിയാമായിരുന്നിട്ടും ചെയ്യുന്നതിന് ന്യായീകരണം കണ്ടെത്തുവാൻ ശ്രമിക്കുന്ന വിശ്വാസികൾ ചെന്നെത്തുന്നതാണ് യേശു മദ്യം ഉണ്ടാക്കി എന്ന നിഗമനം കാനാവിൽ കല്യാണ ദിവസത്തെ സംഭവം അതല്ല. വേദപുസ്തകം മദ്യത്തിനെതിരാണ്. മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന യാഥാർത്ഥ്യം തിരുവചനം ശക്തമായി പറയുന്നു. അവ ഒരു വലിയ വിഷയമാകയാൽ ഈ ചെറിയ കുറിപ്പിൽ വിശദീകരിക്കാനാവുന്നില്ല. പിന്നെ എന്താണ് അവിടെ സംഭവിച്ചത്? വിരുന്നുവീട്ടിലെ ഭക്ഷണത്തിലെ ഒരു പ്രധാന ഇനമായിരുന്ന വീഞ്ഞ് തീർന്നുപോയി. വീട്ടുകാരന്റെ നിസ്സഹായാവസ്ഥയിൽ യേശുക്രിസ്തുവിന്റെ അത്ഭുതങ്ങളുടെ ആരംഭം നടക്കുന്നു.

2) അപമാനത്തെ അഭിമാനമാക്കിയ യേശു.

വീട്ടുകാർ അപമാനപാത്രമാകുന്ന ഒരു സാഹചര്യത്തിൽ കർതൃസാന്നിധ്യം കൊണ്ട് അഭിമാനമാക്കി മാറ്റിയ ഒരു സംഭവമാണിത്. യേശുസാന്നിധ്യം ഉണ്ടെങ്കിൽ അവൻ കുറവുകളെ തീർക്കും. അപമാനം അഭിമാനമാക്കി മാറ്റും.

3) മാതാവിന്റെ സാന്നിധ്യവും നിർദ്ദേശവും നോക്കുക.

'സ്ത്രീയേ, എനിക്കും നിനക്കും എന്ത്' എന്ന് തമ്മിൽ എന്ത് എന്ന് മറ്റുമുള്ള വാക്കുകളിൽ തൂങ്ങി മാതാവിനെ തരം താഴ്ത്തിക്കാട്ടുവാൻ ചലർ നടത്തുന്നശ്രമങ്ങൾ അപലപനീയമാണ്. എന്നാൽ മാതാവ് പറയുന്ന വാക്കുകൾ "അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ" കല്പന പാലിക്കേണ്ടത് യേശുവിന്റേതാണ് എന്ന് സാരം.

4) ചോദ്യം ചെയ്യാതെ അനുസരിക്കുന്ന ശുശ്രൂഷക്കാർ.

കല്പാത്രം കൊണ്ടു വന്നു. വെള്ളം വക്കോളവും നിറച്ചു. വിരുന്നു വാഴിക്കു കൊടുക്കുവാൻ പറഞ്ഞു കൊടുത്തു. ഇതെന്താണ് എന്നോ ഇതു നടക്കുമോ എന്നോ, ഇതു വെറും വെള്ളമല്ലേ എന്നോ, ഒന്നും ചോദിക്കാതെ അനുസരിക്കുന്ന ശുശ്രൂഷക്കാർ. അവന്റെ വാക്ക് അനുസരിക്ക അവനാണ് ശുശ്രൂഷകൻ.

യേശു തരുന്ന വീഞ്ഞ് ഇതുവരെ ആരും നൽകാത്തതും മറ്റാർക്കും തരാൻ കഴിയാത്തതുമാണ്.

സാധാരണവീഞ്ഞിന്റെ ലഹരിയേക്കാൾ ശ്രേഷ്ഠമായ അനുഭവമാണ് യേശു തരുന്ന സന്തോഷം. അവൻ തന്ന സന്തോഷം മറ്റാരും തന്നിട്ടില്ല. മറ്റാർക്കും തരുവാൻ കഴിയുകയുമില്ല. അവൻ രൂപാന്തരപ്പെടുത്തുന്ന ദൈവമാണ്. വെള്ളത്തെ വീഞ്ഞാക്കിയ രൂപാന്തരം. സക്കായിയെ അബ്രഹാമിന്റെ സന്തതിയാക്കിയ രൂപാന്തരം. ശൗലിനെ പൗലൂസാക്കിയ രൂപാന്തരം. അതാണ് വെള്ളത്തെ രൂപാന്തരപ്പെടുത്തിയത്. നോമ്പിലൂടെ നടക്കേണ്ടതും അതാണ്.

മാർച്ച് 4
നോമ്പിലെ രണ്ടാം ഞായർ
(കുഷ്ഠരോഗിയെ സൗഖ്യം)
വി. ലൂക്കോസ് 5:12–16, 4:10–41

നിറയെ കുഷ്ടം നിറഞ്ഞ ഒരു രോഗി കർതൃസന്നിധിയിൽ കടന്നു വന്ന് കവിണ്ണു വീഴുന്നതും യേശു സൗഖ്യം നൽകുന്നതുമായ ഭാഗമാണ് ഇന്നത്തെ ചിന്താവിഷയം.

വെറുപ്പും അറപ്പും ഉളവാക്കുന്ന ഒരു അവസ്ഥയായിരുന്നു കുഷ്ഠരോഗികളുടേത്. ഇത്രയും ലോകം പുരോഗമിച്ചിട്ടും നാം ഇന്നും ഇത്തരം രോഗികളെ എങ്ങനെ കാണുന്നു എന്നു ചിന്തിക്കുക. അതിനേക്കാൾ വളരെ മടങ്ങ് പ്രയാസമുള്ള ഒരു നാളിലെ സംഭവമാണിത്. യേശു രോഗിക്കു സൗഖ്യം നൽകുകയും ഇതിന് പ്രചാരണം ഒന്നും വേണ്ടാ എന്ന് നിഷ്കർഷിക്കുകയും എന്നാൽ സഭാ നിയമങ്ങൾ പാലിക്കണം എന്ന് ഉത്ബോധിപ്പിക്കുകയും ചെയ്യുന്നു.

കുഷ്ഠരോഗിയുടെ അവസ്ഥ അറിയുവാൻ ലേവ്യാപുസ്തകം 13:45–46 വാക്യങ്ങൾ കാണുക. കുഷ്ഠരോഗി വസ്ത്രം കീറിക്കളയണം. തലമൂടാതിരിക്കയും അധരം മൂടുകയും വേണം. അശുദ്ധൻ അശുദ്ധൻ എന്ന് രാപ്പകൽ സ്വയം വിളിച്ചു പറയണം, വിശുദ്ധ സാധനങ്ങൾ തൊടരുത്. പാളയത്തിനു പുറത്ത് തനിച്ചു പാർക്കണം. ഈ അവസ്ഥയിലുള്ള ഒരുവനാണ് യേശുവിങ്കൽ അഭയം കണ്ടെത്തുന്നത്. നമ്മിലെ പാപ കുഷ്ഠങ്ങൾ മാറുവാൻ.

ഞായർദിന ചിന്തകൾ

1) ദൈവസന്നിധിയിൽ കവിണ്ണു വീഴണം

രക്ഷയും അഭയവും ദൈവമാണ് എന്ന പൂർണ്ണബോധത്തോടെ വിശ്വാസത്തോടെ അഹം ഭാവങ്ങൾ മാറ്റിവെച്ച് (I am something, I love Something, I can do something) എന്ന ധാരണ മാറ്റിവെച്ച് പാടേ വീഴുന്ന ഒരു അവസ്ഥയാണ് ശുദ്ധീകരണത്തിന് ആവശ്യം.

2) പരസ്യം വേണ്ടാ, പക്ഷെ ശുദ്ധീകരണ വഴിപാട് അർപ്പിക്കണം

സൗഖ്യമായവനോട് യേശു പറഞ്ഞു ഇത് ആരോടും പറയരുത്. പക്ഷെ ശുദ്ധീകരണ വഴിപാട് അർപ്പിക്കണം. ലേവ്യ 14-ൽ ശുദ്ധീകരണം നിയമം വിശദീകരിച്ചിട്ടുണ്ട്. ശുദ്ധീകരിച്ചത് യേശു നേരിട്ടാണ് എങ്കിലും ന്യായപ്രമാണ നിയമങ്ങൾ ചെയ്യുവാൻ യേശു ആവശ്യപ്പെടുന്നു. തന്നെയുമല്ല പുരോഹിതനു നിന്നെത്തന്നെ കാണിക്കുകയും വേണം.

3) ശുദ്ധീകരണം പ്രാപിച്ചവൻ വസ്ത്രം അലക്കി രോമം കത്രിച്ച് വെടിപ്പാക്കണം ലേവ്യ 14 9

രോമം കത്രിക്കുന്നത്. മനുഷ്യനിലെ മൃഗീയ സ്വഭാവങ്ങൾ ഉപേക്ഷിക്കുന്നതിന്റെ അടയാളവും വസ്ത്രം അലക്കുന്നത് ശുദ്ധീകരണത്തിന്റെ അനുഭവവുമാണ്. നോമ്പിലൂടെ സാധിക്കേണ്ടത് നമ്മുടെ മൃഗീയാവസ്ഥകൾക്ക് മാറ്റം വരുത്തി ജീവിത വസ്ത്രം അലക്കി ശുദ്ധിയാവുകയാണ്.

4) കുഷ്ഠരോഗി വായ്മൂടി പാളയത്തിനു പുറത്തു ജീവിച്ചിരുന്നു.

ശേഷം 33-ാം പേജിൽ

ജീവിത നിഷ്ഠയുടെ വിശുദ്ധിയുമായി നിയുക്ത കാതോലിക്കാ

കൊച്ചുമറിയാമ്മ ജോൺ

നാടുണരുന്നു..... മക്കൾ മനസ്സിലാക്കുന്നു....

പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ അഭി. തോമസ് മാർ തീമോത്തിയോസ് തിരുമേനിക്ക് ജൂബിലി മംഗളങ്ങൾ.

തിരുവല്ല നെടുമ്പ്രം മുളമൂട്ടിൽ ശ്രീ. ഇട്ടിയവിരാതോമസിന്റെയും മാവേലിക്കര ചിറമേൽ ശ്രീമതി. ശോശാമ്മയുടെയും പുത്രനായി 1921 ഒക്ടോബർ 29-ന് ജനിച്ചു. പ്രാഥമീക വിദ്യാഭ്യാസാനന്തരം 1939-ൽ പത്തനാപുരം താബോർ ദയറായിൽ ചേർന്ന് ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1945-ൽ കോട്ടയം സി.എം.എസ്. കോളേജിൽ നിന്നും ഇന്റർമീഡിയറ്റും 1951-ൽ ൽ തൃശ്ശിനാപ്പള്ളി നാഷണൽ കോളേജിൽ നിന്ന് ബി.എ. ബിരുദവും 1954-ൽ മദ്രാസ് മെസ്റ്റേൺ ട്രെയിനിംഗ് കോളേജിൽ നിന്ന് ബി.റ്റി യും 1961-ൽ കാൺപൂർ ക്രൈസ്റ്റ് കോളേജിൽ നിന്ന് ഇംഗ്ലീഷ് ഭാഷയിൽ എം. എ ബിരുദവും കരസ്ഥമാക്കി. പുണ്യശ്ലോകനായ തോമ്മാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെയും പ. ബസ്സേലിയോസ് ഔഗേൻപ്രഥമൻ കാതോലിക്കാ ബാവായുടെയും ശിക്ഷണത്തിൽ വൈദീക പരിശീലനം പൂർത്തിയാക്കി. 1944 മാർച്ച് 11-ന് കോറൂയോ പട്ടവും 1947 മെയ് 22-ന് പൂർണ്ണശെമ്മാശുപട്ടവും 1950 ജാനുവരി 25-ന് കശ്ശീശ്ശാ പട്ടവും പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും സ്വീകരിച്ചു. അങ്ങനെ താബോർ ദയറായിലൂടെ സഭയ്ക്ക് സി.റ്റി. തോമസ് അച്ചൻ ജനിച്ചു. തുടർന്ന് കുന്നന്താനം



പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ അഭി. തോമസ് മാർ തീമോത്തിയോസ് തിരുമേനിക്ക് മലങ്കരസഭയുടെ ജൂബിലി മംഗളങ്ങൾ.

സെ.മേരീസ്, വേങ്ങൽ സെ.ജോർജ്ജ് എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. തൃശ്ശിനാപ്പള്ളി പൊന്നയ്യാ ഹൈസ്ക്കൂൾ, സെന്റ് സ്റ്റീഫൻസ് ഹൈസ്ക്കൂൾ എന്നിവടങ്ങളിൽ ഹെഡ്മാസ്റ്റർ, പത്തനാപുരം സെ. സ്റ്റീഫൻസ് കോളേജിൽ ഇംഗ്ലീഷ് വിഭാഗം പ്രഫസർ, ഓർത്തഡോക്സ് യുവജന പ്രസ്ഥാനം പ്രസിഡന്റ് എന്നീ നിലകളിൽ സ്തുത്യർഹമായി പ്രവർത്തിച്ചു. 1965 മെയ് 16-ന് പ. ബസ്സേലിയോസ് ഔഗേൻ, പ്രഥമൻ കാതോലിക്കാബാവാ റമ്പാൻ സ്ഥാനം നൽകി. 1965 ഡിസംബർ 28-ന് കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷനിൽ മെത്രാൻ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1966 ഓഗസ്റ്റ് 24-ന് കോലഞ്ചേരി പള്ളിയിൽ വച്ചു നടന്ന മെത്രാൻ സ്ഥാനാഭിഷേകത്തിൽ തോമസ് മാർ തീമോത്തിയോസ് എന്ന നാമധേയത്തിൽ പ. ബസ്സേലിയോസ് ഔഗേൻ കാതോലിക്കാ ബാവാ മെത്രാപ്പോലീത്താ ആയി വാഴിച്ചു. 1966 നവംബർ 11-ന് മലബാർ ഭദ്രാസനാധിപനായി നിയമിതനായി. 1992 സെപ്റ്റംബർ 10-ന് പരുമലയിൽ കൂടിയ അസ്സോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടേയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. പത്തനാപുരം മൗണ്ട് താബോർ ദയറായുടെയും മഠത്തിന്റേയും ജനറൽ സുപ്പീരിയറായി സേവനം തുടരുന്നു. പേർഷ്യൻ, ഗൾഫ് രാജ്യങ്ങൾ, റഷ്യ, അർമ്മീനിയ, റുമേനിയ, അമേരിക്ക, കാനഡാ, ഇംഗ്ലണ്ട്, ജർമ്മനി, തുടങ്ങിയ രാജ്യങ്ങളും വിശുദ്ധ നാടുകളും സന്ദർശിച്ചിട്ടുണ്ട്.

1966-ൽ മലബാർ ഭദ്രാസന മെത്രാപ്പോലീത്തയായി. കാടും മേടും നിറഞ്ഞ മലബാർ, ദേവാലയങ്ങളുടെയും വൈദീകരുടെയും അഭാവത്താൽ ആത്മീയദാഹം ശമിപ്പിക്കാനാകാതെ വേദനിച്ചു കിടന്ന കുടിയേറ്റ ക്രിസ്ത്യാനികളാൽ നിറഞ്ഞിരുന്നു. ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി കഷ്ടപ്പെ

ബാലസഭ

നടവഴികൾ.....

കൂട്ടുകാരുടെ രചനകൾ

English Corner

ബുദ്ധിമാൻ

എഡിറ്ററുടെ സന്ദേശം.....

പ്രിയപ്പെട്ട കൂട്ടുകാരെ,

വചന ചാർത്ത്.....

"നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും, പാതയ്ക്ക് പ്രകാശവുമാകുന്നു" സങ്കീ: 119

ട്ടുണ്ടാക്കിയ കുറച്ചു ദേവാലയങ്ങളും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ചുരുക്കം ചില വൈദികരും മാത്രമായിരുന്നു അന്നു മലബാറിന്റെ സ്വത്ത്. വൈദീകരുടെ സ്ഥിതി മെച്ചമായിരുന്നില്ല. ഈ പ്രാരാബ്ദങ്ങളുടെ നടുവിലാണ് തിരുമേനി ഭദ്രാസനമെത്രാപ്പോലീത്താ ആയി ചുമതലയേറ്റത്. പട്ടിണി കിടന്നും നടന്നും കഷ്ടപ്പെട്ടും വളർത്തിക്കൊണ്ടുവന്ന മലബാർ ഭദ്രാസനം ഇന്ന് മറ്റെല്ലാഭദ്രാസനങ്ങളെക്കാൾ ഉപരിയായി വളർച്ച പ്രാപിച്ചിരിക്കുന്നു. മനോഹരങ്ങളായ ദേവാലയങ്ങൾ, ആശ്രമപ്രസ്ഥാനങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ, ആതുരശുശ്രൂഷ കേന്ദ്രങ്ങൾ, സ്ക്കൂളുകൾ, കോളേജുകൾ, ഇങ്ങനെ ബഹുമുഖപാതയിൽ ഭദ്രാസനം വളർച്ചപ്രാപിച്ചിരിക്കുന്നു.

പ്രാർത്ഥനയുടെ ശക്തി എത്രയുണ്ടെന്നറിയുന്നത് തിരുമേനിയേക്കാണുമ്പോൾ ആണ്. തിരുമേനിയുമായി അടുപ്പമുള്ളവർക്കെല്ലാം പ്രാർത്ഥനാജീവിതത്തിന്റെ തീഷ്ണത നന്നായി അറിയാം. ആരാധനയ്ക്കായി ദേവാലയത്തിൽ എത്തുമ്പോൾ. ദേവാലയത്തിന്റെ വൃത്തിയും വെടിപ്പും തിരുമേനി നന്നായി ശ്രദ്ധിച്ചിരുന്നു. ത്രോണോസിലും നമസ്ക്കാരമേശയിലും ഒക്കെ തന്റെ കൈവിരലുകൾകൊണ്ട് തൊട്ട് പൊടിയുണ്ടെങ്കിൽ അച്ചനെയും ശുശ്രൂഷക്കാരെയും ഒന്നു നോക്കും. ഒന്നും പറഞ്ഞില്ലെങ്കിലും ആ നോട്ടത്തിൽ എല്ലാം അടങ്ങും.

തിരുമേനിയുടെ സഭാസ്നേഹം എടുത്തുപറയേണ്ട ഒന്നാണ്. ബഹളങ്ങളും ഒച്ചപ്പാടുകളും തീഷ്ണതയും പ്രസംഗിച്ചു നടക്കുന്നില്ലെങ്കിലും ആഴമായ സഭാസ്നേഹം അദ്ദേഹത്തിനുണ്ടായിരുന്നു. സഭയ്ക്കുണ്ടാകുന്ന വേദനാജനകങ്ങളായ അനുഭവങ്ങൾ സ്വന്തം അനുഭവങ്ങളായി തിരുമേനി കരുതുന്നു. പ. ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ ബാവായുടെ കാലത്തുണ്ടായ ഒരു സ്പെഷ്യൽ കോടതിവിധി ഓർത്തഡോക്സ് പക്ഷത്തിനു വിരുദ്ധമായി വന്ന വിവരം റേഡിയോ ന്യൂസിൽ കൂടി കേട്ട തിരുമേനി തദ്ദവസരത്തിൽ 'പൊട്ടിക്കരഞ്ഞു' എന്നാണ് അതിന് ദൃക്സാക്ഷിയായ എന്റെ പിതാവ് പറഞ്ഞു കേട്ടിട്ടുള്ളത്. തികച്ചും വികാരാവേശങ്ങൾ പ്രകടിപ്പിക്കാത്ത തിരുമേനി ഈ അവസരത്തിൽ കൊച്ചുകുഞ്ഞിനെപ്പോലെ കരഞ്ഞത് അദ്ദേഹത്തിന്റെ സഭാസ്നേഹം സ്വന്തജീവിതവുമായി താദാത്മ്യപ്പെടുത്തിയിട്ടുള്ള ചിന്തയിൽ നിന്നായിരുന്നു.

തിരുമേനി ഉന്നതനായ ഒരു അദ്ധ്യാപകനായിരുന്നതിനാൽ നല്ല ഗുരുവിന്റെ സ്വഭാവ ശുദ്ധിയോടെ നല്ല ശിഷ്യരെ വാർത്തെടുക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. തന്മൂലം വിദ്യാസമ്പാതനത്തിൽ താല്പര്യമുള്ളവരും കഴിവുള്ളവരുമായ അനേകരെ ഉയർന്ന വിദ്യാഭ്യാസമേഖലയിലേക്ക് അദ്ദേഹം തിരിച്ചു വിട്ടിട്ടുണ്ട്. ഇങ്ങനെ വിദ്യാസമ്പന്നരും വേദശാസ്ത്രഞ്ജരുമായ യുവവൈദികരും മലബാറിൽ നിന്നും വളർന്നുവന്നിട്ടുണ്ടെന്നത് തിരുമേനിയുടെ സാരഥ്യത്തിന്റെ ശ്രേഷ്ഠതയാണ്. ●

ചെറുകഥ

ഉത്തരവാദിത്വം

സാജൻ പീറ്റർ തിരുവന്തപുരം

സമയം സൂര്യന്റെ യൗവ്വനകാലം.....

സൂര്യന്റെ ചൂടു പോലെതന്നെ.......

അവന്റെ മനസ്സും തിളച്ചു മറിയുകയായിരുന്നു

അന്നും അവന്റെ യാത്ര നഷ്ടപ്പെട്ട മനസമാധാനം തേടിയായിരുന്നു...

തിരക്കേറിയ വഴിയുടെ ഒരുവശത്ത് അവൻ നിന്നു.. ലക്ഷ്യം, മറുവശത്തുള്ള ദേവാലയം....!

ട്രാഫിക്കു പോലീസുകാരന്റെ സിഗ്നലിനു കാത്തു നിൽക്കാതെ അയാൾ റോഡ് മുറിച്ചു കടന്നു നേരെ റോഡരികിലുള്ള ദേവാലയത്തിൽ കയറി ചെന്നു..

ദേവാലയത്തിൽ കടന്ന അവൻ മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചു.

സത്യത്തിൽ അവന്റേത് പ്രാർത്ഥന ആയിരുന്നില്ല..., പരിഭവം പറച്ചിലായിരുന്നു...

ദൈവമേ.... എന്താണ് അങ്ങ് എന്നോട് ഇങ്ങനെ ഞാൻ പ്രാർത്ഥനകൾ മുടക്കാറില്ല എല്ലാ നമസ്ക്കാരങ്ങളും ചെയ്യാറുമുണ്ട്... ഒരു കുർബ്ബാനപോലും ഞാൻ ഒഴിവാക്കാറില്ല.. ദിവസത്തിന്റെ മുക്കാൽ പങ്കും ഞാൻ ഈ ദേവാലയത്തിൽ തന്നെ കഴിച്ചു കൂട്ടുന്നു. എന്നിട്ടും... എന്നിട്ടും എനിയ്ക്ക് മനസമാധാനം കിട്ടുന്നില്ലല്ലോ?

"ബെന്നി..."

തന്നെ പേരുചൊല്ലി വിളിയ്ക്കുന്ന കേട്ട് അവൻ അമ്പരുന്നു...

ആരാണിവിടെ തന്നെ പേരു ചൊല്ലി വിളിക്കാൻ?

വീണ്ടും ആ ശബ്ദം ഉയർന്നു.

"ബെന്നി നീ സംശയിക്കേണ്ട ഞാൻ നിന്നെ അറിയുന്ന ദൈവമാണ്."

അവന് സന്തോഷമായി.

"പറയൂ ദൈവമേ.. എന്താണ് എന്റെ മനസ്സ് ഇങ്ങനെ അസ്വസ്തമാകുന്നത്"...?

ആ ശബ്ദം അവനോട് പറഞ്ഞു.., നീ നിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറുന്നതു കൊണ്ടാണ് നിനക്ക് മനസമാധാനം നഷ്ടപ്പെടുന്നത്...

"ഉത്തരവാദിത്വമോ..?"

"അതെ...."

എന്തുത്തരവാദിത്വം ഞാൻ അങ്ങയെ നിത്യവും ആരാധിക്കുന്നില്ലേ...?

ആ ശബ്ദം ചിരിച്ചു.

ഉവ്വ്.... ശരിയാണ്... നീ, എന്നെ നിത്യവും ആരാധിക്കുന്നു... പക്ഷെ, നീ... നിന്റെ കുടുംബത്തെ മറന്നാണ്... എന്നെ ആരാധിക്കുന്നത്...

ഞാനെന്റെ കുടുംബത്തെ... വാക്കുകൾ ഇടയ്ക്കു വച്ചു മുറിഞ്ഞു.. അവന്റെ സ്വരം ഇടറി..

ആ ശബ്ദം തുടർന്നു.....

അതെ.. നീ നിന്റെ കുടുംബത്തെ മറന്നു. നീ ഒരു മകനാണ് ഒരു ഭർത്താവാണ് പിതാവാണ്.. ഈ ഉത്തരവാദിത്വങ്ങളിൽ നിന്നും നീ ഒളിച്ചോടി.... ഭക്തിയിൽ മാത്രം അഭയം കണ്ടു... കാണപ്പെട്ട ദൈവമായ മാതാപിതാക്കളെ സ്നേഹിക്കാത്ത നീ എത്ര നേരം ദേവാലയത്തിൽ ഇരുന്നു പ്രാർത്ഥിച്ചാലും നിനക്ക് മനസമാധാനം കിട്ടുമോ?

ഭാര്യ ഭർത്തൃ ബന്ധം പവിത്രമാണ്. കുടുംബം ഭൂമിയിലെ പറുദീസയാണ്... ഒരു ഭാര്യയോടുള്ള കടമ മറക്കുന്ന നിനക്ക് ഭക്തിയിൽ കൂടി മനസമാധാനം കിട്ടുമെന്നുള്ള ധാരണ മിഥ്യയാണ്. നിന്റെ മക്കൾ പിതാവിന്റെ വാത്സല്യത്തിനായി കൊതിയ്ക്കുമ്പോൾ... നീ. അവൾക്ക് പിതൃവാത്സല്യം നിക്ഷേധിക്കുന്നു...?

"അപ്പോൾ... ഞാൻ ? അവന്റെ സ്വരം ഇടറി.

"......അതെ നീ..... നിന്റെ കുടുംബത്തിലേയ്ക്ക് മടങ്ങുക. നിന്റെ കടമ നിർവ്വഹിച്ച് കുടുംബമായി വന്ന് എന്നെ ആരാധിക്കുക.. നിനക്ക് പൂർണ്ണമായ സമാധാനം കൈവരും...."

അയാൾ ഒരുറച്ച തീരുമാനത്തോടെ ദേവാലയം വിട്ടു.

പിന്നീട് ഒരുനാൾ അവൻ കുടുംബസമേതം ദേവാലയത്തിൽ എത്തി. തന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് അവൻ ബോധ്യവാനായിരുന്നു...!

അവനെ അളവറ്റു സ്നേഹിക്കുന്ന ദൈവം അവന്റെ മാറ്റത്തിൽ സന്തോഷിച്ചു.

അന്ന് മുട്ടിന്മേൽ നിൽക്കുമ്പോൾ അവൻ അനുഭവിച്ചറിഞ്ഞു..., മനസമാധാനത്തിന്റെ നനഞ്ഞ തൂവൽസ്പർശം പോലെ മനസിനെ തഴുകുന്നു ഒരു തണുത്ത കാറ്റ്....

◆

VITH DEATH ANNIVERSARY
27-2-2001

LUKOSE PODIYAN
Nelivila House, Elampal, Punalur

"They who served and died in hope. Trusting in Thy mercy, Lord may Thy living voice the raise from their graves to Paradise".

By Sorrowing Family

Leelamma Podiyan, Shibu Podiyan, Viji Podiyan, Aaron Podiyan

കവിത

വേർപാട്

വേർപെടാതെന്തായാലും വേദനാത്മകാ, ജീവൻ
വേർപെടും നേരം പാരം ജീവികൾക്കജ്ഞാതമാം
ജ്ഞാതമായിരുന്നെങ്കിൽ മതവും വിദ്വേഷവും
ജാതിയും വെടിഞ്ഞെന്നേ മനുഷ്യൻ ജീവിച്ചേനെ!

ദേഹത്തെ വെടിഞ്ഞുകൊണ്ടുഴിക്കു നൽകീട്ടാത്മ-
ദേഹിയാ പ്രപഞ്ചത്തിൻ മഞ്ചലിൽ കരേറിപോം
മണ്ണുമണ്ണോടായ് ചേരും, അസ്ഥികൾ പോലും പൂഴി
മണ്ണിതിൽ ചേരും, പേരു വിസ്മരിച്ചുപോം തുലോം

ഒരുക്കം കൊൾവാനൊട്ടും നേരമില്ലാന്നേരത്തിൽ
ഞെരുക്കം പൂണ്ടായാലും യാത്രയായ് പോയേ തീരു
സോദരങ്ങളെ കാണ്മാൻ, യാത്രചോദിക്കാനെത്രെ
സാദരം യാചിച്ചാലും ലഭിക്കില്ലനുവാദം

വാതിൽ പൂട്ടുവാൻ, താക്കോലെടുക്കാൻ, സ്വന്തക്കാർ തൻ
കാതിലോതുവാൻ, ഭാര്യാസുതന്മാരെ കാണുവാൻ
വ്യർത്ഥമായ്‌വരും ചെയ്യും പ്രയത്നം, യാത്രക്കൂലി
ക്കർത്ഥവും നേടാൻ പെടും പാടതും പാഴായ് തീരും!

ഓടിയൊട്ടൊളിച്ചാലും മൃത്യുവിൻ ദൂതൻ വന്നു
കാടുകേറീട്ടായാലും കൈപിടിച്ചിറക്കിപോം
പോകണം കണക്കെല്ലാം നൽകണം നാഥൻ മുന്നിൽ
പോകുമ്പോൾ കൂടെപ്പോരാൻ ആരുമേ വരാ നൂനം

പിരിയാൻ നേരത്തിലും വാവിട്ടുകരഞ്ഞീടാം
കരയാം എന്നേയുള്ള തിരിയാമാർഗ്ഗം വേറെ
മന്നിൽ നിന്നീമാരണം മാറ്റേണമെന്നാകിലോ
മന്നിതിൽ മർത്ത്യൻ മേലിൽ ജനിക്കാതിരിക്കേണം!

ജാതരായോരെല്ലാരും മരിച്ചേ മതിയാവൂ,
ജാതിയും ആണുംപെണ്ണും മതവും ഭേദം വിനാ
കാതലായ് ഒന്നേയുള്ള മാനുഷൽ തൻ ജീവിത
പ്പാതയിൽ സത്യം, നീതി, ധർമ്മവും കാത്തീടണം

കർമ്മമേതുമേ ചെയ്യും നേരത്തിലതു സ്വയം
ധർമ്മമെന്നോർത്തീടേണം ബുധരായോരെല്ലാരും
നാകവും നരകവും ഒരുപോൽ നൽകും ദൈവം
പാകത്തിനൊപ്പം ചെയ്യും നന്മതിന്മകൾക്കെന്നും

എം.സി. വർഗീസ്
റിട്ട: എക്സി: എഞ്ചിനീയർ
ആലുവ

വായനക്കാരുടെ ശ്രദ്ധയ്ക്ക്

ക്രമാതീതമായി വർദ്ധിച്ചുവരുന്ന അച്ചടിക്കൂലി. കടലാസ് വില അനുബന്ധ സാധനങ്ങളുടെ വില എന്നിവ നിമിത്തം മലങ്കരസഭ മാസികയുടെ വരിസംഖ്യയും പരസ്യനിരക്കും വർദ്ധിപ്പിക്കുവാൻ നിർബന്ധിതരായിട്ടുണ്ട്. മാന്യവായനക്കാർ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

പത്രാധിപർ

വരിസംഖ്യ

ഇന്ത്യയിൽ

ഒറ്റപ്രതി : 6 രൂപ
ഒരു വർഷം : 60 രൂപ
5 വർഷം : 300 രൂപ
10 വർഷം : 600 രൂപ.

വിദേശത്തേക്ക്

ഒരു വർഷം : 15 ഡോളർ (യു.എസ്.)

2001 ജനുവരി മുതലുള്ള പരസ്യ നിരക്കുകൾ

Back Page (Colour)	: 10000
Back page (B/W)	: 5000
Front Inside	: 3750
Back Inside	: 3500
Full page	: 3000
Half page	: 1750
Quarter page	: 1250
Minimum	: 750
Favours Block (Stamp Size)	: 300

WANTED BRIDEGROOM

GOD FEARING ORTHODOX PARENTS BELONGING TO ANCIENT ARISTOCRATIC AND SOCIETY WELL OF FAMILY IN CENTRAL TRAVANCORE INVITES PROPOSALS FOR THEIR DAUGHTER MA, GOOD ORATOR, FAIR, GOOD LOOKING, GOD FEARING, 23/153 CMS. FROM SUITABLE ORTHODOX FAMILY OF HIGH STATUS.

Contact:
BOX NO. 255, MALANKARA SABHA,
DEVALOKAM-686 038

WANTED BRIDE

ORTHODOX PARENTS, GOD FEARING, SOCIALLY AND FINANCIALLY WELL OFF, HAILING FROM A VERY GOOD FAMILY OF CENTRAL TRAVANCORE, INVITES PROPOSALS FOR THEIR SON, 27/177CMS, FAIR AND HAVING GOOD PERSONALITY, MBA, MCP, MCSE, EMPLOYED AS CHIEF EXECUTIVE IN UAE DEFENCE FROM PARENTS OF SUITABLE ORTHODOX GIRL SLIM, FAIR AND GOD FEARING.

Contact:
BOX NO. 256, MALANKARA SABHA,
DEVALOKAM-686 038

Mar Baselios Public School

Classic Junction, Devalokam, Kottayam-38, Kerala, India.
Tel:91-481,573672, Telefax: 91-481-570569
E-mail: orthodox@md.4.vsnl.net.in

REGISTRATION FOR ADMISSION TO LKG, UKG AND PLAY SCHOOL. 2001-2002 STARTED Prospectus and Application form available at the School Office at Classic Juction, Devalokam, Kottayam-38, Contact Tel: 573672, 370331, 46493

Harmonizing
international standards
with
national culture

ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053-ഉം രൂപയുടെ സൗജന്യചികിത്സ അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവർത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

മാർ വർക്കി വിതയത്തിൽ കർദിനാൾ പദവിയിലേക്ക്

കൊച്ചി: സിറോ-മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിലിനെ പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ കർദിനാളായി പ്രഖ്യാപിച്ചു. മുംബൈ ആർച്ച് ബിഷപ്പ് ഐവാൻ ഡയസ് ഉൾപ്പെടെ 37 പേരാണ് പുതിയ കർദിനാൾ മാർ. സ്ഥാനാരോഹണം ഫെബ്രുവരി 21-ന് റോമിൽ നടക്കും.

പുതിയ കർദിനാൾമാരിൽ രണ്ടു കത്തോലിക്കാ പാത്രിയർക്കീസുമാർ ഉണ്ട്. ഇതോടെ കർദിനാൾ പദവിലഭിക്കുന്ന പാത്രിയർക്കീസുമാർ മൂന്നായി. റോമൻ കത്തോലിക്കാ സഭയിൽ പാശ്ചാത്യ പാത്രിയർക്കീസായ മാർപാപ്പാ ഉൾപ്പെടെ ആറു ലത്തീൻ പാത്രിയർക്കീസുമാരും ആറു പൗരസ്ത്യ പാത്രിയർക്കീസുമാരുമുണ്ട്. പൗരസ്ത്യ തിരുസംഘം അദ്ധ്യക്ഷനും അന്ത്യോഖ്യായിലെ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസുമായ മാർ ഇഗ്നാത്തിയോസ് മൂസാ ഒന്നാമൻ ദാവൂദും അലക്സന്ത്രിയായിലെ കോപ്റ്റിക് കത്തോലിക്കാ പാത്രിയർക്കീസ് സ്തേഫാനോസ് രണ്ടാമൻ ഘട്ടാസും ആണ് പുതിയ കർദിനാൾമാർ. അന്ത്യോഖ്യായിലെ മാറോനൈറ്റ് കത്തോലിക്കാ പാത്രിയർക്കീസ് നസ്രള്ളാ ബുട്രോസ് സ്ഫെയിർ നേരത്തെ തന്നെ കർദിനാളാണ്.

റോമൻ കത്തോലിക്കാ സഭയിലെ രണ്ടു മേജർ ആർച്ച് ബിഷപ്പുമാർക്കും ഇപ്പോൾ കർദിനാൾ പദവിയായി. യുക്രേനിയൻ മേജർ ആർച്ച് ബിഷപ്പ് മിറോസ്ലാവ് യുവാൻ ലുബാ ചിയൂസ്കി നേരത്തെ തന്നെ കർദിനാളാണ്.

സിറോ-മാറോനൈറ്റ്, സിറോ-അന്ത്യോഖ്യൻ, സിറോ-മലബാർ റീത്തുകളുടെ തലവന്മാർ കർദിനാൾമാർ ആകുന്നുതോടെ സുറിയാനി പാരമ്പര്യമുള്ള അഞ്ചു കത്തോലിക്കാ റീത്തുകളിൽ മൂന്നിന്റെയും തലവന്മാർക്ക് ഈ പദവി ലഭിക്കുന്നു. ഇതോടൊപ്പം അന്ത്യോഖ്യായിലെ മൂന്നു കത്തോലിക്കാ പാത്രിയർക്കീസുമാരിൽ രണ്ടു പേർക്കും ഈ പദവി ലഭിക്കുന്നു എന്ന കാര്യവും ശ്രദ്ധേയമാണ്.

ബോംബെ ആർച്ച് ബിഷപ്പ് വലേറിയൻ ഗ്രേഷ്യസ് (1952), എറണാകുളം ആർച്ച് ബിഷപ്പ് മാർ ജോസഫ് പാറേക്കാട്ടിൽ (1969), കൽക്കട്ടാ ആർച്ച് ബിഷപ്പ് ലോറൻസ് ട്രിവർ പിക്കാച്ചി (1976), ആർച്ച് ബിഷപ്പ് സൈമൺ ലൂർദ് സ്വാമി (1985), എറണാകുളം ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറ (1988), ബോംബെ ആർച്ച് ബിഷപ്പ് സൈമൺ ഇഗ്നേഷ്യസ് പിമെന്റാ (1988) എന്നീ ആറു ഭാരതീയർക്കാണ് ഇതിനു മുമ്പ് കർദിനാൾ പദവി ലഭിച്ചിട്ടുള്ളത്. ലൂർദ്സ്വാമിയും പിമെന്റായുമാണ് ഇപ്പോഴുള്ള കർദിനാൾമാർ.

കർദിനാൾ പദവിയിലേക്കുയർത്തപ്പെട്ട മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിലിന് പരിശുദ്ധ കാതോലിക്കാ ബാവാ ആശംസകൾ അർപ്പിച്ചു. സീറോ മലബാർ സഭയ്ക്കു ലഭിച്ച അംഗീകാരത്തിൽ സന്തോഷിക്കുന്നതായും മാർ വർക്കി വിതയത്തിലിന് ആയുസും ആരോഗ്യവും സർവ്വശക്തൻ കൂടുതലായി നൽകട്ടെയെന്നും അനുമോദന സന്ദേശത്തിൽ ബാവാ ആശംസിച്ചു.

Refresher Course for Priests

St. Thomas Orthodox Theological Seminary is organizing a refresher course for the priests of outside kerala dioceses from 5th to 8th March 2001. This effort of Parish priests and the seminary to encourage and edify mutually for an effective Orthodox Christian ministry and witness will be a fitting tribute to our Lord during the season of Christ Jayanti A combined meeting of the priests and key lay persons, actively involved in Sunday School/OVBS will be held on 8th March. Besides the faculty, H.G. Osthathios, H.G. Iranios, Rev. Fr. T.J. Joshva will be there to lead the course. Those who are intending to attend it fully, please inform the seminary as early as possible.

Address:

The Principal
St. Thomas Orthodox Seminary
Ubali Road
brahmam P.O.
Kalameshwar - 441 501,
Maharashtra
Phone - 07118, 71696

വകയാർ പള്ളി പെരുന്നാൾ

വകയാർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയുടെ പെരുന്നാൾ ജനുവരി 27,28 തീയതികളിൽ മദ്രാസ് ഭദ്രാസനത്തിൽ ഡോ. യാക്കോബ് മാർ ഐറേനിയോസിന്റെ പ്രധാന കാർമ്മികത്വത്തിൽ 27-ാം തീയതി ശനിയാഴ്ച 3 P.M. കോട്ടയം മുക്കിൽ നിന്നും എടിയറയ്ക്കൽ കുരിശടിയിലേക്ക് റാസയും കുരിശടിയിൽ വച്ച് അഭിവന്ദ്യ തിരുമേനിയ്ക്ക് പൗരസ്വാകരണവും നല്കി. 28-ന് ഞായറാഴ്ച വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് ഇടവകയിലെ 80 വയസ്സ് പൂർത്തിയായവരെ പൊന്നാട നല്കി ആദരിച്ചു. ഞായറാഴ്ച വൈകിട്ട് ഓർക്കസ്ട്രായുടെ ഗാനമേളയും ഉണ്ടായിരുന്നു. പെരുനാളിനു ഇടവക വികാരി ഫാ. വർഗീസ് മാത്യു, ട്രസ്റ്റി ശ്രീ. എം.എസ് ഡാനിയേൽ, സെക്രട്ടറി ശ്രീ. ജി. ബേബി, കൺവീനറായ ശ്രീ. സി.റ്റി. ഡാനിയേൽ, ജിജു ജോർജ്ജ് എന്നിവർ നേതൃത്വം നല്കി.

ഇത് നിലപാടിന്റെ സാധൂകരണം

ഡോ. ഏബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്ത, ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത, യൂഹാനോൻ മിലിത്തിയോസ് മെത്രാപ്പോലീത്ത സംയുക്തമായി പ്രസിദ്ധീകരിക്കുന്ന പ്രസ്താവന

മലങ്കരസഭയെ സംബന്ധിച്ച് 1995 ലെ വിധിയും തുടർന്നുള്ള ഉത്തരവുകളും മാനിച്ച് സഭയിൽ ഐക്യം ഉണ്ടാകണം എന്ന് ഞങ്ങൾ എടുത്ത നിലപാടിന്റെ സാധുകരണമാണ് ഈ വിഷയം സംബന്ധിച്ച് സുപ്രീംകോടതിയിൽ ജനുവരി 18-ാം തീയതി ഉണ്ടായ ഉത്തരവ്.

ഞങ്ങളുടെ നിലപാട് നിയമപരമായും ധാർമ്മികമായും സഭാപരമായും ശരിയാണ് എന്നത് കോടതി വിധി വ്യക്തമാക്കി. 1995 ൽ സുപ്രീംകോടതി വിധി ഉണ്ടായ ഉടനെ അന്ന് പാത്രിയർക്കീസ് വിഭാഗത്തിന് വേണ്ടി വാദിച്ച അഡ്വ. പരാശരൻ എഴുതിക്കൊടുത്ത നിയമോപദേശത്തിൽ കോടതി വിധിപ്രകാരം അസോസിയേഷൻ വിളിച്ചുകൂട്ടാൻ പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് അധികാരവും ഉത്തരവാദിത്വവും ഉണ്ട് എന്ന് പാത്രിയർക്കീസ് വിഭാഗത്തിന്റെ നേതൃത്വവും പള്ളികളും ഈ കാര്യത്തിൽ സഹകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് അവഗണിച്ച്കൊണ്ട് മുമ്പോട്ട് പോയതാണീദുരന്തത്തിന് കാരണം.

പാത്രിയർക്കീസ് വിഭാഗത്തിന്റെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച കോടതിവിധി നടപ്പിലാക്കുന്നത് തടയുവാനായി ശ്രമിച്ചതിന് ധാർമ്മികമായും സാധുകരണമില്ല. സഭ ഏകമാണ് എന്ന വേദശാസ്ത്ര സങ്കല്പത്തിനും വിരുദ്ധമായിരുന്നു ഈ വിഘടനാവാദം.

അസോസിയേഷൻ കൂടുന്നതിനെതിരെ സകല കോടതിയിലും പരാതിനൽകിയവർ തന്നെ കേസ് കൊടുത്ത് തങ്ങളെ പീഡിപ്പിക്കുന്നുവെന്ന് പറഞ്ഞ് നാടു മുഴുവൻ വ്യാജ പ്രസ്താവന നടത്തി. ഏതായാലും അതു പറഞ്ഞവർ തന്നെ കേസ് പിൻവലിക്കാൻ നിർബന്ധിതമായതിലുള്ള വിധി വൈപരീത്യം സത്യാവസ്ഥ മനസ്സിലാക്കാൻ ജനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട് സഭൈക്യത്തിനായി പ. അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഞങ്ങൾ മൂന്ന് പ്രാവശ്യം സന്ദർശിച്ച് കാര്യങ്ങൾ വ്യക്തമാക്കി. ഞങ്ങളുടെ നീക്കത്തിന് അദ്ദേഹം പിന്തുണ നൽകിയതാണ്. സഭൈക്യം അന്ത്യോഖ്യാ പാത്രിയർക്കീസിന് വിരുദ്ധമായ നീക്കമായി അദ്ദേഹത്തെ വിശ്വസിപ്പിക്കാൻ ഞങ്ങളുടെ സഹപ്രവർത്തകർക്ക് സാധിച്ചു. അദ്ദേഹത്തിന് ഭരണഘടന പ്രകാരമുള്ള അവകാശങ്ങൾ നിലനിർത്തുവാനാണ് ഞങ്ങൾ ശ്രമിച്ചത് എന്നാൽ വിഘടിതരുടെ ശ്രമഫലമായി പ. പാത്രിയർക്കീസിന് ഇവിടെ ഉണ്ടായിരുന്ന സ്ഥാനത്തിന് ഇടിച്ചിൽ വരികയും അദ്ദേഹം കോടതിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അടുത്തകാലത്ത് നടത്തിയ നടപടികൾ മൂലം അദ്ദേഹത്തിന്റെ ഉള്ള അവകാശങ്ങൾ പോലും അപകടത്തിലാക്കുകയും ചെയ്തിരിക്കുകയാണ്. ഇതിനു കാരണമാക്കി അന്ത്യോഖ്യാപാത്രിയർക്കീസിനെ അവഹേളിതനാക്കിയ പാത്രിയർക്കീസ് പക്ഷത്തെ സ്വാർത്ഥമതികളായ നേതാക്കളെ തിരിച്ചറിയാൻ മലങ്കര സഭയിലെ സഭാംഗങ്ങൾക്ക് ഇനിയെങ്കിലും സാധിക്കണം. ഞങ്ങളാണ് അന്ത്യോഖ്യാ പാത്രിയർക്കീസ് സ്ഥാനം ദുർബലമാക്കിയത് എന്ന വാദം ഇതോടെപൊളിഞ്ഞിരിക്കുന്നു.

അന്ത്യോഖ്യാ പാത്രിയർക്കീസ് ഭരണഘടന പ്രകാരമുള്ള അധികാരം നൽകുന്നതിന് മലങ്കര സഭ തയ്യാറാണ്. എന്നാൽ അനധികൃതവും, വ്യവസ്താപിതം അല്ലാതെയും, ഇവിടെ ഇടപെടുന്നതും ഈ സഭയ്ക്ക് നല്ലതല്ലാത്തതുകൊണ്ടാണ് ഇതിനെ ചെറുക്കുന്നത്. ആ കാര്യം സഭാംഗങ്ങൾ തിരിച്ചറിയണം. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായ്ക്ക് മലങ്കര സഭയിൽ തുടർന്നും അംഗീകാരം വേണമെങ്കിൽ അദ്ദേഹവും, കൂടെയുള്ള മലങ്കര സഭയിലെ നേതൃത്വവും ഇവിടുത്തെ നിയമവ്യവസ്ഥയുമായി സഹകരിക്കുവാൻ തയ്യാറാകണം.

കോടതി വിധിപ്രകാരം നടക്കുന്ന അസോസിയേഷന് പാത്രിയർക്കീസ് വിഭാഗത്തെ എല്ലാ പള്ളികളും തയ്യാറായി സ്വാർത്ഥ താല്പര്യക്കാരുടെ ശ്രമം വിഫലാക്കാനുള്ള അവസരമാണിത്. സുപ്രീം കോടതിയിൽ പരാജയപ്പെട്ടിട്ട് ഇനി കീഴ്കോടതിയിലേക്ക് പോയി നിയമയുദ്ധം നടത്താതിരിക്കാനുള്ള വിവേകം വൈകിയ വേളയിലെങ്കിലും ഉണ്ടാകേണ്ടതാണ്. ◆

മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 67-ാം ഓർമ്മപ്പെരുന്നാൾ കോട്ടയം പഴയ സെമിനാരി ചാപ്പലിൽ 2001 ഫെബ്രു. 23-ാം തീയതി ആഘോഷിക്കുന്നു.

JOY

NOORANAKUZHIYIL

PRAKKANAM

ജീവകാരുണ്യ പ്രവർത്തനങ്ങൾ ശ്ലാഘനീയം - മുഖ്യമന്ത്രി നവീൻ പട്നായിക്

ഒറീസ്: അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഒറീസാ മുഖ്യമന്ത്രി ശ്രീ. നവീൻ പട്നായിക്കിനെ സന്ദർശിച്ചപ്പോൾ ഒറീസ്സയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രവർത്തനങ്ങൾക്ക് എല്ലാ വിധമായ പിന്തുണയും നൽകി. സഭ മിഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒറീസ്സായിൽ സൂപ്പർ ചുഴലിക്കാറ്റിൽ ഭവനങ്ങൾ നഷ്ടപ്പെട്ട ആദിവാസികൾക്ക് 72 വീടുകൾ മൂന്നു ഗ്രാമങ്ങളിലായി ഡിസംബർ 10-ാം തീയിതി ഒറീസാ പഞ്ചായത്തുരാജ് മന്ത്രി ശ്രീ സുരേന്ദ്രനാഥ് നായിക് നൽകുകയുണ്ടായി. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഡോ. സ്തേഫാനോസ്, മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ, ശ്രീ. പി. കെ. ജനാ ഐ.എ.എസ്, ഫാ. ജീ. ഗീവർഗീസ്, വെരി. റവ. ഫിലിപ്പ് റമ്പാൻ (പ്രോജക്റ്റ് ഡയറക്ടർ). ഇടുക്കിള ശ്രീ. ബാബു മാത്യു ശ്രീ കെ.റ്റി. മാത്യുക്കുട്ടി എന്നിവർ പ്രസംഗിച്ചു. 62 വീടുകൾ നിർമ്മിക്കുവാൻ ആവശ്യമായ 28 ലക്ഷം രൂപ സംഭാവന നൽകിയ ശ്രീ. ബാബു മാത്യു ശ്രീ കെ.റ്റി.

മാത്യുക്കുട്ടി എന്നിവർ പ്രസംഗിച്ചു. 62 വീടുകൾ നിർമ്മിക്കുവാൻ ആവശ്യമായ 28 ലക്ഷം രൂപ സംഭാവന നൽകിയ ശ്രീ. കെ. റ്റി. ഇടുക്കിളയും കുടുംബവും യോഗത്തിൽ സംബന്ധിക്കുകയും ഗ്രാമത്തിന് തമ്പാൻ ഗ്രാമം എന്ന് പേരിടുകയും ചെയ്തു. സഭയുടെ ഒറീസ്സാ ദുരിതാശ്വാസ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 40 വീടുകൾ നൽകി. മൂന്നാം ഘട്ടം 2001 ഫെബ്രുവരി ആദ്യ ആഴ്ചയോടെ 78 വീടുകളും കമ്മ്യൂണിറ്റി ഹാളും മൂന്നു ഗ്രാമങ്ങളിലായി നൽകുമെന്ന് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ അറിയിച്ചു. ●

ഗ്രീൻ പാരീഷ് അവാർഡ്

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ക്രൈസ്തവ സഭകളെ പങ്കാളിക്കുന്നതിന്റെ ഭാഗമായി ഇടവകകൾക്ക് ഗ്രീൻപാരിഷ് എന്ന ബഹുമതി നൽകി ആദരിക്കുവാൻ കേരളാ കൗൺസിൽ ഓഫ് ചർച്ചസ് തീരുമാനിച്ചു. 2001 ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്നുമാസകാലയളവിൽ മൂന്ന് പരിസ്ഥിതി പ്രഭാഷണങ്ങൾ, എക്കോ ക്ലബ്ബുകളുടെ രൂപവൽക്കരണം, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഇതര ഗ്രൂപ്പുകളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ സഭാ ജനങ്ങളിൽ പാരിസ്ഥിതിക അവബോധം വളർത്തുവാൻ നടത്തുന്ന ശ്രമങ്ങൾ തുടങ്ങിയവ വിലയിരുത്തുകയായിരിക്കും ബഹുമതി നൽകുക. ഇടവകകൾ ഗ്രീൻ പാരിഷ് പദ്ധതിയിൽ പങ്കാളികളാകണമെന്ന് കേരളാ കൗൺസിൽ ഓഫ് ചർച്ചസ് ആഹ്വാനം ചെയ്യുന്നു. ഏപ്രിൽ മാസത്തിൽ വിതരണം ചെയ്യുന്ന അപേക്ഷാ ഫോറത്തോടൊപ്പം ഇടവകകൾ ചെയ്ത പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്, എക്കോളജി കമ്മീഷൻ കൺവീനർ കെ.സി.സി., പുന്നയ്ക്കാട് (689652) കോഴഞ്ചേരി എന്ന വിലാസത്തിൽ ലഭിക്കുന്നതാണ്. ഫോൺ 0473-314069

Email:<kosh@md3.vsnl.net.in>.

മാർത്തോമ്മാ തിയോളജിക്കൽ സെമിനാരിയിൽ വച്ച് നടന്ന റവ. വി. പി. തോമസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റിൽ തുടർച്ചയായി നാലാമതും വിജയം കൈവരിച്ച കോട്ടയം ഓർത്തഡോക്സ് വൈദീക സെമിനാരി ടീം.

പരുമലയിൽ പുതിയ മാനേജർ

പരുമല: പരുമല സെമിനാരിയുടെ പുതിയ മാനേജരായി വാകത്താനം സെന്റ് ജോൺസ് ഇടവകാംഗം പള്ളിക്കപ്പറമ്പിൽ ഫാ. പി. എം. കുര്യാക്കോസ് നിയമിതനായി. ഇദ്ദേഹം മദ്രാസ്, കോയമ്പത്തൂർ, കൽക്കട്ട, വിശാഖപട്ടണം ഹൈദ്രബാദ്, അബുദാബി, ബാംഗ്ലൂർ തുടങ്ങിയ ഇടവകകളിൽ ശുശ്രൂഷ അനുഷ്ഠിച്ചിട്ടുണ്ട്. മാനേജരുടെ സഹായികളായി ഫാ. കെ. സഖറിയ (കൊല്ലം) ഫാ. സി. എഫ്.തോമസ് കൊച്ചി എന്നിവരെയും നിയമിച്ചിട്ടുണ്ട്.

ഡൽഹിയിൽ പൗലോസ് മാർ ഗ്രീഗോറിയോസ് അനുസ്മരണ

ഡൽഹി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ കാലം ചെയ്ത ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ നാലാം ശ്രാദ്ധപ്പെരുന്നാളും അനുസ്മരണസെമിനാറും നവംബർ 23 മുതൽ 26 വരെ വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. സോഫിയ സൊസൈറ്റിയുടെയും അയാഷെയുടെയും ആഭിമുഖ്യത്തിൽ ജനക്പുരി അയാഷെ ആസ്ഥാനത്ത് 24,25 തീയതികളിൽ നടന്ന അനുസ്മരണാസെമിനാർ ഡോ. കപിലാ വാത്സ്യയൻ ഉത്ഘാടനം ചെയ്തു. ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ ഇയ്യോബ് മാർ പീലക്സീനോസ് അധ്യക്ഷത വഹിച്ചു. മതബഹുലതയും ഡയലോഗും, സ്വാതന്ത്ര്യ സങ്കല്പം, പശ്ചാത്യവും ഭാരതീയവുമായ സെക്കുലറിസം, പരിസ്ഥിതിധർമ്മം മുതലായവയെക്കുറിച്ചുള്ള ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസിന്റെ ദർശനത്തെ ആസ്പദമാക്കി ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഏബ്രഹാം ഫിലിപ്പ് എന്നിവർ പ്രബന്ധങ്ങൾ അവതരപ്പിച്ചു. ഡോ. മാണിജേക്കബ് ശ്രീമതി റെനി ജേക്കബ്, ഫാ. എം.സി. പൗലൂസ്, ഫാ. ഫിലിപ്പ് എം. ശമുവേൽ, ശ്രീ. എ.വി. പൗലൂസ്, ജോർജ്ജ മുത്തൂർ മുതലായവർ നേതൃത്വം നൽകി. വൈദികരടക്കം നാല്പതോളം പ്രതിനിധികൾ സെമിനാറിൽ പങ്കുകൊണ്ടു. ഡൽഹി ഭദ്രാസനത്തിലെ പള്ളികൾ സംയുക്തമായി നടത്തിയ ശ്രാദ്ധപ്പെരുന്നാൾ ജനക്പുരി മാർ ഗ്രീഗോറിയോസ് പള്ളിയിൽ അഭിവന്ദ്യ ഇയ്യോബ് മാർ പീലക്സീനോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നവംബർ 26-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. ഫാ. ഡോ. ജേക്കബ് കുര്യൻ അനുസ്മരണാ പ്രഭാഷണം നടത്തി ഗ്രീഗോറിയോസ് തിരുമേനിയുടെ ലേഖനങ്ങളും പ്രഭാഷണങ്ങളും ചേർത്ത് പ്രസിദ്ധീകരിച്ചിരിക്കുന്ന "റിലിജിയൻ ആൻഡ് ഡയലോഗ്" എന്ന ഗ്രന്ഥത്തിന്റെ ഡൽഹിയിലെ പ്രകാശനവും ശ്രാദ്ധപ്പെരുനാളിനോടനുബന്ധിച്ച് നടന്നു. ഭദ്രാസനാസ്ഥാനമായ തുഗ്ളക്കബാദ് ഓർത്തഡോക്സ് സെന്ററിൽ ശ്രാദ്ധപ്പെരുന്നാൾ നവംബർ 23-ന് അഭിവന്ദ്യ പീലക്സീനോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

കല്ലുങ്കൽ (തിരുവല്ല) ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളി കൂദാശ ചെയ്തു

2000 ഡിസംബർ മാസം 26-27 എന്നീ തീയതികളിൽ പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും അഭിവന്ദ്യരായ തോമസ് മാർ അത്താനാസ്യോസ് (ചെങ്ങന്നൂർ) ഡോ. തോമസ് മാർ അത്താനാസ്യോസ് (കണ്ടനാട്) എന്നീ തിരുമേനിമാരുടെയും സഹകരണത്തിലും കൂദാശനടത്തപ്പെട്ടു. വാകത്താനം വള്ളിക്കാട്ടു ദയറായിൽ നിന്നു ദീപശിഖയും മാതൃ ഇടവകയായിരുന്ന നിരണം വലിയ പള്ളിയിൽ നിന്നു കൊടിയും പരുമല പള്ളിയിൽ നിന്നു പരിശുദ്ധന്റെ ചിത്രവും ആഘോഷമായി പള്ളിയിൽ പള്ളിയിൽ കൊണ്ടു വന്നു. 3 മണിയോടു കൂടി പൊതു സമ്മേളനം പ. കാതോലിക്കാബാവായുടെ ആദ്ധ്യക്ഷതയിൽ നടന്നു. മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ തീമോത്തിയോസ് (മലങ്കര കത്തോലിക്ക) ഡപ്യൂട്ടി സ്പീക്കർ ശ്രീ. സി. എ കുര്യൻ, പ്രഫ. അലക്സാണ്ടർ കാരയ്ക്കൽ തോമസ് മാർ അത്താനാസ്യോസ് എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.

ഇടവക വികാരി റവ. ഫാ. ജേക്കബ് ജോൺസ് ശ്രീ ജോൺ തോമസ് (ട്രസ്റ്റി),

ശ്രീ. തോമസ് തുണ്ടിയിൽ (സെക്രട്ടറി),

ശ്രീ. സി. കെ. ഏബ്രഹാം (കൺവീനർ)

എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് പള്ളിപണിക്ക് നേതൃത്വം കൊടുത്തത്.

അഹമ്മദബാദ് വൈ. എം. സി. എയുടെ നേതൃത്വത്തിൽ എല്ലാ കൊല്ലവും നടത്തിവരാറുള്ള കരോൾ ഗാന മത്സരത്തിൽ തുടർച്ചയായി ആറാം പ്രാവശ്യവും ട്രോഫി കരസ്ഥമാക്കിയ അഹമ്മദ്ബാദ് സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ക്വയർ.

വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശ ക്യാമ്പ്

ഈ വർഷത്തെ മാർഗ്ഗനിർദ്ദേശ ക്യാമ്പ് ഏപ്രിൽ 22 മുതൽ 29 വരെ കോട്ടയത്ത് ഓർത്തഡോക്സ് വൈദിക സെമിനാരിയോടു ചേർന്നുള്ള സോഫിയാ സെന്ററിൽ നടക്കുന്നതാണ്. കുട്ടികളുടെ താമസം, ഭക്ഷണം, നോട്ടുബുക്കു, ഗ്രൂപ്പ്ഫോട്ടോ എന്നിവയ്ക്കൊപ്പം ക്ലാസ്സുകളെടുക്കുന്നവരുടെ യാത്രച്ചിലവുകൾക്കുമായി ശരാശരി 1000 രൂപയെങ്കിലും ചിലവാകുന്നതാണ്. എങ്കിലും ക്യാമ്പിൽ പങ്കെടുക്കുന്നവർ 700 രൂപ വീതം നൽകിയാൽ മതി. സാമ്പത്തിക പ്രയാസമുള്ളവർക്ക് ഇടവകവികാരിയുടെയും സ്ക്കൂൾ അധികാരികളുടെയും ശുപാർശകൾ പരിഗണിച്ച് പരമാവധി സൗജന്യം അനുവദിക്കുന്നതാണ്.

ഈ അദ്ധ്യയന വർഷത്തിലെ ഓണം-ക്രിസ്തുമസ്സ് പരീക്ഷകളിൽ 70% മാർക്ക് നേടിയ ഓർത്തഡോക്സ് സഭാംഗങ്ങളായ ഒമ്പതാം സ്റ്റാൻഡാർഡ് വിദ്യാർത്ഥികൾക്ക് ക്യാമ്പിലെ പ്രവേശനത്തിനായി അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ 2001 മാർച്ച് 25 നു മുമ്പായി പ്രസ്ഥാനം ഓഫീസിൽ എത്തിയ്ക്കണം. തെരഞ്ഞെടുക്കപ്പെടുന്നവരെ യഥാസമയം വിവരം അറിയിക്കുന്നതാണ്.

അപേക്ഷാ ഫോറത്തിനും ബന്ധപ്പെട്ട വിശദാംശങ്ങൾക്കും മറുപടിയ്ക്കുള്ള തപാൽ സ്റ്റാമ്പ് സഹിതം ജനറൽ സെക്രട്ടറി, സ്റ്റുഡന്റ് സെന്റർ, പി.ബി. 610, കോട്ടയം-686001 എന്ന വിലാസത്തിൽ എഴുതുക.

23-ാം പേജിൽ നിന്നു തുടർച്ച.....

പാപകുഷ്ഠത്താൽ നിറഞ്ഞവൻ വായ് മൂടപ്പെട്ടവനാണ്. അവന് ദൈവസ്തുതികൾ പാടാനാവുന്നില്ല. അവൻ പാളയത്തിനു പുറത്ത് അഥവാ ദൈവ സംസർഗ്ഗത്തിൽ നിന്നും, മനുഷ്യസഹവർത്തത്തിൽ നിന്നും അകന്നു ജീവിക്കുന്നു ഇത് അന്നത്തെ കുഷ്ഠരോഗിയുടെ അവസ്ഥ നമ്മുടെ ഇന്നത്തെ സ്ഥിതിയോ? നാം വായ് തുറന്ന് പാളയത്തിനകത്ത് ഞാൻ ശുദ്ധൻ ശുദ്ധൻ നീ അശുദ്ധൻ എന്ന് അട്ടഹസിച്ചു കൊണ്ട് സഭാ ഗാത്രത്തെ മുഴുവൻ അശുദ്ധമാക്കുന്നു. ഈ അവസ്ഥയ്ക്ക് ഈ നോമ്പു കാലത്ത് മാറ്റം വരട്ടെ.

മാർച്ച് 11
നോമ്പിലെ മൂന്നാം ഞായർ
(തളർവാതരോഗിക്കു സൗഖ്യം)
വി. മർക്കോസ് 2: 1-12

യേശു ക്രിസ്തു കഫർന്നഹൂമിലെ ഒരു ഭവനത്തിൽ ഉള്ളതറിഞ്ഞ് തടിച്ചു കൂടിയ ജനക്കൂട്ടത്തിന്റെ തിരക്കിനുകാരണം വീടിന്റെ മേൽക്കൂര ഇളക്കി താഴേക്കിറക്കിയ പക്ഷവാതക്കാരന് യേശു സൗഖ്യം നൽകിയ സംഭവം ആണ് ഇന്നത്തെ ചിന്താവിഷയം. ഈ സംഭവം ശ്രദ്ധിച്ചാൽ ചില സത്യങ്ങൾ കാണാനാവും.

1. മനുഷ്യ രക്ഷയ്ക്ക് മനുഷ്യ കരങ്ങൾ കൊണ്ടു മാത്രം ആകയില്ല.

തളർവാതരോഗിയെ നാലാൾ ചേർന്ന് വഹിക്കുന്നു. എന്നാൽ ഈ നാലാളുകളുടെ കരങ്ങൾക്ക് ഇവനെ രക്ഷിക്കാനോ സൗഖ്യമാക്കുവാനോ കഴികയില്ല. അതിന് കർതൃകരം ആവശ്യമാണ്. മനുഷ്യന്റെ കരങ്ങൾക്ക് പരിമിതികളും ദൈവകരത്തിന് പൂർണ്ണതയും ഉണ്ട്. എന്നാൽ വിശ്വാസത്തിൽ വഹിക്കുവാൻ മദ്ധ്യസ്ഥതയിൽ കൊണ്ടുവരുവാൻ, ഒരുമയോടെ തളർവാതക്കാരനെ ദൈവസന്നിധിയിൽ എത്തിക്കുവാൻ മനുഷ്യകരങ്ങൾക്കാകും.

2) തടിച്ചു കൂടിയ ജനം (ആവശ്യക്കാരെ കടത്തി വിടാത്തവർ)

ജനം തള്ളിക്കൂടിയിരുന്നതിനാൽ അത്യാവശ്യക്കാരന് കടന്നു ചെല്ലാൻ പ്രയാസം. നമ്മുടെ എല്ലാ രംഗങ്ങളിലും ഇങ്ങനെ തള്ളിനിൽക്കുന്നവരെക്കാണാം. അത്യാവശ്യക്കാരെ കടത്തി വിടാത്ത, ആവശ്യക്കാരെ തടസ്സപ്പെടുത്തുന്ന ജനക്കൂട്ടം ഈ തള്ളുകാർക്ക് പലപ്പോഴും യേശുവിങ്കൽ നിന്ന് ഒന്നും കിട്ടുന്നില്ല. അതിനിടയിൽ അത്യാവശ്യക്കാരെ തടസ്സപ്പെടുത്താൻ മാത്രം ഇവർക്കു കഴിയും. പക്ഷെ ജനത്തിരക്കിനിടയിൽ ആവശ്യബോധത്തോടെ കടന്നു ചെന്ന രക്തസ്രാവക്കാരിയും, പക്ഷവാതക്കാരനും സൗഖ്യം പ്രാപിച്ചു. തള്ളിയവർക്ക് ഒന്നും ശക്തി ലഭിച്ചില്ല.

3) ഏതിനേയും വിമർശിക്കുന്നവർ

എഴുന്നേൽക്കാനാവാത്ത നിസ്സഹായന് ലഭിച്ച സൗഖ്യത്തിൽ സന്തോഷിക്കുന്നതിനു പകരം സൗഖ്യദായകനെ വിമർശിക്കുവാൻ അവന്റെ വാക്കുകൾ കോട്ടിമറിക്കുവാൻ, ശ്രമിക്കുന്ന ശാസ്ത്രികളെ അവിടെ കാണാം. ശവം തിന്നുന്ന കഴുകന്മാർ ഉയരത്തിൽ പറന്നാലു അവയുടെ നോട്ടം ചീഞ്ഞളിഞ്ഞ ശവശരീരങ്ങളാണ്. നന്മ കാണാനാവാതെ വിമർശനം മാത്രം കണ്ടെത്തുന്നവർ ശവം തപ്പുന്ന കഴുകന്മാർക്കുതുല്യരാണ്. നല്ല വിമർശനങ്ങൾ ആവശ്യം തന്നെ പക്ഷെ ഉദ്ദേശ ശുദ്ധി ശ്രദ്ധിക്കുക.

4) ഹൃദയവിചാരങ്ങൾ അറിയുന്ന, കാണുന്ന കർത്താവ്

വിമർശകരുടെ ഹൃദയ വിചാരങ്ങൾ യേശു കാണുന്നു: വിശ്വാസിയുടെ ഹൃദയ വിചാരവും, കൊണ്ടു വന്നവരുടെ ഹൃദയവിചാരവും, യേശു കണ്ടു. ശീമോൻ ആണ് സദ്യ ഒരുക്കിയതെങ്കിലും അവിടെ കടന്നു വന്ന പാപിനിയായ സ്ത്രീയുടെ ഹൃദയ വിചാരം കണ്ട് യേശു പ്രവർത്തിച്ചു. ശീമോന്റെയും ഹൃദയവിചാരം യേശു കണ്ടു. വി. കുർബ്ബാന അനുഭവിക്കാൻ വായ് പൊളിച്ച യൂദായുടെയും ഹൃദയവിചാരം യേശു കണ്ടു.

5) ത്യാഗം സഹിച്ച വീട്ടുകാരനും, രോഗിയെ കൊണ്ടു വന്നവരും

വീട്ടുകാരനുണ്ടാവുന്ന അസൗകര്യങ്ങൾ ഓർക്കുക. നാം ആണെങ്കിൽ സമ്മതിക്കുമോ? ഇന്ന് പല വീടുകളിലും ഞായറാഴ്ച പ്രാർത്ഥനായോഗം നടത്താൻ പോലും പ്രയാസം എന്തുകൊണ്ട്? ഒരു മണിക്കൂർ വീട്ടിൽ ഉണ്ടാകാവുന്ന അസൗകര്യം. അപ്പോഴാണ് മേൽക്കൂരയിളക്കാൻ അനുവദിക്കുന്ന വീട്ടുകാരന്റെയും ചുമന്നു കൊണ്ടുവരുന്ന 4 പേരുടെയും ത്യാഗം ശ്രദ്ധിക്കേണ്ടതാണ്. ഇന്നാണെങ്കിൽ മിക്കവാറും ഈ രോഗി ഇവിടെ എത്തുകയില്ല കാരണം നാലു പേർ ഒന്നിക്കില്ല. അഥവാ ഒന്നിച്ചു നീങ്ങിയാലും വഴിയിൽ വെച്ച് പ്രശ്നം ഉണ്ടാക്കി കാലുമാറും, ചുരുക്കത്തിൽ രോഗി വഴിയിൽ. ഇപ്രകാരം നമ്മുടെ അനൈക്യം കാരണം, വിശ്വാസക്കുറവുകാരണം, എത്രയോ പേർ വഴിയിൽ.

സൺഡേസ്കൂൾ വാർത്താ

സണ്ടേസ്ക്കൂൾ സിലബസ് പരിഷ്കരിക്കണം

കഴിഞ്ഞ 10 വർഷമായി നിലവിലുള്ള ഇപ്പോഴത്തെ ഒ.വി.ബീ.എസ്. പാഠ്യപദ്ധതി കാലാനുസൃതമായി പരിഷ്ക്കരിക്കുവാൻ ആഗ്രഹിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഒ.വി.ബി.എസ്. മായി ബന്ധപ്പെട്ട് പ്രവർത്തിച്ച് വരുന്നവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഒരു ചോദ്യാവലിയാണ് താഴെ കൊടുത്തിരിക്കുന്നത്. 2002 ൽ പുതിയ പദ്ധതി നടപ്പാക്കണമെന്ന് ആഗ്രഹിക്കുന്നു. ആയതിനാൽ ഈ ചോദ്യാവലി 2001 ഏപ്രിൽ 30–നുമുമ്പ് കേന്ദ്ര ഓഫീസിൽ കിട്ടേണ്ടിയിരിക്കുന്നു. ആയതിലേക്ക് എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.

ചോദ്യാവലി

1. ഒ.വി.ബി.എസ്. ക്ലാസ്സുകൾ ഇപ്പോഴുള്ള 12 ദിവസം എന്നത് കുറയ്ക്കണമോ?

എങ്കിൽ എത്ര ദിവസമായി കുറയ്ക്കണം?

2. പാഠ്യപദ്ധതിയിൽ നിന്ന് ഒഴിവാക്കേണ്ട റ്റോപിക് ഏവ?

3. പുതുതായി ഉൾപ്പെടുത്തേണ്ട റ്റോപ്പിക് ഏവ?

4. ഇപ്പോഴത്തെ ദൈനംദിന സമയ ക്രമീകരണത്തിൽ മാറ്റം ആവശ്യമാണോ? എങ്കിൽ എങ്ങനെ?

5. സാമൂഹ്യസേവന പ്രവർത്തനങ്ങൾ, സെക്കുലർ വിഷയങ്ങളിലെ പരിശീലനം, തൊഴിൽ–വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശം, വ്യക്തിത്വ വികസനം, ടീനേജ് കൗൺസലിംഗ് ഇവ ഒ.വി.ബീ.എസ്. നോട് ചേർത്ത് നടത്തുന്നതിൽ നിങ്ങളുടെ അഭിപ്രായമെന്ത്?

6. ഗാനപഠനത്തെക്കുറിച്ച് അഭിപ്രായമെന്താണ്?

a) ഗാനങ്ങളുടെ എണ്ണം കുറയ്ക്കണമോ?

b) കൂടുതൽ ലഘൂകരിക്കണമോ?

c) ചെറിയ കുട്ടികൾക്കും മുതിർന്ന കുട്ടികൾക്കും വെവ്വേറെ ഗാനപരിശീലനം നടത്തണമോ?

7. ഇപ്പോൾ നടത്തുന്ന ധ്യാനം കൂടുതൽ പ്രയോജനപ്പെടാനായി ക്ലാസ്സ് തലത്തിൽ അദ്ധ്യാപകർ തന്നെ നയിക്കുന്നതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്?

8. ഒ.വി.ബീ.എസ്. യൂണിറ്റുകളിൽ സംഗീതം, പ്രസംഗം, വാക്യം മുതലായവയ്ക്ക് മത്സരങ്ങൾ നടത്തുന്നതിനെ പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്?

9. അടുത്തുള്ള യൂണിറ്റുകൾ പരസ്പരം അദ്ധ്യാപകരെ എക്ചേഞ്ച് ചെയ്ത് പഠിപ്പിക്കുന്നതിനെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്?

10. ഒ.വി.ബീ.എസ്. നടത്തിപ്പിനെക്കുറിച്ച് സമഗ്രപരിശീലനം നേടിയ ഒരു Resource Person നെ ഓരോ യൂണിറ്റിലും ഭദ്രാസനതലത്തിൽ നിയോഗിക്കുന്നതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?

11. ഇപ്പോഴുള്ള പഠന സാമഗ്രികളിൽ എന്തെങ്കിലും മാറ്റം ആവശ്യമാണോ?

12. മറ്റേതെങ്കിലും ഇനങ്ങളിൽ മാറ്റം ആവശ്യമെങ്കിൽ വിശദമായി എഴുതുക.

പേരും, ഒപ്പും

അഡ്രസ്സ് :

ഇടവക :

വിദ്യാഭ്യാസയോഗ്യത :

തൊഴിൽ :

ഒ.വി.ബീ.എസ്. ഇവയുമായുള്ള ബന്ധം :

സൺഡേസ്ക്കൂൾ പ്രതിഭ, വിജ്ഞാനി, പ്രവീൺ

പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്ക്കൂൾ അസ്സോസിയേഷന്റെ 2000 ലെ സൺഡേസ്ക്കൂൾ പ്രതിഭയായി ജറിൻ ജയിക്കബ് കോശി, പടിഞ്ഞാറെതെരുവ് (കൊല്ലം ഭദ്രാസനം), സൺഡേസ്ക്കൂൾ വിജ്ഞാനിയായി അന്നാ വർഗീസ് ദേവഗിരി കങ്ങഴ (കോട്ടയം ഭദ്രാസനം), സൺഡേസ്ക്കൂൾ പ്രവീൺ ആയി ഏഞ്ചൽ കുറിയാക്കോസ്, കുന്നകുരുടി (അങ്കമാലി ഭദ്രാസനം) ആയി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

ഇവർക്കുള്ള പുരസ്ക്കാരങ്ങൾ അസ്സോസിയേഷൻ വാർഷിക പൊതുയോഗത്തിൽ വച്ച് ആഗസ്റ്റ് മാസം 11–ന് സമ്മാനിക്കുന്നതാണ്.

ഓറിയന്റൽ ഓർത്തഡോക്സ് സഭാധ്യക്ഷന്മാർക്ക് യു.എൻ. പുരസ്ക്കാരങ്ങൾ

കോപ്റ്റിക് സഭാതലവൻ പോപ്പ് ഷെനൂദാ മൂന്നാമന് അക്രമരാഹിത്യവും സഹിഷ്ണുതതയും വളർത്തിയതിനുള്ള രണ്ടായിരമാണ്ടിലെ യുനെസ്കോ അവാർഡ് ലഭിച്ചിരിക്കുന്നു.

എത്യോപ്യൻ സഭാതലവൻ ആബുനാ പൗലോസ് പാത്രിയർക്കീസിന് അഭയാർത്ഥികൾക്കുവേണ്ടിയുള്ള സേവനത്തിന് യു.എൻ. മെഡൽ ലഭിച്ചിരിക്കുന്നു.

രണ്ട് പിതാക്കൻമാർക്കും "മലങ്കരസഭ" യുടെ അനുമോദനങ്ങൾ.

20–ാം ചരമ വാർഷികം

23.02.2001



നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ

Inserted by
Annamma Chacko
P.C. Kuriakose, Annamma Kuriakose
& Vinod Jacob Kuriakose

M.I. Chacko
Pazhayapurackal
Mylamob
Kunnammthanam

ആന്ധ്രായിൽ പണിയുന്ന ദേവാലയത്തെ സഹായിക്കുക

ആന്ധ്രായിൽ സെക്കന്റബാദിൽ നിന്ന് 20 കി. മീറ്റർ അകലെയുള്ള ജീസിമെറ്റല, ബാലനഗർ, സെനത്ത് നഗർ അൽവാൽ ബോവന പള്ളി, വെങ്കൽ റാവുനഗർ എന്നീ പ്രദേശങ്ങളിൽ നമ്മുടെ സഭാംഗങ്ങളായി 70 കുടുംബങ്ങൾ ഉണ്ട്. (2001 ജനുവരി 1 ന് ഈ പ്രദേശങ്ങളിൽ ഉൾപ്പെട്ട ആളുകളെ ചേർത്ത് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സിറിയൻ ചർച്ച് എന്ന പേരിൽ പുതിയ ഇടവകയായി മദ്രാസ് ഭദ്രാസനാധിപൻ ഡോ. യാക്കോബ് മാർ ഐറേനിയോസ് പ്രഖ്യാപിച്ചു. ഈ പ്രദേശങ്ങളിലെ ആളുകളെ ചേർത്തുനിർത്തി പ്രവർത്തിക്കുന്നതിന് ഫാ. ജെയിംസ് കുറ്റിക്കണ്ടത്തെ വികാരിയായി നിയമിച്ചു.) ഇവർക്ക് ഇതുവരെയും ഒരു ആരാധനാലായം സ്വന്തമായിട്ടില്ല. മറ്റ് സഭകൾ നമ്മുടെ ആളുകളെ അവരുടെ സഭകളിലേക്ക് ചേർക്കുന്നതിന് വെമ്പൽ കൊള്ളുന്ന സാഹചര്യത്തിൽ പരിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ ഒരു ചെറിയ ദേവാലയം പണിയുന്നതിന് നമ്മുടെ ആളുകളുടെ താത്പര്യത്താൽ സ്ഥലം ലഭിക്കുകയും പണികൾ ആരംഭിക്കുകയും ചെയ്തു. സാധാരണക്കാരായ ഇവിടുത്ത നമ്മളുടെ ആളുകളുടെ പ്രയത്നം കൊണ്ടു മാത്രം ഈ ദേവാലയം പൂർത്തിയാക്കാൻ സാധിക്കുകയില്ല. ഏകദേശം 15 ലക്ഷം രൂപ ഈ ദേവാലയ പണിക്ക് ആവശ്യമുണ്ട്.

അതിന് സാമ്പത്തിക സഹായം ആവശ്യമാണ്. പ. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ സങ്കടത്തോടെ അരുത് നിർബന്ധത്താലുമരുത് സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. ആയതിനാൽ ഇടവകയായി, വ്യക്തികളായി, കുടുംബങ്ങളായി ചെറുതും വലുതുമായ സാമ്പത്തിക സഹായവും നേർച്ചകളും നൽകി പുതിയ ദേവാലയം പൂർത്തീകരിക്കുവാൻ സഹായിക്കണമെ. സംഭാവനകൾ A/c No. S.B.I. Balanagar 01000020507 St. George Orthodox syrian church hy-37 എന്ന പേരിൽ വികാരിയുടെ പേരിൽ അയച്ചുതരണമെ.

ഫാ. ജെയിംസ് കുറ്റിക്കണ്ടം.

MAILING ADDRESS
Rev. Fr. James Kuttykandam
Plot no. 46, House no.7-4 257
Navjeevan Nagar, Bowenpally P.O.
Secunderabad, Ph:3773725

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2000

THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM-686 038

6-ാം ചരമവാർഷികം

19-02-2001

Rev. Fr. John Mathew

U.S.A

Inserted by:

Mrs. Gracy Mathew & Family

New Jersy, U.S.A.

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.

Rs. 5/-